ശ്രീരാമവർമ്മഗ്രന്ഥാവലി.

രാമായണം

ഇരുപത്തുനാലുവൃത്തം

(ആദ്യത്തെ ആറുവൃത്തം മാത്രം.)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു്
വ്യാഖ്യാനത്തോടും അവതാരികയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

(കോപ്പി 500)

൧൧൦൧-ാമാണ്ടു്.

PRINTED AT
THE MANGALODAYAM POWER PRESS,
TRICHUR.

വില അണ 8.

ശ്രീരാമവർമ്മഗ്രന്ഥാവലി.

രാമായണം

ഇരുപത്തിനാലുവൃത്തം

(ആദ്യത്തെ ആറുവൃത്തം മാത്രം.)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു്
വ്യാഖ്യാനത്തോടും അവതാരികയോടുംകൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

(കോപ്പി 500)

൧൧൦൧-മാണ്ടു്.

PRINTED AT
THE MANGALODAYAM POWER PRESS,
TRICHUR.

വില അണ 8.

അവതാരിക.

രാമായണം ഇരുപത്തുനാലുവൃത്തം പണ്ടെതന്നെ മലയാളത്തിൽ വളരെ പ്രസിദ്ധിയും പ്രചാരവുമുള്ള ഒരു സാഹിത്യഗ്രന്ഥമാണു്. മദിരാശിസൎവ്വകലാശാല വക മട്രിക്കുലേഷൻ മുതലായ പരീക്ഷകൾക്കുള്ള പാഠ്യപുസ്തകങ്ങളിൽ ഇതിലെ പല ഭാഗങ്ങളും പലപ്പോഴും ചേൎത്തു കണ്ടിട്ടുണ്ടു്. മലയാളികളുടെ ഗ്രന്ഥപ്പെട്ടികളിൽ മിക്കതിലും ഇതിന്റെ കയ്യെഴുത്തുപ്രതികൾ കാണാതിരിക്കയില്ല. പല അച്ചുകൂടക്കാരും ഈ ഗ്രന്ഥത്തിന്റെ അനേകം പ്രതികൾ കൊല്ലംതോറും എന്നപോലെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. കയ്യെഴുത്തുകാരുടേയും അച്ചടിക്കാരുടേയും അജ്ഞതകൊണ്ടോ അശ്രദ്ധകൊണ്ടോ ഇവയിൽ പിഴയില്ലാത്ത ഗ്രന്ഥങ്ങളോ പുസ്തകങ്ങളോ അധികം കാണ്മാനിടവന്നിട്ടില്ല. ഇതിനും പുറമെ ഇതു വായിച്ചാൽ സംസ്കൃതപരിചയമില്ലാത്ത സാധാരണ മലയാളികൾക്കു് അൎത്ഥം മനസ്സിലാക്കുവാൻ പ്രസായമുള്ള വിധത്തിലാണു് ഇതിലെ രചനാരീതി. ഇസ്സംഗതികളെല്ലാം ആലോചിച്ചു സാമാന്യം പഴക്കമുള്ള പല താളിയോലഗ്രന്ഥങ്ങളും അച്ചടിപ്പുസ്തകങ്ങളും കൂട്ടിച്ചേൎത്തു പരിശോധിച്ചു് ഒരു വ്യാഖ്യാനത്തോടുകൂടി ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്നുദ്ദേശിച്ചാണു് ഇതിലേക്കു പുറപ്പെ

ട്ടു്. പക്ഷേ മഹത്തുകാഗ്രന്ഥങ്ങളുടെ വൈവശ്യംകൊണ്ടു് ഉദ്ദേശ്യസിദ്ധിക്കു പ്രയാസം കൂടുതലായിത്തോന്നുകയാൽ കഴിഞ്ഞേടത്തോളം ഭാഗം ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയും, ബാക്കി ഇനിയൊരിക്കലാവാമെന്നു തിച്ചപ്പെടുത്തുകയും ചെയ്യേണ്ടിവന്നു.

പണ്ടത്തെക്കാലത്തു ദേശംതോറും എഴുത്തുപള്ളികളുണ്ടാക്കി കുട്ടികളെ പഠിപ്പിച്ചിരുന്നതു നാട്ടെഴുത്തച്ഛൻ(ആശാൻ) മാരാണല്ലോ. അവർ നിലത്തെഴുത്തു്, കണക്കു്, അക്ഷരങ്ങൾ, (ചില ഇഷ്ടദേവതാസ്തോത്രങ്ങൾ) വാക്യം, അടിവാക്യം, ജ്യാവു്; (ജ്യോതിഷത്തിലെ ഗണിതത്തിനാവശ്യമുള്ള ചില ക്രിയാസാധനങ്ങൾ) നാൾപാകം വയ്ക്കുക, ഗ്രഹങ്ങളെ ഗണിക്കുക മുതലായതിനുള്ള വിധികൾ ഇവയെല്ലാം അടിപാഠമായി പഠിപ്പിക്കും. ഇത്രയും കഴിഞ്ഞാൽ സാമാന്യവിദ്യാഭ്യാസം കഴിഞ്ഞു. പിന്നെ പെൺകുട്ടികളെയും ആൺകുട്ടികളെയും വേർതിരിച്ചു പ്രത്യേകം ചില വിഷയങ്ങളെ പഠിപ്പിക്കും. ആൺകുട്ടികളെ ശ്രീകൃഷ്ണചരിതം മുതലായ മണിപ്രവാളകാവ്യങ്ങളും, സംസ്കൃതപാഠത്തിനാവശ്യകങ്ങളായ അമരകോശം, സിദ്ധരൂപം, ബാലപ്രബോധനം, എന്നിവയും ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം മുതലായ ഒന്നോ രണ്ടോ ചെറുകാവ്യങ്ങളും പഠിപ്പിച്ചു സംസ്കൃതഭാഷാപ്രവേശമാർഗ്ഗത്തിലെത്തിക്കും. അതോടുകൂടി പഞ്ചാംഗംവയ്ക്കുക, ഗ്രഹങ്ങളെ ഗണിക്കുക മുതലായ 'കവിടിക്രിയ'കളും ചെയ്യിച്ചു തുടങ്ങും.

എന്നാൽ ഈ സമ്പ്രദായത്തിൽ പെൺകുട്ടികളു

ടെ പാഠക്രമം ഇങ്ങനെയല്ല. മണിപ്രവാളത്തിന്റെ പകലം രാമായണം ഇരുപത്തുനാലുവൃത്തം, ഭാരതം പതിനാലുവൃത്തം ഈ വക ഗ്രന്ഥങ്ങളാണ്. അവ സാധാരണ ശ്ലോകങ്ങളല്ല; കേവലം പാട്ടുകളല്ല; എന്നാൽ കുറെശ്ശെസ്സംഗീതരീതിയിൽ ചൊല്ലുകയും വേണം; അതോടുകൂടിത്തന്നെ സംഗീതവാസനയുള്ള പെൺകുട്ടികളെ താളംപിടിച്ചു ചോടുവെച്ചു കയ്യും മെയ്യും ഉലച്ചു പാട്ടുപാടിയുള്ള കൈകൊട്ടിക്കളിയും പഠിപ്പിക്കും. (ആൺകുട്ടികൾക്ക കയ്യും മെയ്യും തെളിയിപ്പാൻ കുറുപ്പും കളരിയും വേറെതന്നെയുണ്ടായിരിക്കുമല്ലോ.) ഇരുപത്തുനാലുവൃത്തവും പതിന്നാലുവൃത്തവും കൈകൊട്ടിക്കളിക്ക പാടുവാൻ കൊള്ളുകയില്ല; അതും അതിനുപയോഗിക്കാറുമില്ല. എങ്കിലും അല്പം സംഗീതരീതിയിൽ ചൊല്ലേണ്ടവയാകകൊണ്ട് അക്കാലത്തു പെൺകുട്ടികളെ പഠിപ്പിക്കാറുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം അവ കൈകൊട്ടിക്കളിയുടെ ഉപയോഗത്തിനുള്ളവയാണെന്നു ഭാഷാചരിത്രത്തിലും മറ്റും പ്രസ്താവിക്കുവാനിടവന്നത്.

ഇരുപത്തുനാലുവൃത്തം എന്ന പേര കേട്ടാൽ ഇരുപത്തുനാലു പ്രത്യേകവൃത്തങ്ങളിലുള്ള ഒരു കൃതിയാണെന്നു ശ്രോതാക്കൾക്കൊരു ഭ്രമം വന്നേക്കാം. എന്നാൽ വാസ്തവമങ്ങനെയല്ല. ഇരുപത്തുനാലു സൎഗ്ഗങ്ങളുള്ള ഒരു കാവ്യമാണ്. അതുതന്നെ ചില അച്ചടിപ്പുസ്തകങ്ങളിൽ ഇരുപത്തഞ്ചു വൃത്തമാക്കിത്തീൎത്തിട്ടുണ്ട്. അതിന്റെ കാരണം, ഇരുപതും ഇരുപത്തൊന്നും വൃത്തങ്ങളു

ടെ മദ്ധ്യേ പതിനഞ്ചുപദ്യങ്ങൾ വേറെ ഒരു വൃത്തത്തിൽ കാണുന്നതാണു്. അതില്ലെങ്കിലും കഥാഗതിക്കു യാതൊരു വൈഷമ്യവും വരുന്നതല്ല. അതിലെ വിഷയം രാമന്റെ രാജ്യഭാരവൎണ്ണനമാണു്. അതിശയോക്തി, ശ്ലേഷം മുതലായി സ്ഥൂലങ്ങളും കൃത്രിമങ്ങളുമായ ചില വൎണ്ണത്തകിടുകളെക്കൊണ്ടുള്ള അലങ്കാരപ്പണികൾ മാത്രമേ അതിലുള്ളൂ. ഈ കവി, മറെറാരേടത്തും അതി വൎണ്ണനം ചെയ്തു കാണാത്തതുകൊണ്ടു്, ആ ഭാഗം വേറെ ആരെങ്കിലും ഉണ്ടാക്കിച്ചേൎത്തതായിരിക്കുമോ എന്നും ചിലർ ശങ്കിക്കുന്നവരായിട്ടില്ലെന്നില്ല.

ഈ ഗ്രന്ഥത്തിന്റെ സ്വഭാവം ആകപ്പാടെ ആലോചിച്ചാൽ ഇതുഭാഷയിലുള്ള ഒരു മഹാകാവ്യമാണെന്നാണു പറയേണ്ടതു്. സാഹിത്യശാസ്ത്രനിയമം അനുസരിച്ചുള്ള നഗരാൎണ്ണവാദിവൎണ്ണനകളിൽ മിക്കതിനും ഇതിൽ സ്ഥാനം കൊടുത്തിട്ടുണ്ടു്. എന്നാൽ മാഘാദികാവ്യങ്ങളിലെപ്പോലെ അതിദീൎഘങ്ങളായ വൎണ്ണനകൾ ഒരേടത്തുമില്ല; ഉള്ളതു സന്ദൎഭത്തിനു ചേൎന്നതും മിതവുമായിരിക്കും. നായികാദികളുടെ അംഗവൎണ്ണനാപ്രസംഗമേയില്ല. എന്നാൽ പാത്രങ്ങളുടെ സാക്ഷാൽസ്വഭാവം അവരുടെ വാക്കുകളെക്കൊണ്ടും പ്രവൃത്തികളെക്കൊണ്ടും തെളിയിക്കുകയെന്നുള്ള കവിധൎമ്മത്തെ ഒരേടത്തും വിട്ടുകളഞ്ഞിട്ടുമില്ല. നായികാനായകാദികഥാപാത്രങ്ങൾക്കു മാത്രമല്ല, ലോകത്തിലുള്ള സ്ഥാവരജംഗമരൂപങ്ങളായ സകലവസ്തുക്കൾക്കും ഉദ്ഘാടനീയസ്വഭാവങ്ങളെക്കൊണ്ടുണ്ടാകുന്ന സമവിഷമഭാവഭേദങ്ങളേയും, തന്നിമിത്തമുണ്ടാക

ന്നാ വികാരങ്ങളേയും ദൈവസൃഷ്ടി വിലക്ഷണമായ തന്റെ വാങ്മയസൃഷ്ടികൊണ്ടു കവി വായനക്കാൎക്കു സൎവ്വദാ ആഹ്ലാദമയമായ ഒരനുഭവമുണ്ടാക്കിക്കൊടുക്കുന്നതാണു് ഒരു ഉത്തമസാഹിത്യമെന്നും, ഈ വക ഗുണങ്ങളെല്ലാം തികഞ്ഞിട്ടുള്ള ഒരു സാഹിത്യം ആ ആദികാവ്യമല്ലാതെ മറ്റൊന്നുമില്ലെന്നും സൎവ്വസമ്മതമാണല്ലോ. അങ്ങനെയുള്ള ആ രാമായണകഥയുടെ നാനാഭാഗങ്ങളേയും നാതിസംക്ഷേപവിസ്തരമായി ഇതിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇതിന്റെ രസാത്മകതയെപ്പററി അധികം വിവരിക്കേണ്ടതില്ല. ചുരുക്കിപ്പറയുന്നതായാൽ രാമായണത്തിൽ എവിടെയെവിടെ ഏതേതു രസങ്ങൾ ധാരാവാഹികളായി കാണപ്പെടുന്നുണ്ടോ അവിടെയവിടെ അതതു രസങ്ങൾ ഈ കാവ്യം വായിക്കുന്നവൎക്കു മിതമായി ആസ്വദിപ്പാൻ പ്രയാസമില്ല. ഉപമ, ഉൽപ്രേക്ഷ, രൂപകം, അതിശയോക്തി മുതലായ അൎത്ഥാലങ്കാരങ്ങളും, ആദ്യപ്രാസം, അന്ത്യപ്രാസം, അഷ്ടപ്രാസം അനുപ്രാസങ്ങൾ മുതലായ ശബ്ദാലങ്കാരങ്ങളും അശേഷം ദാരിദ്ര്യംകൂടാതെ ഇതിൽ പ്രയോഗിച്ചിട്ടുണ്ടു്. എന്നാൽ ദ്വിതീയാക്ഷരപ്രാസം നിബന്ധിച്ചില്ലെങ്കിൽ കൈരളീവനിതക്കു മംഗല്യഹാനി വന്നുപോകുമെന്നുള്ള ഭയം പണ്ഡിതനായ ഈ കവിയെ ബാധിച്ചിട്ടില്ലെന്നു തോന്നത്തക്കവണ്ണം അത്ര ധാരാളം പദ്യങ്ങൾ ദ്വിതീയാക്ഷരപ്രാസമില്ലാതെ തന്നെ ഇതിൽ കാണുമാറുണ്ടു്

ഇതിലെ മിക്ക വൃത്തങ്ങളിലേയും പദ്യങ്ങൾ മാത്രാപ്രധാനങ്ങളായ ദ്രാവിഡവൃത്തങ്ങളിൽ രചിക്കപ്പെ

ട്ടിട്ടുള്ളവയാണ്. ഇടയ്ക്കു ചിലതു സംസ്കൃതമരന്ദസൂക ളിൽപ്പെട്ടവയായിട്ടുമില്ലെന്നില്ല. എന്നാൽ അവയും ഗാനരീതിയിൽ ചൊല്ലുവാൻ തക്കവയാകകൊണ്ടു ദ്രാവിഡവൃത്തങ്ങളോടിടകലർത്തി പ്രയോഗിക്കുന്നതിൽ ഭംഗിക്കു ഭംഗംവരുത്തുന്നവയല്ല. ഇങ്ങനെയാണെങ്കിലും ഇക്കാവ്യം, 'രാമചരിതം'പോലെ തനിത്തമിഴോ' കണ്ണശ്ശരാമായണംപോലെ തമിഴ്'വിരുത്ത'ങ്ങളിൽ തമിഴും മലയാളവുംകൂട്ടി ഉരുക്കി വാർത്ത മെഴുകലപ്പാത്രമോ അല്ല. ഇതിൽ മദ്ധ്യകേരളത്തിൽ നടപ്പുള്ള മലയാളപദങ്ങളല്ലാതെ തിരെ തെക്കനോ വടക്കനോ ആയ ദേശ്യപദങ്ങൾ അധികം കാണുന്നില്ല. പവ(ക)ഴി; കലചില; അമ്പത്തുമരി; പൂതകൻമണിപ്പുൺർച്ച്; അരച്ചെ; തിരുവാമൊഴിഞ്ഞു; പറവ്വുതും ചൊല്ലു; മതിയുണ്ട്; ഇത്യാദി ചമ്പൂപ്രബന്ധകാരന്മാർ പ്രയോഗിച്ചുകാണുന്ന ഭാഷാപദങ്ങൾ പലേടത്തും കാണുന്നുണ്ട്. എങ്കിലും ഭാഷാസംസ്കൃതശബ്ദങ്ങളെ കൂട്ടിച്ചേർത്തു മണിപ്രവാളമാക്കിയിരിക്കുന്നതിൽ ചെയ്തിട്ടുള്ള വികടഘടനകളെക്കൊണ്ടും, ഗുരുലഘുക്കളുടെ വിന്യാസത്തിൽ കാണിച്ചിട്ടുള്ള അനിയന്ത്രിതമായ സ്വാതന്ത്ര്യപ്രകടനംകൊണ്ടും, ഇതിനുമുമ്പിൽ ഭാഷാകവിസരണിയിൽ സഞ്ചരിച്ചു പരിചയമില്ലായ്കയാൽ അറിയാതെ വന്നുപോയതോ ഉദ്ദണ്ഡാദിപണ്ഡിതന്മാരെപ്പോലെ ഭാഷാകവിതയിലുള്ള അവജ്ഞകൊണ്ടു അറിഞ്ഞുതന്നെ വരുത്തിക്കൂട്ടിയതോ ആയ യതിഭംഗകോലാഹലംകൊണ്ടും, പാദാന്തത്തിൽ മാത്രമല്ല, മദ്ധ്യത്തിൽ പോലും വിച്ഛേദം കൂടാത്ത സമന്യൂ

പദങ്ങളെ നീട്ടിവലിച്ചു പ്രയോഗിച്ചിരിക്കുന്നതിനാലുള്ള അവിശ്രാന്തികൊണ്ടും, സാധാരണക്കാൎക്ക് ഈ കൃതിയിൽ ചില ഭാഗം വായിപ്പാൻ വളരെ ബുദ്ധിമുട്ടുണ്ടായിരിക്കും. ഇതിനുപുറമേ കവിവാക്യങ്ങളുടെ ഇടയിൽ വരുന്ന കഥാപാത്രസംഭാഷണങ്ങളെ വായനക്കാൎക്ക് യാതൊരു മുന്നറിവും കൊടുക്കാതെ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നഘട്ടങ്ങളും അനേകമുണ്ട്. (൩-ാം വൃത്തം നോക്കുക) 'യാത്രാക്കുവാനും' – '[illegible]യച്ചുട്ടു്'. 'കാവ്യപാൽ'. 'അറിഞ്ഞിടരാത്തു്'. 'ചിതം ശൈഥില്യമാകുന്നു'. ഇത്യാദികളായി ഏതാനും ചില വിലക്ഷണപദപ്രയോഗങ്ങളും ഇല്ലെന്നില്ല.

എന്നാൽ ഈ വക ദോഷങ്ങളൊന്നും കൂടാതെ പ്രസന്നപ്രൗഢസരസങ്ങളും, സാഹിത്യസാരള്യയിഷ്ടങ്ങളുമായ ഭാഗങ്ങളാണ് ഈ കാവ്യത്തിൽ ഒട്ടുമുക്കാലും വ്യാപിച്ചിരിക്കുന്നതു്.

ഇനി ഗ്രന്ഥകൎത്താവിനെക്കുറിച്ചു ആലോചിക്കുന്നതായാൽ ഇന്നത്തെ മഹാകവികളുടെയും കാവ്യവിമൎശകന്മാരുടെയും നോട്ടത്തിൽ അദ്ദേഹം ഒരു വാസനക്കാരനായ കവിയാണെന്നു തോന്നുന്നതല്ലെങ്കിൽ അസ്തു. എന്നാൽ പരമഭക്തനും, നല്ല സംസ്കൃതപണ്ഡിതനും, യോഗ്യനായ ഒരു ജ്യോതിഷികനുമാണെന്നുള്ള സംഗതിയിൽ ആൎക്കും വിസംവാദമുണ്ടാവാൻ തരമില്ല. മേൽപ്പുത്തൂർ ഭട്ടതിരിയുടെ 'കുട്ടിഭാഗവത'മായ നാരായണീയസ്തോത്രം പോലെ ഈ ഇരുപത്തുനാലുവൃത്തം ഒരു രാമസ്തോത്രമാണ്. നാരായണീയത്തിൽ ഓരോ

ശതകത്തിൻെറ അവസാനത്തിലും തൽകൎത്താവു തൻെറ ഉപാസനാമൂൎത്തിയായ ഗുരുവായൂരപ്പനോടു് ആരോഗ്യപ്രാൎത്ഥനയാണു ചെയ്യുന്നതു്. നമ്മുടെ കവിയാകട്ടെ അദ്ധ്യാത്മത്തിൻെറ രാമസ്തോത്രത്തിൽ ഓരോ വൃത്താന്തത്തിലും ഐഹികസുഖമല്ല യാതൊന്നുംകൂടാതെ പരമപുരുഷാൎത്ഥമായ കൈവല്യത്തെ പ്രാൎത്ഥിക്കുന്നു. എന്നുമാത്രമല്ല, ഇതിലുള്ള എല്ലാപ്പദ്യങ്ങളും ഭഗവന്നാമകീൎത്തനത്തിൽ കലാശിപ്പിക്കുകയും ചെയ്യുന്നു. അതുംപോരാ, ശ്രീരാമനെ ധീരോദാത്തനായ ഒരു മനുഷ്യനായകൻെറ നിലയിൽ നിൎത്താതെ, ദേവരക്ഷാദീക്ഷിതനായ ഭഗവദവതാരപുരുഷൻെറ നിലയിലാണു കവി കല്പിച്ചിരിക്കുന്നതു്. ഖരൻ, ജടായു, ബാലി, രാവണൻ ഇവരുടെ ചരമകാലത്തെപ്പറ്റി കവി എങ്ങനെ പ്രസ്താവിച്ചിരിക്കുന്നു എന്നു നോക്കുക.

ഈ ഗ്രന്ഥത്തിൽ ഒരൊറ്റ ഭാഷാപദംപോലുമില്ലാത്ത തനിസ്സംസ്കൃതപദ്യങ്ങൾ വളരെയുണ്ടു്. (വൃത്തം ൧. പദ്യം ൭-൮; വൃത്തം ൧൩. പദ്യം ൮൯; വൃത്തം ൧൭. പദ്യം ൧൭; വൃത്തം ൮൩. പദ്യം ൩൩-൩൪; ഇവ നോക്കുക) പേരിനുമാത്രം ഒന്നോ രണ്ടോ ഭാഷാപദങ്ങളും ശേഷമെല്ലാം സംസ്കൃതമയവുമായിട്ടുള്ള പദ്യങ്ങൾക്കും ക്ഷാമമില്ല. അതിനും പുറമേ രഘുവംശം, കുമാരസംഭവം, രാമായണചമ്പു, രാമായണം മുതലായ ഗ്രന്ഥങ്ങളിലെ പല പദ്യങ്ങളും സന്ദൎഭാനുസരിച്ചു ഭാഷാന്തരം ചെയ്തു ചേൎത്തിട്ടുമുണ്ടു്. ഇതുകൊണ്ടു് ഇദ്ദേഹത്തിൻെറ സംസ്കൃതപാണ്ഡിത്യം സ്പഷ്ടമാകുന്നതാണല്ലോ.

രണ്ടാംവൃത്തത്തിൽ ശ്രീരാമന്റെ ജാതകഫലം നിർദ്ദേശിച്ചിരിക്കുന്നതിൽനിന്നു കവിയുടെ ജ്യോതിശ്ശാസ്ത്ര നൈപുണ്യം ഗണ്യമാകുന്നു.

'മാലാറുമാരരിയ രാമായണം കഥയെ
ബാലാളിമാരുമുരചെയ്യിൽ ത്രിലോകപെയ-
മാളുമവർ പാരെനാടേകി ഭജിപ്പതിനു-
മാളാസ്സുതന്നു ഹരിനാരായണായ നമഃ'

എന്നു ഒടുക്കത്തെ വൃത്തത്തിന്റെ ഉപാന്ത്യപദ്യത്തിൽ നിന്ന് ഇദ്ദേഹം ഒരു ഉപാധ്യായന്റെ നിലയിൽ ബാലന്മാരായ തന്റെ ശിഷ്യന്മാരെ പഠിപ്പിപ്പാനായിട്ടാണ് ഈ ഗ്രന്ഥം നിർമ്മിച്ചതെന്നുകൂടി ഊഹിപ്പാൻ വഴിയുണ്ട്. മേലെഴുതിയതിന്റെ അനന്തരപദ്യം,

'മീനാമ, പന്നി, നരസിംഹ, യവാമന, ര-
ഹാരാമ, രാഘവ, സീരായുധായ, നമഃ
കൃഷ്ണായ, കൃഷ്ണതനുജ്ഞായ കല്ക്കിവപു-
ഷേ കാരണായ ഹരി നാരായണായ നമഃ'

എന്നുള്ളതാണ്. ഇതെഴുതിക്കഴിഞ്ഞപ്പോൾ തന്നെ അമനസ്സിനും വാക്കിനും കയ്യിനും, ഒരേധ്യായം കൊടുക്കാതെയായിരിക്കുമോ--

'ഓങ്കാരമായ പൊരുൾ മൂന്നായ്പ്പിരിഞ്ഞുടനെ
ആങ്കാരമായതിനു താൻതന്നെ സാക്ഷിയുള്ള
ബോധം പരത്തുവതിനാളായി നിന്ന പര-
മാചാര്യരൂപ! ഹരിനാരായണായ നമഃ'

എന്നിങ്ങനെ 'ഹരിനാമകീർത്തനം' ആരംഭിച്ചത്? എന്ന ബലവത്തരമായ ഊഹത്തിന് അവയുടെ രീതിസ

ശ്യം നമ്മെ സംശയിക്കുന്നു. എങ്കിലും ഇക്കൃതികൾ രണ്ടും 'രാമായണം', 'ഭാരതം' ഈ കിളിപ്പാട്ടുകളുടെ കർത്താവായ സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളാണെന്നുള്ള ഭാഷാചരിത്രകാരന്റെ അഭിപ്രായത്തോടു യോജിപ്പാൻ എനിക്കു വളരെ വൈമനസ്യമുണ്ട്; പക്ഷേ-'അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ-മൽഗുരുനാഥനനേകാന്തേവാസികളോടും ഉൾക്കരുണാകൽപാഴ്ക' എന്ന് അദ്ധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ പ്രശംസിച്ചിട്ടുള്ള ആ അഗ്രജനായിരിക്കണോ ഇസ്തോത്രഗ്രന്ഥങ്ങൾ രണ്ടിന്റെയും കർത്താവ് എന്നാണ ഞാൻ സംശയിക്കുന്നത്. 'വാരിധിതന്നിൽത്തിരമാലകളെന്നപോലെ' 'ഭാരതീപദാവലി' 'സലക്ഷണം മേന്മേൽ' 'കാല കാലേ' തോന്നുന്ന ആ (എഴുത്തച്ഛന്റെ) 'ശാരികപ്പൈതലിന്റെ' വാണീഗുണം ഇതിൽ കാണുന്നില്ലെന്നാണ് എന്റെ താഴ്മയോടുകൂടിയുള്ള അഭിപ്രായം.

ശുഭം.

കൊച്ചി ഭാഷാപരിഷ്കരണ
കമ്മറ്റി ആപ്പീസ്,
തൃശ്ശിവപേരൂർ.
29-10-1101.

പണ്ഡിതർ
കെ. പരമേശ്വരമേനോൻ.

—ഃഃഃ—

രാമായണം

ഇരുപത്തിനാലുവൃത്തം.

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

---

(൧) വെണ്മതികലാഭരണനംബിക ഗണേശൻ
നിർമ്മലഗുണാ കമല വിഷ്ണുഭഗവാനും,
നാന്മുഖനുമാദികവിമാതു മുതലുള്ളവർ
നന്മകൾ വരുത്തുക നമുക്ക ഹരിരാമ.

വ്യാഖ്യാനം—ഗ്രന്ഥാരംഭത്തിൽ കവി ഇഷ്ടദേവതാനമസ്കാരരൂപമായ മംഗളം ചെയ്യുന്നു. വെണ്മതികലാഭരണൻ=ചന്ദ്രകല ധരിച്ചവൻ (ശിവൻ)—അംബിക=ശ്രീപാർവ്വതി. ഗണേശൻ=ഗണപതി. നിർമ്മലഗുണാ=നല്ല ഗുണങ്ങളുള്ളവൾ. കമല=ലക്ഷ്മീദേവി. നാന്മുഖൻ=ബ്രഹ്മാവ്. ആദികവിമാതു്=സരസ്വതീദേവി. നന്മകൾ=മംഗളങ്ങൾ. ഹരിരാമ. ഇതു ഏകപദമായി സ്തോത്രരൂപേണ പ്രയോഗിച്ചിരിക്കുന്നു. വ്യസ്തപദമാണെങ്കിൽ ഹരേ രാമ. എന്നു പ്രയോഗിക്കേണ്ടതായിരുന്നു. ഇവിടെ ത്രിമൂർത്തികളെ അവരുടെ ശക്തികളോടുകൂടി വന്ദിച്ചിരിക്കുന്നതു്, "ശിവശ്ശക്ത്യായുക്തോയദി ഭവതി ശക്തഃ പ്രഭവിതും" എന്നിത്യാദി സകളോപാസനാസിദ്ധാന്തത്തെ അനുസരിച്ചുള്ളതാകുന്നു. വിഷ്ണുരൂപനായ ശ്രീരാമന്റെ നാമം എല്ലാ ശ്ലോകങ്ങളുടെയും അവസാനത്തിൽ ഒരു പല്ലവരൂപേണ ചേർത്തിരിക്കുന്നതിനാൽ ഇതു കേവലം സ്തോത്രരൂപമായ ഒരു ഗാനകാവ്യമാകുന്നു. ഈ കാവ്യത്തിൽ ഇരുപത്തിനാലു സർഗ്ഗങ്ങളുമായി

നാൽ ഇതിന് 'ഇരുപത്തുനാലുവൃത്തം' എന്നു പേർ കല്പിച്ചിരിക്കുന്നു. സംസ്കൃതത്തിൽ പദ്യങ്ങളുടെ ഛന്ദസ്സിനുള്ള 'വൃത്തം' എന്ന സംജ്ഞയെ പുരസ്കരിച്ചല്ല; ഈ ഒന്നാം വൃത്തത്തിലുള്ള പദ്യങ്ങളുടെ വൃത്തം 'ഇന്ദുവദന'യാകുന്നു. "ഇന്ദുവദനാ ഭജസനം ഗുരുയുഗ്മം" എന്നു ലക്ഷണം. (വൃത്തമഞ്ജരി) ഗ്രന്ഥാരംഭത്തിൽ ആശീർഗ്ഗുണവാചിയായ ഭഗണം പ്രയോഗിച്ചിരിക്കുന്നതിനാൽ അതിനു ചന്ദ്രൻ ദേവതയും 'പ്രഖ്യാതകീർത്തി' ഫലവുമാകുന്നു.

(൨) ഉത്തമപുരാണപൂരുഷന്റെ ചരിതാനാ-
മുത്തമമിതാദിരഘുനായകചരിത്രം.
ഭക്തിയൊടു ചൊല്ലുവതിനിന്നു തുനിയുന്നേൻ
മുക്തിപദമേകുവതിനാളു ഹരിരാമ.

വ്യാ— ഉത്തമ.....പുരുഷൻ=വിഷ്ണു. ചരിതാനാം= (അ. ന. ഷ. ബ) കഥകളിൽ വച്ച്. ഉത്തമം=പ്രധാനം. ആദി...ചരിത്രം= ആദികാവ്യവിഷയമായ ശ്രീരാമന്റെ ചരിത്രം. മുക്തിപദം=മോക്ഷം. ആളു=(അവ്യയം) വേഗത്തിൽ. ഈ പദ്യംകൊണ്ടു പ്രതിജ്ഞയും ഫലശ്രുതിരൂപമായ പ്രരോചനയും ചെയ്തിരിക്കുന്നു. "പ്രരോചനാർത്ഥാ ഫലശ്രുതിഃ" എന്നാണല്ലോ.

(൩) രാക്ഷസകുലാധിപതിരാവണഭുജോഷ്മ-
ത്തീക്കനലിൽ വീണഴലുമത്രിദശപാളീ.
പാൽക്കടലിൽ മേവിന പുരാണപൂരുഷന്റെ
കാൽക്കലടിപെട്ടു ഭുവി വീണു ഹരിരാമ.

വ്യാ— രാക്ഷസ...തീക്കനൽ=രാക്ഷസരാജാവായ രാവണന്റെ കയ്യൂക്കാകുന്ന തീക്കനൽ. ത്രിദശപാളി=ദേവസമൂഹം. പാൽ...പുരുഷൻ=പാൽക്കടലിൽ പള്ളികൊള്ളുന്ന മഹാവിഷ്ണു. അടിപെടുക=ശരണംപ്രാപിക്കുക. ഭുവി=(ഭൂ സ്ത്രീ. സ. ഏ). ഭൂമിയിൽ. വീഴുക=നമസ്കരിക്കുക. രാവണഭുജോഷ്മാവിനെ തീക്കനലിനോടു സാമ്യം കല്പിച്ചിരിക്കുന്നതിനാൽ രൂപകാലങ്കാരം.

(൭) “മാധവ ജയിക്ക മധുസൂദന ജയിച്ചീ-
ടാധിശമനായ ഭവ നീലഘനധാമൻ!
സാധുജനപാലക! നിബോധ ഗിരമസ്മാൻ
പാഹി ജഗദീശ്വര! നമോസ്തു” ഹരിരാമ.

വ്യാ—മാധവ=(അ. പു. സം. ഏ) ഹേ വിഷ്ണുഭഗവാനേ! (നീ) ജയിക്ക. മധുസൂദന=(അ. പു. സം. ഏ) ഹേ മധുസൂദനാ! (നീ) ജയിച്ചീട്ട്. (മധുസൂദനൻ=മധുവെന്ന അസുരനെ കൊന്നവൻ). ആധിശമനായ=(അ. ന. ച. ഏ). സങ്കടം തീർപ്പാനായിക്കൊണ്ട്. ഭവ=(ഭൂ. ലോട്. പ. പ. മ. ഏ). ഭവിച്ചാലും. (നീ എന്ന കർത്താവ്) അങ്ങുന്ന് ഞങ്ങളുടെ സങ്കടം തീർത്തു തരണേ എന്നു സാരം. നീലഘനധാമൻ=(ന. പു. സം. ഏ) ഹേ നീലക്കാർവർണ്ണ! സാധുജനപാലക=(അ. പു. സം. ഏ). സജ്ജനങ്ങളെ രക്ഷിക്കുന്നവനേ! നിബോധ=(ബുധ്. ലോട്. പ. പ. മ. ഏ) (നീ) അറിഞ്ഞാലും. ഗിരം=(ഗിര് ശബ്ദം. സ്ത്രീ. ദ്വി. ഏ) വാക്കിനെ. അസ്മാൻ=(അസ്മച്ഛബ്ദം. ദ്വി. ബ) ഞങ്ങളെ. പാഹി=(പാ. ലോട്. പ. പ. മ. ഏ) രക്ഷിക്കണേ. ജഗദീശ്വര=(അ. പു. സം. ഏ) ഹേ ലോകനാഥ! നമഃ=(അവ്യ) നമസ്കാരം. അസ്തു=(അസ്. ലോട്. പ. പ്ര. ഏ) ഭവിക്കട്ടെ. ഹേ മാധവ! അല്ലയോ മധുസൂദനാ! അങ്ങുന്ന് ജയിച്ചാലും. ജയിച്ചാലും. അല്ലയോ കാർവർണ്ണ! അങ്ങുന്ന് ഞങ്ങളുടെ സങ്കടം തീർത്തു രക്ഷിക്കണേ! അല്ലയോ സാധുജനപാലക! അങ്ങുന്ന് ഞങ്ങളുടെ വാക്ക് കേൾക്കണേ! അങ്ങുന്ന് ഞങ്ങളെ രക്ഷിക്കണേ! ഹേ ജഗദീശ്വര! അങ്ങേക്ക് നമസ്കാരം. എന്നു ഭാഷ,

(൮) ഇത്ഥമമരസ്തുതികൾ കേട്ടു പുരുഷാണാ-
മുത്തമനനന്തഫണിമെത്തമേലിരുന്നു,
“ഹന്ത! മദാഗമനകാരണമമർത്ത്യാഃ!
സാമ്പ്രതമിദം കിമിതി ചൊൽക” ഹരിരാമ.

വ്യാ—ഇത്ഥം=(അവ്യ) ഇങ്ങനെ. പുരുഷാണാം=(അ. പു. ഷ. ബ) പുരുഷന്മാരിൽവെച്ച് ഉത്തമൻ (പുരുഷോത്തമൻ=വിഷ്ണു) ഫണി

ദൈന്യം=ദീനനാകുന്ന ദൈന്യ. ഹന്ത!=(അവ്യ) ആശ്ചര്യദ്യോതകം. ഭവദാഗമനകാരണം=നിങ്ങളുടെ വരവിന്റെ കാരണം. കഥ്യതാം. (അ. പ്ര. സം. ബ) അല്ലയോ ദേവതാപസ! സാമ്പ്രതം=(അവ്യ) ഇപ്പോൾ. ഇദം=(ഇദംശബ്ദം. ന. പ്ര. ഏ) ഇതു്. കിം=(കിംശബ്ദം. ന. പ്ര. ഏ). എന്തു്. (ആകുന്നു). ഇതി=(അവ്യ) എന്നു്. അല്ലയോ ദേവതാപസ! ഇപ്പോൾ നിങ്ങളുടെ ഈ വരവിന്റെ കാരണത്തെത്തന്നെ പറയുക. എന്നു ഭാവം.

(൯) "സാക്ഷി ഭവതാ വിദിതമിങ്ങുകിമിദാനീം.
സൂക്ഷ്മതനവായഖിലജന്തുഷു നിവാസ!
ഈക്ഷണകലാചലനമാത്രയതിൽ വിശ്വം
തീർക്ക തവ വൈഭവമിതെന്തു ഹരിരാമ."

വ്യാ—സാക്ഷി=പ്രത്യക്ഷമായിട്ടുള്ളവും കാണുന്നവൻ. (ആയ) ഭവതാ=(ത. പ്ര. തൃ. ഏ). അങ്ങയാൽ. വിദിതം=അറിയപ്പെട്ടതു്. കിം=എന്തു്. ഇദാനീം=(അവ്യ) ഇപ്പോൾ. സൂക്ഷ്മതനോ=സൂക്ഷ്മമായ രൂപത്തോടുകൂടിയവൻ. അഖിലജന്തുഷു=(ജ. പ്ര. സ. ബ). സകല ജന്തുക്കളിലും. നിവാസ=(അ. പ്ര. സം. ഏ) വസിക്കുന്നവനായുള്ളോവേ! ഈക്ഷണ.....മാത്രയതിൽ=കണ്ണിന്റെ ഒരു ഭാഗം അല്പമൊന്നിളക്കുന്ന സമയത്തിൽ. വിശ്വം=ലോകം. തീർക്ക=സൃഷ്ടിക്കുക. തവ=(യുഷ്മദ്. ഷ. ഏ). അങ്ങയുടെ. വൈഭവം=മഹിമ. ഇതു്=നിങ്ങളുടെ ആഗമനകാരണം അറിയുക എന്നതു്. എന്തു്?=എത്ര ഇഷ്ടം? സർവ്വാന്തര്യാമിയും സർവ്വസാക്ഷിയുമായ അങ്ങേക്കു് അറിയാത്ത ലോകത്തിൽ യാതൊന്നുമില്ല; അങ്ങയുടെ കടാക്ഷലേശംകൊണ്ടാണു ലോകം മുഴുവനും ഉണ്ടാകുന്നതു്. ഇത്രയും മഹിമാതിശയമുള്ള അങ്ങേക്കു ഞങ്ങളുടെ ആഗമനകാരണം അറിവാൻ യാതൊരു പ്രയാസവുമില്ലല്ലോ എന്നു പ്രശ്ന മഹിമാനുവർണ്ണനം. വിഷമാലങ്കാരം. "വിഷമം ചേർച്ചയില്ലാത്തതൊന്നിനൊന്നു ചേർന്നു ചൊല്ലുകിൽ" എന്നു ലക്ഷണം.

(൰) "ശ്രീപതി ഭജന്തി ന ഭജന്തി സുലഭേയം
താപമകന്നൊരുവരേ! കാമവിവശരായേ,

കേവലസുഖായ ന ഹി തന്നവിദിതം കിം
തദ്വദിഹ തേ വയമപീശ ഹരിദാമ.''

വ്യാ—ഇതു് ഒരു മലയാളപദം പോലുമില്ലാത്ത ശുദ്ധസംസ്കൃതപദ്യമാണു്. അതുകൊണ്ടു സംസ്കൃതശ്ലോകങ്ങൾക്കു വ്യാഖ്യാനം ചെയ്യുന്ന രീതിയിൽ വ്യാഖ്യാനിക്കുന്നു. ആപദി. (ഇ. സ്ത്രീ. സ. ഏ). ഭജന്തി. (ക്രി. ലട്. പ. പ. പ്ര. പു. ബ) ന. (അവ്യ). ഭജന്തി. സുഖദേ. അന്തേ. രന്തും (അ. പു. സ. ഏ) ത്വാം. (യുഷ്മത്. ദ്വി. ഏ) അകരണാഃ. (അ. പു. പ്ര. ബ). വരദ! (അ. പു. സം. ഏ). കാമവിവശാഃ. (അ. പു. പ്ര. ബ). യേ. (യച്ഛബ്ദം. പു. പ്ര. ബ). കേവലസുഖായ. (അ. ന. ച. ഏ). ന. ഹി. (അവ്യ). തത്. (തച്ഛബ്ദം. ന. പ്ര. ഏ) ന. വിദിതം (അ. ന. പ്ര. ഏ). കിം. തദ്വത്. ഇഹ. [illegible]ന്തം (അവ്യ). തേ. (തച്ഛബ്ദം പു. പ്ര. ബ). വയം. (അസ്മത്. പ്ര. ബ) അപി. (അവ്യ) ഈശ! (അ. പു. സം. ഏ).

ഹേ വരദ! ഈശ! അകരണാഃ. കാമവിവശാഃ. യേ (ജനാഃ സന്തി); (തേ). ആപദി. ത്വാം. ഭജന്തി; അന്തേ. സുഖദേ (സതി) ന. ഭജന്തി; കേവലസുഖായ. ന. ഹി. ഭജന്തി; തത്. ത്വയാ. ന. വിദിതം. കിം?; തേ. വയം. അപി. ഇഹ. തദ്വത്; എന്ന അന്വയം.

അല്ലയോ വരദനായും ഈശനായും ഉള്ളോവേ! അകരണന്മാരും കാമവിവശന്മാരുമായ യാവ ചില ജനങ്ങൾ ഉണ്ടോ അവർ ആപത്തിൽ അങ്ങയെ ഭജിക്കുന്നു; അന്ത്യം സുഖമായിരിക്കുന്ന സമയത്തിൽ ഭജിക്കുന്നില്ല; കേവലസുഖത്തിനായിക്കൊണ്ടു ഭജിക്കുന്നില്ല; അതു് അങ്ങയാൽ അറിയപ്പെടാത്തതല്ലല്ലോ; ആ വിധത്തിലുള്ള ഞങ്ങളും ഈ വിഷയത്തിൽ അതുപോലെ ആകുന്നു; എന്ന അന്വയാർത്ഥം.

വരദൻ=അഭീഷ്ടദാതാവു്; ഈശൻ=സ്വാമി; അകരണന്മാർ=കരണം (അന്തഃകരണം=ബുദ്ധി) ഇല്ലാത്തവർ; കാമവിവശന്മാർ=ഓരോരോ ആഗ്രഹങ്ങളിൽപ്പെട്ടു് ഉഴലുന്നവർ; ആപത്തു് അനിഷ്ടപ്രാപ്തിരൂപമായ സങ്കടം; അന്ത്യം=അഭീഷ്ടകാര്യം; സുഖം=പ്രിയം

സക്തിയില്ലാതെ സാധിക്കാവുന്നതു്; കേവലസുഖം=പരമസുഖം (മോക്ഷം); അതു്=ബുദ്ധിഹീനന്മാരുടെ ആ സ്വഭാവം; ആ വിധത്തിലുള്ളവർ=ബുദ്ധിഹീനന്മാരും കാമവിവശന്മാരുമായിട്ടുള്ളവർ; ഈ വിഷയം=ആപത്തിൽ ഭജിക്കയും സമ്പത്തിൽ ഭജിക്കാതിരിക്കയും ചെയ്യു എന്ന സംഗതി; അതുപോലെ=ബുദ്ധിഹീനന്മാരെപ്പോലെ. എന്നു പരിഭാഷ.

സർവ്വമഹീശ്വരനായും, സർവ്വശക്തനായ അങ്ങുന്നു ഭക്തന്മാർക്കരികിലും ആപൽപ്രസംഗത്തിനവകാശമില്ലാത്ത കേവലസുഖരൂപമായ മോക്ഷത്തെ ദാനം ചെയ്യുന്നവനായിരിക്കെ, നശ്വരങ്ങളും താല്ക്കാലികസുഖമാത്രപ്രദങ്ങളുമായ ഇന്ദ്രിയാർത്ഥങ്ങളെ സിദ്ധിക്കായിക്കൊണ്ടു് അങ്ങയെ ഭജിക്കുന്നവർ എത്ര ബുദ്ധിഹീനന്മാരാകുന്നു? ഈ ഞങ്ങളും ആ കൂട്ടത്തിൽ ചേർന്നവർ തന്നെ; എന്നു താൽപര്യം. ഇതിൽനിന്നു ശരണ്യനായ ഭഗവാന്റെ മഹിമാതിശയവും, ശരണാഗതരായ ഞങ്ങളുടെ ലാഘവാതിരേകവും വ്യക്തമാകുന്നതിനു പുറമെ, ആപന്നിവൃത്തിയാണു് ഞങ്ങളുടെ ആഗമനപ്രയോജനം എന്നുള്ള നിവേദ്യവിഷയപ്രസ്താവനയും സിദ്ധിക്കുന്നു.

(ഖ) "കേൾക്ക മമ വാക്യമരിസൂദന! തവാഗമ-
വാർത്ത പറയുന്നു ദശകന്ധരദുരാത്മനാ,
രാക്ഷസനടക്കി ഭുവനത്രയമശേഷം
രൂക്ഷത ഭയങ്കരമവന്നു ഹരിരാമ."

വ്യാ—മമ=(അസ്മത്. ഷ. ഏ) എന്റെ. വാക്യം=വാക്കു. അരിസൂദനൻ=ശത്രുക്കളെ നിഗ്രഹിക്കുന്നവൻ. തവ (യുഷ്മത്. ഷ. ഏ)=നിന്റെ. ആഗമവാർത്ത=കല്പനാവിഷയമായിട്ടുള്ള സംഗതി. (ആഗമനകാരണം). ദശകന്ധരദുരാത്മാവു്=രാവണനെന്ന ദുഷ്ടനായ രാക്ഷസൻ. ഭുവനത്രയം=മൂന്നു ലോകവും. രൂക്ഷത=ക്രൂരത.

ഇനി താഴെ പറയുന്ന ശ്ലോകങ്ങളെക്കൊണ്ടു രാവണന്റെ ദുഷ്കർമ്മങ്ങളെ ഓരോന്നായി വിവരിക്കുന്നു:—

(ഗ) "ശങ്കരനവന്നു വരമേകിയതു മൂലം
ശങ്ക ഭഗവാനെയുമതില്ലവനു നൂനം

തൻകരതലൈരചലസഞ്ചലനഹേതോ-
സ്സങ്കടമവന്നധികമേകി ഹരിരാമ."

വ്യാ—ശങ്കരൻ=ശിവൻ. (മംഗളത്തെ ചെയ്യുന്നവൻ എന്നു അവയവാർത്ഥം) വരം=അനുഗ്രഹം. ശങ്ക=സംശയം. (ഭയം എന്നു സാരം) കരതലൈഃ=(അ. ന. ള. ബ). കൈകളെക്കൊണ്ടു. രാവണനു ഇരുപതു കൈകൾ ഉള്ളതിനാലാണ് ബഹു വചനം പ്രയോഗിച്ചതു്. അചല...ഹേതോഃ=(ഉ, പു. പ. ഏ). കൈലാസപർവ്വതം ഇളക്കിയതു ഹേതുവായിട്ട്. സങ്കടം=ഉപദ്രവം.

രാവണൻ മൂന്നു ലോകവും തനിക്കധീനമാക്കണമെന്നുദ്ദേശിച്ചു ശിവനെത്തപസ്സുചെയ്തു. ശിവൻ പ്രത്യക്ഷമായി വരംകൊടുത്തില്ല; അതിനാൽ തന്റെ തല ഓരോന്നായി അറുത്തു ശിവപ്രസാദത്തിനായി ഹോമിച്ചു. എന്നിട്ടും കാര്യസിദ്ധി വരാത്തതിനാൽ ഒടുവിൽ പത്താമത്തെ തലയും അറുത്തു ഹോമിക്കാനായി കഴുത്തിൽ വാളുവച്ചപ്പോൾ ശിവൻ പ്രത്യക്ഷനായി അവൻ പ്രാർത്ഥിച്ച വരങ്ങളെല്ലാം കൊടുത്തു എന്ന കഥ ഇതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ കഥ രാമായണത്തിൽ കാണുന്നില്ല. അതിൽ ബ്രഹ്മാവിനെ തപസ്സു ചെയ്തപ്പോളാണ് തല വെട്ടി ഹോമിച്ചതു് എന്നാണു പറയുന്നതു്. എന്നാൽ—

"ജേതാരം ലോകപാലാനാം
സ്വമുഖൈരർച്ചിതേശ്വരം,
രാമസ്തുലിതകൈലാസം
അരാതിം ബഹ്വമന്യത." എന്നു രഘുവംശത്തിലും,

"പ്രഭുർബ്ബുഭൂഷുർഭുവനത്രയസ്യ യഃ
ശിരോതിരാഗാദ്ദശമം ചികർത്തിഷുഃ.
അതർക്കയദ്വിഘ്നമിവേഷ്ടസാഹസഃ
പ്രസാദമിച്ഛാസദൃശം പിനാകിനഃ." എന്നും,

"സമുൽക്ഷിപൻ യഃ പൃഥിവീഭൃതാം വരം
വരപ്രദാനസ്യ ചകാര ശൂലിനഃ
ത്രസത്തുഷാരാദ്രി സുതാസസംഭ്രമ-
സ്വയം ഗ്രഹാശ്ലേഷ സുഖേന നിഷ്ക്രയം." എന്നു മാഘത്തിലും,

"സന്തുഷ്ടേതിസൃണാം പുരാമപിരിപൌ
കണ്ഡൂലദോർമ്മണ്ഡല-
ക്രീഡാകൃത്തപുനഃ പ്രരൂഢശിരസോ
വീരസ്യ ലിപ്സോർവ്വരാൻ,
യാച്ഞാദൈന്യപരാഞ്ചിയസ്യ കലഹാ-
യന്തേ മിഥസ്ത്വം വൃണു
ത്വം വൃണ്വിത്യഭിതോ മുഖാനി സദശ-
ഗ്രീവഃ കഥം കഥ്യതേ."

എന്നു മഹാനാടകത്തിലും ഉള്ള ശ്ലോകങ്ങളിൽനിന്നു രാവണൻ ശിവനെ തപസ്സുചെയ്തു വരം വാങ്ങീട്ടുണ്ടെന്നും, അതു കൈലാസോദ്ധരണത്തിനു മുമ്പിലായിരുന്നു എന്നും സിദ്ധിക്കുന്നു.

പ്രകൃതശ്ലോകംകൊണ്ടു രാവണൻ വരബലത്താൽ ഗർവ്വിതനും, സ്വഭാവാൽ സംഹാരതൽപരനായ ശിവനെയും ഉപദ്രവിക്കാൻ മടിയില്ലാത്തവനും, ഉപകാരികളെത്തന്നെ ഉപദ്രവിക്കുന്ന ദുഷ്ടനും ആണെന്നു സിദ്ധമായിരിക്കുന്നു.

(൧൦) "വിക്രമനിധേ! ശൃണു പരാക്രമമവന്റെ
ധിക്കൃതമഹേന്ദ്രനവനെത്തിയ ദശായാം
വക്ഷസി പിടിച്ചു വരവച്ചു മുഹുരച്ചോ
ദിക്കരികൾകൊമ്പുകളൊടിച്ചു ഹരിരാമ."

വ്യാ—വിക്രമനിധേ!=(സം. പു. സം. ഏ) ഹേ ശൌര്യനിധി യായുള്ളോവേ! ശൃണു=(ക്രി. ലോട്ട്. പ. മ. ഏ) കേട്ടാലും. ധിക്കൃത കമലാസന=ബ്രഹ്മാവിനെ നിസ്സാരനാക്കിയവൻ. ഭരതായ=(ത. സ്ത്രീ. സ. ഏ). സമയത്തിൽ. വചസി=(സ. ന. സ. ഏ) മൊഴിയിങ്കൽ. വരവല്ലഭ=വരവല്ലഭേ. (ആദ്യപ്രയോഗത്തോടെന്ന സാരം) ദുർഗ്ഗേ (അവ്യ). പല പ്രാവശ്യവും. ആമ്രേഡിതമെന്നും. (ദ്വ്യാതകനിപാതം) ഇത്താം പ്രയോഗങ്ങൾ മാഘാഗ്രന്ഥത്തിലും മറ്റും സുലഭം. കിങ്കരികൾ കൊറ്റകൾ=ദിഗ്ഗജങ്ങളുടെ കൊറ്റകൾ. "ഐരാവതഃ പുണ്ഡരീകോ വാമനഃ കുമുദോഞ്ജനഃ. പുഷ്പദന്തഃ സാർവ്വഭൗമഃ സുപ്രതീകശ്ച ദിഗ്ഗജാഃ" എന്നഭിധാനം.

(൧൧) "മൽപദമടക്കിയവനച്യുത! ഭവാനാൽ
ഉത്തമപിവൃത്തി ബത കല്പിതമവന്നായ്
വെട്ടുണ്ണമവന്നശനമഗ്നി, കരിയാതേ
കത്തണമധോഭുവി തെളിഞ്ഞു, ഹരിരാമ."

വ്യാ—മൽപദം=എന്റെ സ്ഥാനം (സ്വർഗ്ഗം). (൧൯-ാം ശ്ലോകം കൊണ്ടു മുമ്പ് ഇന്ദ്രാദിദേവന്മാർ മാവേലിയോടായി പറയുന്നതാണെന്നു സിദ്ധിക്കുന്നതിനാൽ ഇവിടെ 'ഞാൻ' എന്നതിന് 'ഇന്ദ്രൻ' എന്നർത്ഥം വിചാരിക്കണം) അച്യുത=(അ. പു. സം. ഏ). അല്ലയോ വിഷ്ണുഭഗവാനേ! (നാശമില്ലാത്തവൻ എന്ന അവയവാർത്ഥം) ഭ അടക്കി=നശിപ്പിച്ചു. താപി=(അവ്യ) എങ്കിലും. അടങ്ങി നില്ക്കുന്ന പാതാളികൾക്ക് നാശമുണ്ടാവാൻ തരമില്ലെങ്കിലും ഇപ്പോൾ അതു ഒന്നായിത്തീർന്നു എന്ന് 'താപി' ശബ്ദാർത്ഥം. വൃത്തി=തൊഴിൽ. ബത=(അവ്യ) കഷ്ടം!. കല്പിതം=നിശ്ചയിക്കപ്പെട്ടു. ദിക്പാലന്മാരായ ഞങ്ങൾക്ക് അങ്ങുന്നു കല്പിച്ചിരിക്കുന്ന പ്രവൃത്തികളെല്ലാം മാറി, അവനുവേണ്ടി ഹീനമായ തൊഴിൽ ചെയ്യേണമെന്ന് അവൻ കല്പിച്ചിരിക്കുന്നു എന്ന സാരം. ആ കല്പനകളെ പറയുന്നു:—അശനം=ഭക്ഷണം. അധോഭുവി=(ഭൂ. സ്ത്രീ. സ. ഏ) ചുവട്ടിൽ. (ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങളുടെ ചുവട്ടിൽ). കരിയാതെ. എന്നതിനു തീ ഏറ്റീട്ടു കരിയരുത് എന്നും, തീ കപാരത്തിട്ടു വേവുമ്പോ

രാമനെ വരുത്തു് എന്നും ഉപലക്ഷണം. ഇതാണ് അഗ്നിയുടെ തൊഴിൽ.

“ഇന്ദ്രോവഹ്നി: പിതൃപതി:” എന്ന ക്രമത്തിൽ ഇനിയും പറയുന്നു.

(൧൨) “കൊല്ലുവതിനൊക്കെയമൻ, നഖവ മുറിപ്പാൻ
വല്ലഭമെഴും നിരൃതി, പാശി കുളിക്കാനും
മുല്ലമലരാദികളുരപ്പതിനു മെല്ലെ
നല്ല പവമാനനെ വഴങ്ങി ഹരിരാമ.”

വ്യാ—കൊല്ലുവതിനൊക്കെയമൻ=ശാസനത്തിനുവേണ്ടി വല്ല ജന്തുക്കളെയും കൊല്ലേണമെങ്കിൽ അതെല്ലാം അന്തകനായ യമൻ വേണം. വല്ലഭം=സാമർത്ഥ്യം. നിരൃതി രാക്ഷസനാകയാൽ ഛേദഭേദാദി ക്രൂരകർമ്മങ്ങൾ ചെയ്വാൻ സാമർത്ഥ്യമുണ്ടായിരിക്കുമല്ലോ. പാശി=വരുണൻ. അദ്ദേഹം ജലാധിദേവതയാകകൊണ്ടു നല്ല വെള്ളം യഥേഷ്ടം സ്വാധീനമായിരിക്കുമല്ലോ. അതിനാൽ കുളിക്കൽ അദ്ദേഹത്തിനു യോഗ്യം തന്നെ. പവമാനൻ=വായു. വായു ഗന്ധവാഹനാകകൊണ്ടു പുഷ്പങ്ങളുടെ സുഗന്ധാദിഗുണങ്ങളെ അറിവാൻ സാമർത്ഥ്യമുണ്ടായിരിക്കുമല്ലോ. വഴങ്ങുക=കല്പിക്ക.

(൧൩) “എട്ടുദിശി ദീപമവനഷ്ടമണിനാഗം
കഷ്ടമിതു കേട്ടു പണിപെട്ടു ഫണിരാജൻ,
പൂട്ടറ തുറപ്പതിനു വൈശ്രവണനാക്കി
ചട്ടമിതു ദുഷ്ടനിശിചാരി ഹരിരാമ.”

വ്യാ—ദിശി=(ശ. സ്ത്രീ. സ. ഏ) ദിക്കിൽ. നാലു ദിക്കുകളും നാലു കോണുകളും കൂടി എട്ടു ദിക്കുകൾ. ദീപം=വിളക്ക്. അഷ്ടമണിനാഗം=ഫണങ്ങളിൽ രത്നമുള്ള എട്ടു സർപ്പങ്ങൾ. ഇതു കേട്ട്=ഇങ്ങനെ വിളക്കുകളുടെ സ്ഥാനത്തു സർപ്പങ്ങളെ കല്പിച്ചിരിക്കുന്നു എന്നു കേട്ട്. പണിപെട്ടു=സങ്കടപ്പെട്ടു. ഫണിരാജൻ=അനന്തൻ. (അല്ല

ങ്കിൽ വാസുകി). പുത്രമണ്ഡോദരി. വൈശ്രവണം=(അ. പു. ദ്വി. ഏ). വൈശ്രവണനെ. വൈശ്രവണൻ ധനേശനാകകൊണ്ടു പണംവെച്ചു പൂട്ടുകയും ഇരന്നെടുത്തു കൊണ്ടുവരികയും ചെയ്വാൻ സാമർത്ഥ്യമുണ്ടായിരിക്കുമല്ലോ. ചട്ടമിട്ടു ദുഷ്ടനിശിചാരി=ഇതു ദുഷ്ടനായ രാക്ഷസന്റെ ചട്ടമാകുന്നു. ഇവിടെ 'നിശിചാരി' എന്നതിൽ ഷഷ്ഠീപ്രത്യയം ലോപിച്ചിരിക്കുന്നു.

അഷ്ടനാഗങ്ങളെപ്പറ്റി വരാഹപുരാണം നാഗോൽപത്തിയിൽ താഴെ കാണുംപ്രകാരം പറയുന്നു:—

"സൃജതാ ബ്രഹ്മണാ സൃഷ്ടിം മരീചിസ്സൃഷ്ടികാരണം, പ്രഥമം മനസാ ധ്യാതസ്തസ്യ പുത്രസ്തു കശ്യപഃ. തസ്യ ദാക്ഷായണീ ഭാര്യാ കദ്രൂർനാമ ശുചിസ്മിതാ, മാരീചാജ്ജനയാമാസ തസ്യാം പുത്രാൻ മഹാബലാൻ അനന്തം വാസുകിം ചൈവ കംബളം ച മഹാബലം കാർക്കോടകം ച രാജേന്ദ്ര! പത്മം ചാന്യം സരീസൃപം മഹാപത്മം തഥാ ശംഖം ഗുളികം ചാപരാജിതം ഏതേ കശ്യപദായാദാഃ പ്രധാനാഃ പരികീർത്തിതാഃ ഏതേഷാം തു പ്രസൂത്യാ തു ഇദമാപൂരിതം ജഗത്."

(മര്) "സ്വംഗദശതഗുംഭിതമഹാമണിപുരാഗ്രേ
കംഠമുഖരാക്ഷസഭടതതിവശവർത്തി,
സ്വംഗമയനായ്‌വസതി സമ്പ്രതി ദുരാത്മാ
ജംഭരിപുരനാഗതി, ഹന്ത ഹരിരാമ."

വ്യാ—സ്വംഗ......പുരാഗ്രേ=(അ. ന. സ. ഏ) അനേകം മണികളെക്കൊണ്ടു ശോഭിച്ചു ഏറ്റവും വിശാലവും വിചിത്രവുമായ മാളികയുടെ മുകളിൽ. കംഠ......വശവർത്തി=(ന. പു. പ്ര. ഏ). കണ്ഠൻ മുതലായ രാക്ഷസന്മാരുടെ ഉപദേശങ്ങൾക്കു വശനായിട്ട്. സ്വംഗമയനായി=ഇന്നാപോലെ യാതൊരു കുലുക്കവുമില്ലാതെ. വസതി=(ക്രി. ലട്. പ. പ്ര. ഏ) വസിക്കുന്നു. സമ്പ്രതി=(അവ്യ) ഇപ്പോൾ. ദുരാത്മാ=ദുഷ്ടൻ. ജംഭരിപു=ദേവേന്ദ്രൻ. അഗതി=ശരണമില്ലാത്തവൻ. ദുഷ്ടനായ രാവണൻ മന്ത്രികളുടെ ഉപദേശവും കേട്ടുകൊണ്ടു വലിയ എഴുനിലമാളികയിൽ യാതൊരു കുലുക്കവും കൂസലുമില്ലാ

ന്റെ പ്രതാപലഗ്നകശപരനായി വാഴുന്നു. ത്രൈലോക്യനാഥനായ ഇന്ദ്രനാകട്ടെ യാതൊരു സ്ഥാനമാനങ്ങളുമില്ലാതെ അശരണനായിട്ടുഴലുന്നു. ഹന്ത! കഷ്ടം. എന്നു താല്പര്യം.

(൰൮) "വാസ്തവമിതീശ! യമനേറി നടകൊള്ളും
പോത്തിനെ പിടിച്ചു പിണ്ണി ചാട്ടകളിഴപ്പാൻ,
ധൂർത്തമതി വന്മരമിഴപ്പതിനു ചേർത്തു
പേർത്തുമയിരാവതഗജത്തെ ഹരിരാമ."

വ്യാ—വാസ്തവം=സത്യം. ഈശ=(അ. പു. സം. ഏ). ഹേ ഈശ്വര! ഞാൻ ഈ പറയുന്നതു സത്യമാണ്. യമൻ=അന്തകൻ. പിണ്ണി=ബാധ. ('പിണ്ണിയാൾ' മുതലായ പ്രയോഗങ്ങൾ നോക്കുക.) ചാട്ടകൾ=വണ്ടികൾ. ഇഴക്കുന്നതിന്നായ്. ധൂർത്തമതി=ദുർബുദ്ധി. വന്മരം=വലിയ മരം. അയിരാവതഗജം=ഐരാവതം എന്ന ഇന്ദ്രവാഹനമായ ആന. (ദ്രാവിഡരൂപം). ഇന്ദ്രാദികളുടെ വാഹനങ്ങൾക്കും അതാതിന് അനുരൂപമായ പണി രാവണൻ കല്പിച്ചു.

(൰൯) "കാമവശനായവനുറക്കറയിൽ വീണാൽ
മാമകവിലാസിനികൾ കാലുഴികവേണം,
മേനക നനപ്പതിനടിപ്പതിനു രംഭാ
ഉർവ്വശിതിലോത്തമ തളിക്ക, ഹരിരാമ."

വ്യാ—കാമവശൻ=കാമക്രീഡാതൽപരൻ. 'സ്വാപവശൻ' എന്നും പാഠാന്തരമുണ്ട്. 'ഉറക്കത്തിന്നധീനൻ' എന്നർത്ഥം. ഉറക്കറ=ഉറങ്ങുവാനുള്ള മുറി. (പള്ളിയറ) മാമകവിലാസിനികൾ=എന്റെ സുന്ദരിമാർ (ദേവസ്ത്രീകൾ) ശേഷം സ്പഷ്ടം.

(൰൬) "സൂരികളെ രാപ്പകൽ നടന്നു കരയിക്കും
ശൌര്യനിധി രാവണനുടെ ഉലൂഖലത്താൽ,

സൂര്യനുമുദിച്ചു ദിശി നേരെ നടകൊൾവാൻ
പാരമിയലുന്ന പണി, നാഥ ഹരിരാമ."

വ്യാ—സൂരികൾ=സജ്ജനങ്ങൾ. ശൌര്യനിധി=പരാക്രമമുള്ളവൻ ഉജ്ജ്വലംചെയ്യുന്നു. ദിശി=(ശ. സ്ത്രീ. സ. ഏ.) ദിക്കിൽ. ഇയലുക=ഉണ്ടാവുക. സർവ്വചരാചരങ്ങൾക്കും അത്യാവശ്യമായ സൂര്യന്റെ പ്രകാശംപോലും, രാവണന്റെ ഹിതമനുസരിച്ചല്ലാതെ പ്രവർത്തിപ്പാൻ പാടില്ലെന്നായിരിക്കുന്നു എന്നു സാരം.

ലങ്ക ഭൂമധ്യപ്രദേശത്താണ്. അതിനാൽ സൂര്യസഞ്ചാരം നേരെ കിഴക്കു പടിഞ്ഞാറായാൽ, സൂര്യൻ ദിവസേന ലങ്കാദിഗ്രമനായി [illegible] [illegible] തന്റെ [illegible] [illegible] അതിനാൽ [illegible] സൂര്യനും [illegible] കിഴക്കുപടിഞ്ഞാറു സഞ്ചരിക്കാതെ, [illegible] [illegible] [illegible] [illegible] സാധിക്കുന്നുള്ളു. ഇവിടെ സൂര്യന്റെ [illegible] [illegible] [illegible] നിന്നുള്ള ഭയമാണോ എന്നു തോന്നും. [illegible] [illegible] ഉൽപ്രേക്ഷാലങ്കാരം.

(പ്ര) "മേദിനിയിൽ മേവിന മഹീസുരവരാണാം
വേദനകളെന്തു പുനരിന്നു പറവൂ നാം,
വേദികളിൽ നീളെ നിറഞ്ഞവർ മുടങ്ങീ
യാഗയജനാദികളുമൊക്കെ, ഹരിരാമ."

വ്യാ—മേദിനി=ഭൂമി. മഹീ...വരാണാം=(അ. പു. ഷ. ബ.) ബ്രാഹ്മണശ്രേഷ്ഠന്മാരുടെ. വേദന[illegible]=ദുഃഖങ്ങൾ. പുനഃ—(അവ്യ.) പിന്നെ. ബ്രാഹ്മണരുടെ സ്ഥിതി ഇങ്ങനെയിരിക്കയാൽ—എന്നു സാരം. വേദികൾ=യാഗശാലയിൽ ഹോമത്തിനുള്ള സ്ഥാനങ്ങ

ളെ കൊണ്ടുവരുന്ന പരിശുദ്ധസ്ഥലം. നിഖിലം=എല്ലാവും. നിതാന്തം= നിരന്തരം. ഉൽകാഷ്ഠ=ശ്രീകാരികയാഴിക്കുക, യാഗയജനാദികൾ=യാഗം, ധർമ്മം മുതലായ കർമ്മങ്ങൾ.

ഭൂമിയിൽ യാഗാദികർമ്മങ്ങൾ മുടക്കണമെന്നുകൊണ്ടു സ്വർഗ്ഗവാസികളായ ദേവകൾക്കുള്ള സങ്കടത്തെ താഴത്തെ ശ്ലോകംകൊണ്ടു പറയുന്നു:—

(൧൯) നഷ്ടയജ്ഞനംഗലതിവിശന്നൊരിയക്കുന്നും
നഷ്ടവയമൊട്ടുബത! നഷ്ടിപിടിപെട്ടു,
ദുഷ്ടരജനീചരരവാഗ്നിഘനധാരാ
ദൃഷ്ടിമുന നൽകുക നമുക്കു ഹരിരാമ."

വ്യാ—നഷ്ടയജ്ഞന്മാർ=(അ. ത. പ. ഏ) യാഗങ്ങൾ ഇല്ലാതായതിനാൽ. അതി=(അവ്യ) അധികം. നട്ട്=കഴിച്ചിരുന്നപോലെ അകത്തൊഴിതാണ്. വയം=(അസ്മദ്. പ്ര. ബ.) ഞങ്ങൾ. ബത!=(അവ്യ) കഷ്ടം. നഷ്ടി=നാശം. ദുഷ്ട......ധാരാ=ദുഷ്ടരായ രാക്ഷസന്മാരാകുന്ന കാട്ടുതീയിനു പെരുമഴയായിട്ടുള്ള (രൂപകാലങ്കാരം.) ദൃഷ്ടിമുന= കടാക്ഷം. വൈരിയായ അങ്ങയുടെ കടാക്ഷംകൊണ്ടു മാത്രമേ രാക്ഷസന്മാരെ നശിപ്പിക്കാൻ സാധിക്കയുള്ളൂവെന്നു സാരം. മേൽ എട്ടാം പദ്യം മുതൽ ഇതുവരെയുള്ള മിക്ക പദ്യങ്ങളും, ബാലകാണ്ഡം ഒന്നാം സർഗ്ഗം 32 മുതൽ 48—വരെ ശ്ലോകങ്ങളുടെ ഒരു സാമാന്യ തർജ്ജമയാണെന്നു വിചാരിക്കണം.

(൨൦) ദേവകളിതേവമുരചെയ്തളവു ദേവൻ
ദേവകളോടേവമരുൾ ചെയ്തു ജഗദീശൻ,
"ദേവതകളേ! മതി, വിഷാദം, മിഥ്യയ്യയം
വാനരകുലേ ഭുവി പിറക്ക ഹരിരാമ.

വ്യാ—ഏവം=(അവ്യ) ഇങ്ങനെ. ദേവൻ=വിഷ്ണുഭഗവാൻ. ജഗദീശൻ=ലോകനാഥൻ. ദേവതകൾ=ദേവന്മാർ, (ദേവൻ—ദേവ

ന്താ—ദൈവതം, ദേവപര്യായങ്ങളായ ഈ മൂന്നു ശബ്ദങ്ങൾക്കും ലിംഗഭേദം മാത്രമേയുള്ളൂ. അർത്ഥഭേദമില്ല.) വിഷയേ=[illegible]. ഇഹ=(അവ്യ) ഈ വിഷയത്തിൽ. സ്വയം=(സ്വശബ്ദത്. പ്ര. ബ). നിജം. വാനരകുലേ=(അ. ന. സ. ഏ) വാനരന്മാരുടെ വംശത്തിൽ. ഭുവി=(ഊ. സ്ത്രീ. സ. ഏ.) ഭൂമിയിൽ.

(൨൧) ആശരകുലാധമവധായ ശൃണു വേധഃ!
ദാശരഥിയായുലകിൽ ഞാനിഹ പിറപ്പേൻ,
നാശമകലും, പുനരിതേവമരുൾചെയ്ത-
ങ്ങാശു ഭഗവാനഥ മറഞ്ഞു ഹരിരാമ.

വ്യാ—ആശര......വധായ=(അ. പു. ച. ഏ) രാക്ഷസാധമനായ രാവണനെ കൊൽവാനായിട്ട്. ശൃണു=(ക്രി. ലോട്. പ. പ. മ. പു. ഏ) കേട്ടാലും. വേധഃ=(സ. പു. സം. ഏ) അല്ലേയോ ബ്രഹ്മാവേ! ദാശരഥി=ദശരഥന്റെ പുത്രൻ. പിറപ്പേൻ=(ക്രി. ഭാവി, ഉത്ത. പു. ഏ) നാശം=ആപത്തു. പുനഃ=(അവ്യ). പിന്നെ. ആശു=(അവ്യ). വേഗത്തിൽ. ഭഗവാൻ=മഹാവിഷ്ണു. അഥ=(അവ്യ) പിന്നെ. "ഹേ ബ്രഹ്മാവേ അങ്ങ് കേട്ടാലും. ദുഷ്ടനായ രാവണനെ കൊൽവാനായിക്കൊണ്ടു ഞാൻ ഭൂമിയിൽ ദശരഥൻ എന്ന രാജാവിന്റെ പുത്രനായിട്ടു ജനിക്കാം. പിന്നെ ദേവകളുടെ ആപത്തെല്ലാം തീരും" എന്നരുളിച്ചെയ്തിട്ടു വിഷ്ണു ഭഗവാൻ മറഞ്ഞു. എന്നു ഭാഷ.

(൨൨) യോ ജഗദിദം സൃജതി കാലഗുണശക്ത്യാ
യോ ജഗദിദം സപദി പാതി പരമാത്മാ
യോ ജഗദിദം ഹരതി സോദയകലിലേശോ
മേ മനസി സംഭവതു നാഥ! ഹരിരാമ.

വ്യാ—യഃ. (യച്ഛബ്ദം. പു. പ്ര. ഏ); ജഗത്. (ത. ന. ദ്വി. ഏ); ഇദം. (ഇദംശബ്ദം. ന. ദ്വി. ഏ); സൃജതി. (ക്രി. ലട്. പ. പ. പ്ര. പു. ഏ); കാലഗുണശക്ത്യാ. (ഇ. സ്ത്രീ. തൃ. ഏ); സപദി. (അ

ഢ്യ); പാതി. (ക്രി. ലട്ട്. പ. പ. പ്ര. പു. ഏ); പരമാത്മാ. (ന. പു. പ്ര. ഏ) ഹരതി. (ക്രി. ലട്ട്. പ. പ. പ്ര. പു. ഏ) സഃ. (തച്ഛബ്ദം. പു. പ്ര. ഏ) അയം. (ഇദംശബ്ദം. പു. പ്ര. ഏ); അഖിലേശഃ. (അ. പു. പ്ര. ഏ) മേ. (അസ്മത്. ഷ. ഏ) മനസി. (സ. ന. സ. ഏ); സംഭവതു. (ക്രി. ലോട്ട്. പ. പ. പ്ര. പു. ഏ); എന്ന പദച്ഛേദവും രൂപഭേദവും.

അന്വയഃ:—യഃ. പരമാത്മാ. കാലഗുണാത്മകത്വാത്. ഇദം. ജഗത്. സൃജതി; യഃ (പരമാത്മാ) സപദി. ഇദം. ജഗത്. പാതി; യഃ (പരമാത്മാ) ഇദം. ജഗത്. ഹരതി; സഃ അയം. അഖിലേശഃ. മേ. മനസി. സംഭവതു.

അന്വയാർത്ഥം:—യാതൊരു പരമാത്മാവു കാലഗുണശക്തി നിമിത്തം ഈ ജഗത്തിനെ സൃഷ്ടിക്കുന്നു; യാതൊരു പരമാത്മാവു വേഗത്തിൽ ഈ ജഗത്തിനെ പാലിക്കുന്നു; യാതൊരു പരമാത്മാവു ഈ ജഗത്തിനെ ഹരിക്കുന്നു; ആ ഈ അഖിലേശൻ എന്റെ മനസ്സിൽ സംഭവിക്കട്ടെ.

പദാർത്ഥം:—പരമാത്മാവു=പരബ്രഹ്മം. കാലഗുണശക്തി=കാലത്തിന്റേയും ഗുണങ്ങളുടെയും ശക്തി. (അതായത്, കാരണത്തിലുള്ളതും കാർയ്യത്തെ ഉണ്ടാക്കുന്നതുമായ ഒരു വ്യാപാരം.) ജഗത്ത്=ലോകം. സൃജിക്കുക=സൃഷ്ടിക്കുക. (ഈ കാലഗുണശക്തികളെ നിമിത്തീകരിച്ചുള്ള ലോകസൃഷ്ടിക്രമം, ശ്രീമദ്ഭാഗവതം തൃതീയസ്കന്ധം വിദുരമൈത്രേയസംവാദത്തിൽ വിവരിച്ചിട്ടുണ്ട്.) പാലിക്കുക=രക്ഷിക്കുക. ഹരിക്കുക=സംഹരിക്കുക. അഖിലേശൻ=സർവ്വേശ്വരൻ. സംഭവിക്കുക=നല്ലവണ്ണം പ്രകാശിക്കുക. ഈ പദ്യവും ഇതിനുശേഷം താഴെ വരുന്ന രണ്ടു പദ്യങ്ങളും പരമഭക്തനായ കവിയുടെ പ്രാർത്ഥനാരൂപങ്ങളാകുന്നു.

(ഉ. ജാ) അല്ലലകററീടുവതിനാശ്രിതജനാനാം
വില്ലുമമ്പുമായടവിതന്നിലെഴുന്നള്ളി,

ചൊല്ലെഴുന്ന രാവണനെക്കൊന്ന രഘുനാഥൻ
നല്ലതു വരുത്തുക നമുക്കു ഹരിരാമ.

വ്യാ॰—അല്ലൽ=ദുഃഖം. ആശ്രിതജനാനാം=(അ. പു. ഷ. ബ) ശരണമായ ജനങ്ങളുടെ കാനനനിൽ=വനത്തിൽ. ചൊല്ലെഴുന്ന=കേൾവിപ്പെട്ട. രഘുനാഥൻ=ശ്രീരാമൻ. (രാമാവതാരം കഴിഞ്ഞിട്ടില്ലെങ്കിലും അതിനെ സിദ്ധവൽകരിച്ചുകൊണ്ടുള്ള വചനമാണ്) നല്ലതു്=മംഗളം. നമുക്ക്=കവിക്കും ശ്രോതാക്കൾക്കും. ഈ പദ്യത്തിൽ ഒന്നാം പാദത്തിൽ രണ്ടാമത്തെ ഗണത്തിന്റെ ആദ്യാക്ഷരവും, രണ്ടും മൂന്നും പാദങ്ങളിൽ ഒന്നാം ഗണത്തിന്റെ അന്ത്യാക്ഷരങ്ങളും ഗുരുവാക്കിയിരിക്കുന്നതു് വൃത്തലക്ഷണത്തിനു വിരുദ്ധമാകുന്നു; എന്നാൽ അവയെ ഗാനരീതിയിൽ ചൊല്ലി ശരിയാക്കിക്കൊള്ളണമെന്നാണു കവിയുടെ സങ്കല്പം. ഇത്തരം മാത്രാഭംഗങ്ങളോടുകൂടിയ പ്രയോഗങ്ങൾ ഈ ഗ്രന്ഥത്തിൽ ഇനിയും പലേടത്തും കാണാവുന്നതും അവയെല്ലാം ഇങ്ങനെ തന്നെ പരിഹരിക്കേണ്ടതുമാകുന്നു.

(ഫ.ര) രാമ! ഹരിരാമ! ഹരിരാമ! ഹരിരാമ!
രാമ! രജനീചരകുലാന്തക! തൊഴുന്നേൻ
പ്രാണനകലും പൊഴുതു നിൻ മഹിതരൂപം
കാണണമെനിക്കു തെളിഞ്ഞരുളു ഹരിരാമ.

വ്യാ॰—രജനീ...അന്തകൻ=രാക്ഷസവംശത്തെ നശിപ്പിച്ചവൻ. നിൻമഹിതരൂപം=നിന്റെ ദിവ്യമായ രൂപം (വിഷ്ണുരൂപം) മരണസമയത്തിൽ ഭഗവദ്രൂപദർശനം മോക്ഷപ്രദമാണല്ലോ. എനിക്കു സംസാരസുഖത്തിലിച്ഛയില്ല. അതിനാൽ നിത്യാനന്ദമയമായ മോക്ഷം തരേണമേ ഭഗവാനേ! എന്നു കവി പ്രാർത്ഥിക്കുന്നു.

ഒന്നാം വൃത്തം കഴിഞ്ഞു.

രണ്ടാം വൃത്തം.

(൧) സൂൎയ്യവംശേ പിറന്ന ഭൂപാലാനാം
കോസലവിഷയങ്ങളിലുണ്ടായീ.
നാമധേയമയോദ്ധ്യയെന്നിങ്ങനെ
രാജധാനി പുരാ ഹരിഗോവിന്ദ!

വ്യാ—സൂൎയ്യവംശേ=(അ. പു. സ. ഏ) സൂൎയ്യകുലത്തിൽ. ഭൂപാലാനാം=(അ. പു. ഷ. ബ) രാജാക്കന്മാരുടെ. കോസലവിഷയങ്ങൾ=കോസലരാജ്യം. നാമധേയം=പേർ. അയോദ്ധ്യ=(ശത്രുക്കൾക്കു യുദ്ധം ചെയ്തു പിടിപ്പാൻ കഴിയാത്തതു്. എന്നു് അവയവാൎത്ഥം) രാജധാനി=കോവിലകം. പുരാ=(അവ്യ) പണ്ടു്.

ഇനി ഒരു വാക്യങ്ങളെക്കൊണ്ടു നഗരവൎണ്ണനം ചെയ്യുന്നു.

(൨) നാലുപാടും വളഞ്ഞൊഴുകീടുന്ന
നിൎമ്മലതോയസരയൂനദികൊണ്ടു്
സാരമായ കിടങ്ങുണ്ടു തീൎത്തിട്ടു
ചാരത്തന്മാറു മേളത്തിൽ ഗോവിന്ദ!

വ്യാ—നാലുപാടും=ചുറ്റും. നിൎമ്മലതോയ=കറതന്നിറത്തിലുള്ള വെള്ളത്തോടുകൂടിയതു്. (ആഴം അധികമുള്ള ജലാശയങ്ങൾ കണ്ടാൽ വെള്ളത്തിനു കറുപ്പുനിറം തോന്നുന്നതു് അനുഭവമാണല്ലോ) സരയൂനദി=സരയു എന്ന പേരായ നദി. സാരം=ഗംഭീരം. ചാരത്തു്=സമീപത്തു്. അന്മാറു്=അപ്രകാരം. മേളത്തിൽ=ഭംഗിയിൽ. ഒരു പട്ടണത്തിനു ചുറ്റും നല്ലൊരു നദിയുണ്ടായിരിക്കുന്നതു് ആ പട്ടണത്തിനു രക്ഷയും അലങ്കാരവുമാണല്ലോ.

(൩) ഇന്ദ്രസമ്പത്തിനെക്കൂടിത്താഴ്ത്തീടും
ഭദ്രസമ്പത്തങ്ങുണ്ടതിലെത്രയും

ചന്ദ്രമണ്ഡലത്തോടുരുമ്മീടുന്ന
ഉത്തമാടങ്ങളുണ്ടതിൽ ഗോവിന്ദ!

വ്യാ—ഇന്ദ്രസമ്പത്ത്=ഇന്ദ്രന്റെ ഐശ്വര്യം. (ഇദി പരമൈശ്വര്യേ എന്ന ധാതുവിൽനിന്ന സിദ്ധമായ ഇന്ദ്രശബ്ദത്തിന് വലിയ ഐശ്വര്യമുള്ളവൻ എന്ന അവയവാർത്ഥം) കല്പവൃക്ഷം, കാമധേനു മുതലായി ഇന്ദ്രന് അസാമാന്യമായ പല ഐശ്വര്യങ്ങളുമുണ്ടെന്ന പ്രസിദ്ധമാണല്ലോ. തൃണീകരിക്ക=നിസ്സാരമാക്കുക. ശ്രീസമ്പത്ത്=ശോഭനമായ ഐശ്വര്യം. ചന്ദ്ര.... ഉരുമ്മീടുന്ന=വളരെ പൊക്കമുള്ള. ഉത്തമാടങ്ങൾ=വിശേഷമായ മാളികകൾ. അതിശയോക്ത്യലങ്കാരം.

(൮) ദിവ്യരത്നങ്ങളെക്കൊണ്ടു ദീപങ്ങൾ
സവ്യസാചികൾ വില്ലാളിവീരന്മാർ
ഹവ്യകവ്യങ്ങളെക്കൊണ്ടു നിത്യവും
ദിവ്യദേവതാപൂജനം ഗോവിന്ദ!

വ്യാ—ദിവ്യരത്നങ്ങൾ=അതിപ്രകാശമുള്ള രത്നങ്ങൾ. ദീപങ്ങൾ=വിളക്കുകൾ. (എണ്ണയും തിരിയും വേണ്ട. കാറ്റും മഴയും കൊണ്ടു കെട്ടുപോകയുമില്ല.) സവ്യസാചികൾ=എടത്തുകൈകൊണ്ടും അമ്പ് എയ്യാവുന്നവർ. (രണ്ടു കൈകൊണ്ടും എയ്യാവുന്നവർ എന്ന താല്പര്യം) വില്ലാളി=വില്ലുകൊണ്ടു വ്യാപരിക്കുന്ന (കൈകാര്യം ചെയ്യു)ന്നവൻ എന്ന് അർത്ഥം. പടയാളി. പോരാളി. മുതലാളി. ഇത്യാദിപോലെ. ഹവ്യകവ്യങ്ങൾ=ഹവ്യങ്ങളും കവ്യങ്ങളും. ഹവ്യങ്ങൾ=ദേവപ്രീതിക്കായി അഗ്നിയിൽ ഹോമിപ്പാനുള്ള നെയ്യ്, പാൽ പായസം മുതലായവ. കവ്യങ്ങൾ=പിതൃപ്രീതിക്കായി പിണ്ഡം വയ്ക്കുന്നതിനുള്ള അന്നം മുതലായത്. ദിവ്യദേവതാപൂജനം=ദിവ്യന്മാരായ ദേവന്മാരെ പൂജിക്കുക. അഗ്നിഹോത്രം വൈശ്വദേവം മുതലായത്. ഇതുകൊണ്ടു സാത്വികരാജസപ്രകൃതികളായ ജനങ്ങളല്ലാതെ കേവലം തമോഗുണപ്രധാനന്മാർ അവിടെയില്ലെന്നു സിദ്ധമാകുന്നു.

(൫) പത്തരമാററിനൊത്തൊരു പൊൻകൊണ്ടു
വിസ്താരത്തിൽ ചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്താശ്ചര്യമിതെത്രയും ഗോവിന്ദ!

വ്യാ—മാററ് = സ്വർണ്ണത്തിന്റെ വർണ്ണവിശേഷത്തിനുള്ള ഒരു സംജ്ഞ. വിസ്താരം = വലിപ്പം. ചമച്ചുകിടക്കുന്ന. ചമച്ചിട്ടുള്ള. കിടക്കുക, നില്ക്കുക, ഇരിക്കുക. ഈ മൂന്നു ധാതുരൂപങ്ങളെയും അനുപ്രയോഗമായി പ്രയോഗിക്കുന്നതു നടപ്പാണ്. 'കൃഷ്ണഗാഥ'ക്കാരന്റെ 'നില്ക്കത്' പ്രസിദ്ധമാണല്ലോ. എഴുത്തച്ഛനു, നില്ക്കയും, ഇരിക്കയും, കിടക്കയും ആവാമെങ്കിലും, ഇരിക്കയാണധികം ഇഷ്ടം. പത്തനങ്ങൾ = ഭവനങ്ങൾ. (ഗൃഹങ്ങൾ) ചിത്താശ്ചര്യം = മനസ്സിന് ആശ്ചര്യം ഉണ്ടാക്കുന്നതു്. ഇതുകൊണ്ട് അയോദ്ധ്യാനഗരത്തിലെ സമ്പൽസമൃദ്ധിയെ കാണിക്കുന്നു.

(൬) മന്ദിരാന്തരമിന്ദിന്ദിരങ്ങളും
മന്ദമന്ദം മുരണ്ടുനടക്കുന്നു
സുന്ദരാംഗിമാരാനനത്തെക്കണ്ടി_
ട്ടംബുജങ്ങളെന്നോർത്തു ഗോവിന്ദ!

വ്യാ—മന്ദിരം = ഗൃഹം. ഇന്ദിന്ദിരങ്ങൾ = വണ്ടുകൾ. മന്ദം = പതുക്കെ. സുന്ദരാ . . . . ആനനം = സുന്ദരിമാരായ സ്ത്രീകളുടെ മുഖം. അംബുജങ്ങൾ = താമരപ്പൂക്കൾ. (ഭ്രാന്തിമദലങ്കാരം.)

(൭) മന്ദിരേഷ്വം കടക്കുന്നുകൊണ്ടുടൻ
ഖിന്നമാക്കിച്ചമച്ചരികത്താക്കും

കന്നൽക്കണ്ണിമാരുണ്ടായി പണ്ടതിൽ
മിന്നൽപോലെ വിളങ്ങീട്ടു ഗോവിന്ദ!

വ്യാ—മന്നിടമെഴും=പതിനാലുലോകവും. ലക്ഷണംകൊണ്ട് ഈരേഴുലോകത്തിലുമുള്ള ജനങ്ങളെ ഗ്രഹിക്കണം. കടക്കണ്ണ്=കടാക്ഷം. ഖിന്നം=ഖേദത്തോടുകൂടിയത്. (കടാക്ഷപാതമേറ്റ് ഖിന്നമായ സംക്ഷിപ്തതിനാൽ എന്ന് സാരം) 'ഖിന്നം' എന്ന പാഠത്തിനും അർത്ഥമിതുതന്നെ. 'ഭിന്നം' എന്ന പാഠത്തിൽ—ഈ സുന്ദരിമാരുടെ കടാക്ഷം ഏതൊരു പുരുഷന്റെ ഹൃദയത്തെ ഭേദിക്കുന്നുവോ അവൻ ലോകത്തിൽവച്ചു വിലപിടിച്ചവനാകുന്നു എന്നർത്ഥം. അരികത്ത്=പാർശ്വത്തിൽ. കന്നൽക്കണ്ണിമാർ=സുന്ദരിമാർ. 'കന്നൽ' എന്ന പദം ഭാഷാപണ്ഡിതന്മാരുടെ വ്യവഹാരത്തിനു വിഷയമായിട്ടുള്ളതാണ്. 'കന്നൽമിഴി' 'കന്നൽവേണി' എന്നിത്യാദി പൂർവ്വകവിപ്രയോഗം ധാരാളം കണ്ടിട്ടുള്ളതുകൊണ്ട് അതു കറുപ്പുള്ള ഒരു പദാർത്ഥമായിരിക്കുമെന്നു വിചാരിപ്പാനവകാശമുണ്ട്. കന്നൽ എന്നതിനു കരിമ്പെന്നോ പര്യായമെന്നോ ചിലർ അർത്ഥം പറയാറുണ്ട്. കരിങ്കുവളപ്പൂവെന്നു ചിലരും, മത്സ്യമെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു. ശ്രീകൃഷ്ണവിജയം രണ്ടാംസർഗ്ഗത്തിൽ, രുക്മിണിയുടെ നയനവർണ്ണനത്തിൽ "അപി ഖഞ്ജനഗഞ്ജനാഞ്ചിതേ വിലയാതേ ശുചി ഗർവ്വമുജ്ഝിതം" എന്നു ശ്രീശങ്കരകവി പ്രയോഗിച്ചിട്ടുള്ള 'ഖഞ്ജൻ' പദത്തിന്, 'കരിങ്കുവളി' എന്നാണ് മലയാളികൾ പണ്ടുപറഞ്ഞ അർത്ഥം പറഞ്ഞുകേട്ടിട്ടുള്ളത്. ആ 'ഖഞ്ജനം' തന്നെയായിരിക്കാം. ദ്രാവിഡരൂപത്തിൽ 'കന്നൽ' ആയിപ്പരിണമിച്ചതെന്നു ഞാൻ വിചാരിക്കുന്നു. മിന്നൽപോലെ=നോക്കുന്നവരുടെ കണ്ണിനെ മഞ്ഞളിപ്പിക്കുന്ന ശരീരകാന്തിയോടുകൂടി

ഇതുവരെ ആറു പദ്യങ്ങൾകൊണ്ടു നഗരവർണ്ണനം ചെയ്തു. ഇനി അഞ്ചു പദ്യംകൊണ്ട് രാജവർണ്ണനം ഭാവിക്കുന്നു.

(വൃ) **മേദിനീതിലകം പോലെ മേവുന്ന**
രാജധാനിയിലുണ്ടായി പണ്ടൊരു

മേദിനീപതിമൌലി ദശരഥ-

നാമധേയവാനേകദാ ഗോവിന്ദ!

വ്യാ—മേദിനീതിലകം=ഭൂമിയുടെ തൊടുകുറി. (ഭൂമിക്കു അലങ്കാരമെന്ന സാരം) മേദിനീപതിമൌലി=രാജശ്രേഷ്ഠൻ. ദശരഥനാമധേയവാൻ=ദശരഥനെന്ന പേരോടുകൂടിയവൻ. (പത്തു ദിക്കുകളിലും ഗമിക്കുന്ന തേരോടുകൂടിയവൻ. എന്നു് അവയവാർത്ഥം) ഏകദാ=(അവ്യ) ഒരിക്കൽ.

(൯) ഏഴു സാഗരം മേഖലയാകുന്നോ-

രൂഴിതന്നിൽ നിറയുന്ന ലോകരെ

ഏഴകോഴകൾ കൂടാതെ രക്ഷിച്ചു

നാഴികതോറും രാജാവു ഗോവിന്ദ!

വ്യാ—ഏഴുസാഗരം=ഏഴു സമുദ്രം. "ലവണേ,ക്ഷു,സുരാ,സർപ്പി,ർദ്ധി,ക്ഷീര,ജലാഃ,സമാഃ" എന്നു പ്രമാണം. മേഖല=അരഞ്ഞാണ്, (അരഞ്ഞാണംപോലെ നാലുഭാഗത്തും ചുററികിടക്കുന്നതു്.) ലോകർ=ജനങ്ങൾ. ഏഴകോഴകൾ=കള്ളു, സമ്മാനം, കൈക്കൂലിമുതലായതു്. രാജാവു്=രഞ്ജിപ്പിക്കുന്നവൻ. എന്നു് അവയവാർത്ഥം. ഇതുകൊണ്ടു ദശരഥൻ ചക്രവർത്തിയാണെന്നു സിദ്ധിക്കുന്നു.

(൧൦) വീര്യശൌര്യപരാക്രമത്തെക്കൊണ്ടു

സൂര്യപുത്രനെ നിന്ദിപ്പിച്ചെത്രയും

സർവ്വസമ്പത്തെ നാട്ടിൽ വളർത്താന-

ത്തുർവ്വീമണ്ഡലനായകൻ ഗോവിന്ദ!

വ്യാ—വീര്യം=സാമർത്ഥ്യം. ശൌര്യം=ശൂരത. പരാക്രമം=ശത്രുക്കളെ ജയിപ്പാനുള്ള ശക്തി. സൂര്യപുത്രൻ=ധർമ്മരാജാവു്. (അന്തകൻ) നിന്ദിപ്പിക്കുക=നിസ്സാരനാക്കുക. (ധർമ്മരാജാവിനെപ്പോലെ അധർമ്മം പ്രവർത്തിക്കുന്നവരെ എല്ലാം അദ്ദേഹം ശിക്ഷിക്കും.

അതുകൊണ്ടു ധർമ്മരാജാവു ദശരഥനെക്കാൾ താഴെയാണെന്നു ജനങ്ങൾ പറയുന്നു എന്നു സാരം. 'ദുഷ്ടപുത്രനെ നടിപ്പിച്ചു' എന്ന പാഠത്തിൽ 'സന്തോഷിപ്പിച്ചു' എന്നർത്ഥം. രാജാവിന്റെ ധർമ്മശാസ്ത്രാനുസാരംകൊണ്ടു ഭൂമിയിൽ പാപംചെയ്യുന്നവരില്ലാതെയായി. പാപികളെ നരകത്തിലിട്ടു ശിക്ഷിപ്പിക്കുകയാണല്ലോ ധർമ്മരാജാവിന്റെ കൃത്യം. ആ ഭാരം കുറഞ്ഞതാണു ധർമ്മരാജാവിന്റെ സന്തോഷകാരണം. സർവ്വസമ്പത്ത് = എല്ലാവിധത്തിലുമുള്ള ഐശ്വര്യം. ഉർവ്വീരമണനായകൻ = ഭൂമിക്കു മുഴുവൻ രാജാവ്.

(൨൨) കള്ളരെന്നുള്ള ശബ്ദമരിപ്പമായ്
വെള്ളരേ പുനരുള്ളൂ ധരിത്രിയിൽ
ഉള്ളിലാധി മഹാവ്യാധി ലോകാനാം
തള്ളിനീങ്ങിപ്പോയ കാലം ഗോവിന്ദ!

വ്യാ—അരിപ്പം = ചുരുക്കം. വെള്ളർ = പരമാർത്ഥികൾ. പുനഃ = (അ) പിന്നെ. ധരിത്രി = ഭൂമി. ആധി = വ്യസനം. മഹാവ്യാധി = വലുതായ രോഗങ്ങൾ. ലോകാനാം = (അ. പു. ഷ. ബ) ജനങ്ങളുടെ. കള്ളന്മാരില്ലാതെയാവുകയും, ആധിവ്യാധികൾ നീങ്ങുകയും ചെയ്തു എന്നു പറഞ്ഞതുകൊണ്ടു ക്രിമിനലും, സിവിലും, മെഡിക്കലും, സാനിട്ടേഷനും മറ്റും സംബന്ധിച്ചതായ പരിഷ്കൃതഭരണസമ്പ്രദായങ്ങളെല്ലാം താനേ ഏർപ്പെടുത്തിയിരുന്നു എന്നു സിദ്ധിക്കുന്നു. "പ്രജാനാം വിനയാധാനാദ്, രക്ഷണാദ്, ഭരണാദപി. സ പിതാ പിതരസ്താസാം കേവലം ജന്മഹേതവഃ." എന്നു രഘുവംശത്തിൽ കാളിദാസൻ പറഞ്ഞിരിക്കുന്നതും നോക്കുക.

(൨൩) കൌസല്യാ കൈകേയീ സുമിത്രാംഗനാ-
സൌശീല്യാദി ഗുണങ്ങളിലന്നവർ
ശൈഥില്യം വളർക്കും മാനസേ ധർമ്മ-
വൈകല്യം വരാതേകണ്ടു ഗോവിന്ദ!

വ്യാ—കൌസല്യാ = കോസലരാജാവിന്റെ പുത്രി. കൈകേയി = കേകയരാജപുത്രി. അംഗനമാർ = സ്ത്രീകൾ. സൌശീല്യാദിഗു

ദാൎഢ്യം=സത്സ്വഭാവം മുതലായ ഗുണങ്ങൾ. ആദിശബ്ദംകൊണ്ടു സൌന്ദൎയ്യാദിഗുണങ്ങളേയും ഗ്രഹിച്ചുകൊള്ളണം. ശൈഥില്യം=അഴിവു്. മാനസേ=(അ. ന. സ. ഏ.) മനസ്സിൽ. ധൎമ്മവൈകല്യം=ധൎമ്മലോപം. ദശരഥൻ അല്പം ഭോഗാസക്തനാണു്. എങ്കിലും അദ്ദേഹം ഒരിക്കലും ധൎമ്മലോപം വരുത്താറില്ല, എന്നു പറഞ്ഞതുകൊണ്ടു കവിയുടെ സൂക്ഷ്മാലോചനാസാമൎത്ഥ്യവും, മനുഷ്യപ്രകൃതിജ്ഞാനവും, വെളിപ്പെടുന്നു. രാമന്റെ വനവാസം മുതലായതെല്ലാം ഇതിനെ തെളിയിക്കുന്നുണ്ടല്ലോ.

(൧൩) അശ്വങ്ങൾ പെരുമാറിയവനിയിൽ
അശ്വമേധങ്ങൾ ചെയ്തുവനാരതം
വിശ്വദേവതാമോദം വളൎത്തിനാൻ
വിശ്രുതകീൎത്തി രാജാവു ഗോവിന്ദ!

വ്യാ— അശ്വങ്ങൾ=കുതിരകൾ. പെരുമാറുക=സഞ്ചരിപ്പിക്കുക. അവനി=ഭൂമി. അനാരതം=(അ. ന. ദ്വി. ഏ) എപ്പോഴും. വിശ്വദേവതാമോദം=എല്ലാ ദേവന്മാൎക്കും പ്രീതി. വിശ്രുതകീൎത്തി=കേൾവിപ്പെട്ട യശസ്സോടുകൂടിയവൻ.

(൧൪) സന്തതി പുനരില്ലാത്തു സന്തതം
സന്താപപ്പെട്ടിരിക്കുന്ന ഭൂപന്
ചിന്ത മറ്റൊന്നിലില്ല ജഗത്രയ-
സന്താനത്തിന്ന മാനസേ ഗോവിന്ദ!

വ്യാ— സന്തതി=പുത്രൻ. സന്തതം=(അ. ന. ദ്വി. ഏ) എപ്പോഴും. ചിന്ത=വിചാരം. ജഗത്രയസന്താനം=മൂന്നുലോകത്തിന്നും കല്പവൃക്ഷമായിട്ടുള്ളവൻ, എല്ലാവൎക്കും അഭീഷ്ടദാനം ചെയ്യുന്നവൻ. ഇതു ഭൂപന് എന്നതിന്റെ വിശേഷണം. ജഗത്രയസന്താനമായ ഭൂപന് എന്നന്വയിക്കണം.

(൫൨) ഖിന്നം പാരം വിശക്കുന്നവനുണ്ടോ
അന്നമെന്നിയേ മറ്റൊന്നിൽ കൌതുകം?
എന്നപോലെ ചമഞ്ഞു സുതാർത്ഥിക-
ളന്യസമ്പൽസുഖങ്ങളിൽ ഗോവിന്ദ!

വ്യാ—ഖിന്നം=(ക്രി. വി.) ക്ഷീണിച്ചു വലയത്തക്കവണ്ണം. അന്നം=ക്ഷുധാനിവാരണസാധനം, കൌതുകം=താൽപര്യം, സുതാർത്ഥി=സന്തതിയെ ആഗ്രഹിക്കുന്നവൻ. അന്യ . . . സുഖങ്ങൾ=മററുള്ള സമ്പത്തുകളും സുഖങ്ങളും. ഇവിടെ ക്ഷുധാർത്തന്റെ അവസ്ഥയെ ദൃഷ്ടാന്തരൂപേണ മുമ്പിൽ ന്യസിച്ചിട്ട് പുത്രാർത്ഥിയായ രാജാവിന്റെ അന്യസമ്പൽസുഖവൈരാഗ്യം എന്ന അവസ്ഥയെ പിന്നാലെ പ്രയോഗിച്ചതുകൊണ്ട് വർണ്ണ്യവിഷയത്തെ കവി, ഏററവും ഹൃദയംഗമമാക്കിയിരിക്കുന്നു.

(൫൩) പുത്രപ്രാപ്തിക്കുപായമുണ്ടെന്നുടൻ
സന്മന്ത്രി സുമന്ത്രവചനത്താൽ
പുത്രകാമേഷ്ടികർമ്മം തുടങ്ങിനാൻ
ഋശ്യശൃംഗമഹാമുനി ഗോവിന്ദ!

വ്യാ—പുത്രപ്രാപ്തി=സന്താനലാഭം. സന്മന്ത്രി=നല്ല മന്ത്രി. സുമന്ത്രവചനം=സുമന്ത്രരുടെ വാക്ക്. പുത്രകാമേഷ്ടി=പുത്രനുണ്ടാകുന്നതിനുള്ള ഒരു യാഗം. ഋശ്യശൃംഗമഹാമുനി=വിഭണ്ഡകപുത്രനായ ഒരു മഹർഷി. സുമന്ത്രവചനവും, ഋശ്യശൃംഗമാഹാത്മ്യവും, വാല്മീകിരാമായണം ബാലകാണ്ഡം ഒമ്പതും പത്തും പതിനൊന്നും സർഗ്ഗങ്ങളിൽ വിസ്തരിച്ചു പറയപ്പെട്ടിട്ടുള്ളതു നോക്കുക.

(൫൪) ഹവ്യവാഹനകുണ്ഡത്തിൽനിന്നുണ്ടായ്
ദിവ്യനായോരു പൂരുഷനന്നേരം
കയ്യിൽ മേവിന പായസം ഭൂപന്റെ
കയ്യിൽവച്ചു മറഞ്ഞുടൻ ഗോവിന്ദ!

വ്യാ—ഹവ്യ . . . കണ്ഠം=അഗ്നികണ്ഠം. ദിവ്യനായൊരു പൂരുഷൻ=പ്രാജാപത്യനായ ഒരു പുരുഷനെന്നു വാൽമീകിരാമായണത്തിലും, 'വഹ്നിദേവൻ' എന്നു് അദ്ധ്യാത്മരാമായണത്തിലും പറയുന്നു. പായസം=പയസ്സു (പാൽ) ചേർത്തുണ്ടാക്കിയ പരമാന്നം. പാലിന്റെ സ്ഥാനത്തു തേങ്ങാപ്പാലും ചേർത്തുവരാറുള്ളതുകൊണ്ടു സന്ദേഹപരിഹാരത്തിനുവേണ്ടി പാൽപ്പായസമെന്നും, മധുരത്തിനു ശർക്കരയും പഞ്ചസാരയും ചേർക്കാറുള്ളതുകൊണ്ടു പഞ്ചസാരപ്പായസമെന്നും ശർക്കരപ്പായസമെന്നും വ്യവഹരിക്കപ്പെട്ടുവരുന്നു.

(പ്ര)* കൌസല്യാദേവിക്കർദ്ധം കൊടുത്തിതു
കൌതുകപൂർവ്വമാദ്യം നൃപോത്തമൻ
കൌശല്യമോടും പായസത്തിലർദ്ധം
കൈകേയിക്കും കൊടുത്തിതു ഗോവിന്ദ!

വ്യാ—അർദ്ധം=പകുതി. കൌതുകപൂർവ്വം=(ക്രി. വി.) സന്തോഷത്തോടെ. നൃപോത്തമൻ=രാജാവു്. കൌശല്യം=ക്രിയ ചെയ്യുന്നതിലുള്ള സാമർത്ഥ്യം. ഇവിടെ പായസം ഭാഗിക്കുന്നതുതന്നെ ക്രിയ. പത്നിമാർ മൂവരുണ്ടാകകൊണ്ടു് അവരുടെ പ്രാധാന്യത്തെയും, ആനുഗുണ്യത്തെയും അനുസരിച്ചു താൻ തന്നെ വിഭജിച്ചുകൊടുക്കേണ്ടതു ദുർഘടമാകയാൽ അവരുടെ ഔചിത്യപരീക്ഷക്കായി രണ്ടുപേർക്കു മാത്രം കൊടുത്തതായിരിക്കാം രാജാവിന്റെ കൌശലം. അതു് ഇ

---

* ഈ പദ്യം അച്ചടിച്ച പുസ്തകങ്ങളിൽ കാണുന്നില്ല; പഴയ താളിയോലഗ്രന്ഥങ്ങളിൽ ഉണ്ടു്, പണ്ടത്തെ ആശാന്മാർ കുട്ടികളെ പഠിപ്പിച്ചുവരാറുള്ളതുമാണു്. അച്ചടിപ്പുസ്തകങ്ങളിൽ കൌസല്യക്കും കൈകേയിക്കും പായസം കൊടുത്ത സംഗതി കൂടി തന്നെ പറയുന്നില്ല; അവിടം വായിക്കുമ്പോൾ ആ സംഗതി വിട്ടുപോയിരിക്കുന്നു എന്നു് വായനക്കാർക്കറിയാവുന്നതുമാണു്.

നിയതത്തെ പദ്യത്തിൽ വ്യക്തമാകുന്നുണ്ട്. താഴെ കാണിക്കുന്ന അദ്ധ്യാത്മരാമായണശ്ലോകത്തെയും ഇതിനെസ്സഹായിക്കുന്നു. "വസിഷ്ഠസ്രുക്സ്രുവാഭ്യാമാനന്ദായദദൌഹവിഃ. കൌസല്യായൈ കൈകേയ്യൈ അർദ്ധമർദ്ധം പ്രയത്നതഃ. തതഃ സുമിത്രാ സംപ്രാപ്താ ജഗൃഹേ പൌത്രികം ചരും. കൌസല്യാ തു സ്വഭാഗാർദ്ധം ദദൌ തസ്യൈ മുദാന്വിതാ, കൈകേയീ ച സ്വഭാഗാർദ്ധം ദദൌ പ്രീതിസമന്വിതാ."

(൧൯) അർദ്ധിച്ചതു കൊടുത്തതിനാലവ-
ളർദ്ധമർദ്ധം കൊടുത്തു സുമിത്രയ്ക്കും,
ബഹുമോദം ഉൾജ്ജിച്ചവർ മൂവരും
ഗർഭിണരായി വർദ്ധിച്ചു ഗോവിന്ദ!

വ്യാ—അർദ്ധിക്ക=സമമായി ഭാഗിക്ക. കൊടുത്തതിനാൽ=കൊടുത്തതിൽനിന്ന്. (വിഭാഗത്തിൽ പഞ്ചമിക്ക് ആൽപ്രത്യയം. "പത്താലൊന്നുകളഞ്ഞിട്ടതു പുഷ്പത്തെ പെറുക്കുക." ഇത്യാദി പ്രാചീനപ്രയോഗങ്ങൾ നോക്കുക. അർദ്ധമർദ്ധം=ഓരോരോപാതിയും പകുതി വീതം. ബഹുമോദം=(ക്രി വി) സന്തോഷത്തോടെ.

(൨൦) മുപ്പാരെപ്പേരുമുള്ളിലടക്കിയ
പത്മനാഭനെത്തന്നുള്ളിലാക്കിട്ടും
പത്മലോചനാഭാഗ്യം പുകഴ്ത്താമോ
പത്മസംഭവനും ഹരിഗോവിന്ദ!

വ്യാ—മുപ്പാര്=മൂന്നു ലോകം. എപ്പേരും=എല്ലാം. പത്മനാഭൻ=വിഷ്ണു. (പത്മം നാഭിയിലുള്ളവൻ എന്ന് അവയവാർത്ഥം) തന്നുള്ളിൽ=തന്റെ ഉദരത്തിൽ ശിശുരൂപേണ ധരിച്ചിരിക്കുന്ന വിഷ്ണുവിനെയാണെന്നു സാരം. പത്മലോചനാഭാഗ്യം=പത്മലോചനയുടെ ഭാഗ്യം. പത്മലോചനാ=പത്മംപോലെയുള്ള ലോചനത്തോടുകൂടിയവൾ=(സുന്ദരി) സർവ്വലോകജനയിതാവായ വിഷ്ണുവിന്റെ ജന

നിയമിക്കുന്നതു മഹാഭാഗ്യമാണല്ലോ. പത്മസംഭവൻ=ബ്രഹ്മാവ്. ബ്രഹ്മാവു സർവ്വജ്ഞനും ചതുർമുഖനുമാണല്ലോ. ഇവിടെ "അനേകം ബ്രഹ്മാണ്ഡങ്ങളെ ഉദരത്തിൽ ധരിക്കുന്ന പത്മനാഭനെ കൌസല്യ തന്റെ ഉദരത്തിൽ ധരിക്കുന്നു" എന്നു വർണ്ണിച്ചിരിക്കകൊണ്ട് "അധികാലങ്കാരം." "പൃഥ്വാധാരാധേയാദ്യാധാരാധിക്യം തദപി തദ്വതം" എന്നു ലക്ഷണം.

(൨൧) പൊന്മണിക്കുംഭം പോലെ വിളങ്ങുന്ന
നന്മുലയിണ ചാഞ്ഞു കൌസല്യേടെ
ഇമ്മൂന്നു ലോകം പൊററ ഹരിജന്മം
കാണ്മാനെന്നപോലെ ഹരി ഗോവിന്ദ!

വ്യാ__പൊന്മണിക്കുംഭം=പൊൻകുടം. മുലയിണ=രണ്ടുമുലകളും. പൊററ=സൃഷ്ടിച്ച. ഹരിജന്മം=വിഷ്ണുവിന്റെ അവതാരം. കൌസല്യയുടെ മുലകൾ ചാഞ്ഞതു വിഷ്ണുവിന്റെ അവതാരം കാണ്മാനായിരിക്കുമോ എന്ന് ഉൽപ്രേക്ഷിച്ചിരിക്കുന്നതിനാൽ ഉൽപ്രേക്ഷാലങ്കാരം.

(൨൨) ലോകരാവണരാവണഭീതികൊ-
ണ്ടാകുലരായീ ദേവകളെങ്കിലും,
ആകെത്തിങ്ങി മദിച്ചു ദിവാനിശം
ജായമാനേ ഹരൗ ഹരിഗോവിന്ദ!

വ്യാ__ലോക......ഭീതികൊണ്ട്=ലോകത്തെ കരയിക്കുന്നവനായ രാവണനെക്കുറിച്ചുള്ള ഭയംകൊണ്ട്. ആകുലർ=പരവശന്മാർ. ദിവാനിശം=(അവ്യ) പകലും രാവും. ജായമാനേ=(ആ. പു. സ. ഏ) ഹരൗ=(ഇ. പു. സ. ഏ) ഹരി=വിഷ്ണു. ജായമാനൻ=ജനിക്കുന്നവൻ.(ഹരിജായമാനനായിരിക്കും സമയത്തിൽ എന്നു സതിസപ്തമി) ഇവിടെ "രാവണഭയം നിമിത്തം പരവശരായി തപിച്ചിരിക്കെ മാദി മദിച്ചുനടന്നിതന്നു ദേവകളെല്ലാം രാവണനെ കൊല്ലുവാനായി

ട്ടു മഹാവിഷ്ണു രാമനായി അവതരിക്കുന്ന സമയത്തിൽ സന്തോഷം കൊണ്ടു മതിമറന്നു നെറിച്ചുകൂടി ആഹ്ലാദിച്ചു." എന്നു വർണ്ണിച്ചിരിക്കുന്നതിനാൽ രാവണവധാനന്തരം തങ്ങൾ അനുഭവിപ്പാൻ ഭാവിക്കുന്ന സന്തോഷത്തെ ഇപ്പോൾത്തന്നെ അനുഭവിക്കുന്നതായി സൂചിപ്പിക്കകൊണ്ടു "ഭാവ്യർത്ഥസമക്ഷതാ. ഭാവികം" എന്ന 'ഭാവികം'അലങ്കാരമോ, അല്ലെങ്കിൽ രാവണവധാനന്തരകാര്യങ്ങളായ സന്തോഷാഹ്ലാദങ്ങൾ, രാവണവധനിമിത്തമായ രാമാവതാരസമയത്തിൽത്തന്നെ ഉണ്ടായതായി പറയുന്നതുകൊണ്ടു 'കാരണപ്രസക്തിയിൽത്തന്നെ കാര്യോല്പത്തിയുണ്ടായി' എന്നു വർണ്ണിക്കുന്ന 'അക്രമാതിശയോക്തി'യോ എന്നു സൂക്ഷ്മദർശികളായ ആലങ്കാരികന്മാർ വിധിക്കട്ടെ.

(ഉദാ.) വക്രവൃത്തികളോടും പരസ്പരം
വിക്രമിക്കുന്നൊരഷ്ട നവഗ്രഹം,
ഉച്ചരാശികളിൽ സ്ഥിതി ചെയ്യപോൽ
ചക്രപാണിടെ ജനനി ഗോവിന്ദ!

വ്യാ.—വക്രവൃത്തികൾ=വക്രഗതിയുള്ളവർ. പരസ്പരം=അന്യോന്യം. വിക്രമിക്കുക=യുദ്ധംചെയ്ക. നവഗ്രഹം=ഒമ്പതു ഗ്രഹങ്ങൾ, ഉച്ചരാശികൾ=ഉച്ചരാശികൾ. ചക്രപാണി=വിഷ്ണു. (ചക്രം പാണിയിലുള്ളവൻ എന്നു അവയവാർത്ഥം) ജനനി=(നി. ന. സ. ഏ.) ജനനസമയത്തിൽ. ഇവിടെ മഹാകാവ്യവിഷയങ്ങളിലൊന്നായ 'കുമാരോദയ'വർണ്ണനത്തിൽ കവി, തന്റെ ജ്യോതിശ്ശാസ്ത്രപാണ്ഡിത്യത്തെ പ്രകടിപ്പിച്ചിരിക്കുന്നു. അതും അല്പം വിവരിക്കാം. വക്രം:—സൂര്യചന്ദ്രന്മാരൊഴികെയുള്ള ഗ്രഹങ്ങൾക്കു, ക്രമഗതിയെന്നും വക്രഗതിയെന്നും രണ്ടുവിധം ഗതികളുണ്ടു. വക്രഗതിയുള്ള ഗ്രഹങ്ങൾ അനുഗ്രഹത്തിനു സമർത്ഥതയുള്ളതിൽ മുമ്പിലത്രെ ബലവത്തരം എന്നു ജ്യോതിശ്ശാസ്ത്രകാരന്മാർ പറയുന്നു. "ഉച്ചഗതേ രവി ശീതമയൂഖേ വക്രസമാഗമഗാഃ പരിശേഷാഃ." എന്നും, "സ്വോച്ചഗേ വക്രോപഗതേ ദൃഷ്ടിസമ്പൂർണ്ണം" എന്നും ബൃഹജ്ജാതകം. "ശത്രു

ഗാരകജീവാനാം പഞ്ചമസ്ഥേ ദിവാകരേ ത്രയാവക്രംവിജാനീയാത്' എന്ന പ്രമാണപ്രകാരം സൂര്യനിൽനിന്നു ഏഴാംരാശിയിൽ നില്ക്കുന്ന ശനിക്കു വക്രമില്ലാതിരിപ്പാൻ തരമില്ല.

യുദ്ധം:—ഗ്രഹങ്ങൾ ഒരു രാശിയിൽ ഒരേ അംശകത്തിൽ നില്ക്കുമ്പോൾ അവർ തമ്മിൽ യുദ്ധമാണെന്നു ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്നു. ഇവിടെ പുണർതം നക്ഷത്രത്തിൽ കർക്കടകരാശിയിൽ നില്ക്കുന്ന ചന്ദ്രനു മൂന്നു തിഥിയും ഇരുപത്തു് ഘടിയും കഴിഞ്ഞിരിപ്പാൻ തരമില്ല. (അതു കഴിഞ്ഞാൽ പുണർതം നക്ഷത്രം കഴിഞ്ഞുപോകും) വ്യാഴത്തിനു കർക്കടകത്തിൽ അഞ്ചുതിഥി ആകുമ്പോൾ അത്യുച്ചമാണു്. അതുകൊണ്ടു വ്യാഴം അത്യുച്ചത്തിലേക്കു് ആരോഹിക്കുന്നവനായിരിക്കണം. അതിൽവച്ചു് ആദ്യത്തെ മൂന്നു തിഥിയും ഇരുപതു ഘടിയും കഴിയുന്നതുവരെയുള്ള വർഗ്ഗോത്തമാംശത്തിലായിരിപ്പാൻ അധികം സംഗതിയുണ്ടു്. അങ്ങനെ നില്ക്കുന്നതിനാൽ വ്യാഴചന്ദ്രന്മാർ തമ്മിൽ യുദ്ധമുണ്ടെന്നു സിദ്ധമാണല്ലോ. എന്നാൽ, കുജാദിഗ്രഹങ്ങൾ സൂര്യനോടു ചേരുന്നതിനു 'മൌഢ്യ'മെന്നും, ചന്ദ്രനോടു ചേരുന്നതിനു 'സമാഗമ'മെന്നും പറയുന്നു. സമാഗമംഗ്രഹങ്ങൾക്കു ബലം വർദ്ധിപ്പിക്കുന്നതും മൌഢ്യംബലം നശിപ്പിക്കുന്നതുമാകുന്നു.

ശുഭരാശികൾ:—ഉച്ചം, ത്രികോണം, സ്വക്ഷേത്രം, ബന്ധുക്ഷേത്രം മുതലായവ ശുഭരാശികളാകുന്നു. ഇവിടെ അഞ്ചു ഗ്രഹങ്ങൾ ഉച്ചത്തിലാകകൊണ്ടും ചന്ദ്രൻ സ്വക്ഷേത്രത്തിലാകകൊണ്ടും അധികം ശുഭരാശികളിൽത്തന്നെ. അല്ലെങ്കിൽ കേന്ദ്രം, ത്രികോണം, ധനം, ലാഭം ഈ ഭാവങ്ങൾ എന്നും അർത്ഥമുണ്ടു്. അങ്ങനെ ആയാലും അധികം ഗ്രഹങ്ങളും ശുഭഭാവങ്ങളിൽത്തന്നെയാണല്ലോ.

(വ.ര്) നാകഭേരികൾ താനേ മുഴങ്ങിയും,
ലോകമാനസജാലം തെളികയും,
നാകനാരികളാടിയും പാടിയും,
തോയരാശി തെളികയും ഗോവിന്ദ!

വ്യാ—നാകസരസികൾ=സ്വർഗ്ഗത്തിലെ പൊയ്കകൾ. ലോക...മാനസം=ജനങ്ങളുടെ മനസ്സുകൾ. നാകനാരികൾ=ദേവസ്ത്രീകൾ. തോയരാശി=ജലാശയങ്ങൾ. ഈ പ്രകൃതിവർണ്ണനം "വീണാവേണുമൃദംഗശംഖപടഹധ്വാനം ച ഭേരീരവം ഗീതം മംഗലമംഗനാം ച ഗണികാം ദൃഷ്ട്വാ ശുഭപ്രാപ്തികം" ഇത്യാദി പ്രമാണപ്രകാരമുള്ള ശുഭനിമിത്തമാകകൊണ്ട് ആസന്നമായ രാമാവതാരം—അല്ലെങ്കിൽ കർമ്മോദയം—ലോകത്തിനു പൊതുവേയുള്ള ഒരു ശുഭോദയമാണെന്നു സൂചിപ്പിക്കുന്നതാകുന്നു.

(൨൭) നക്ഷത്രങ്ങൾതെളിഞ്ഞു ഗഗനത്തിൽ
ദിക്കുകൾ പത്തുമൊക്കെ പ്രകാശിച്ചു,
അക്കസോമന്മാരും സുപ്രഭ കൈക്കൊണ്ടു
ലക്ഷ്മി വർദ്ധിച്ചു ഭൂമിയിൽ ഗോവിന്ദ!

വ്യാ—ഗഗനം=ആകാശം. ദിക്കുകൾ പത്ത്=നാലുദിക്കുകളും, നാലു കോണുകളും, ആകാശവും, ഭൂമിയും. അക്കസോമന്മാർ=ആദിത്യനും ചന്ദ്രനും. (ഇവിടെ ബഹുവചനം വേണ്ടതായിരുന്നു) സുപ്രഭ=നല്ല ശോഭ. (വരാഹസംഹിതമുതലായ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിൽ സൂര്യചന്ദ്രാദികളുടെ രശ്മികൾക്കുണ്ടാകുന്ന വർണ്ണഭേദങ്ങളെക്കൊണ്ട് അനേകം ശുഭാശുഭഫലങ്ങൾ വിധിച്ചിട്ടുണ്ട്.) ലക്ഷ്മി=ഐശ്വര്യം. (സമ്പത്ത്)

(൨൮) ശാന്തവിപ്രഗൃഹങ്ങളിലഗ്നികൾ
പൂർവ്വശാന്തങ്ങൾ കത്തിജ്ജ്വലിച്ചുടൻ,
കാന്താരേ ദ്വീപിസർപ്പാദിസത്വങ്ങൾ
ജാതിവൈരം വെടിഞ്ഞിതു ഗോവിന്ദ!

വ്യാ—ശാന്തവിപ്രഗൃഹങ്ങൾ=തപസ്വികളായ ബ്രാഹ്മണരുടെ ഗൃഹങ്ങൾ. അഗ്നികൾ=ദക്ഷിണം, ഗാർഹപത്യം, ആഹവനീയം എന്ന മൂന്നഗ്നികൾ. പൂർവ്വശാന്തങ്ങൾ=മുമ്പേ കെട്ടുകിടന്നിരുന്നവ.

"ദീപസ്തംഭതരുത്തിരോയതതനന്തിർവ്വപധൃത്രീപൃളിതാൻ
നിസ്സ്വപ്നോത ചിരപ്രബന്ധകിണോഗതിർഭ്യെർവ്വിധ്യംഭൈരതി:
ലക്ഷ്മീംകരിപ്രമദിവ്യനകരിത ചിരാംയൗബ്ധോ ള്ളീരമാഖ ശസ്യതേ."

എന്ന പ്രമാണപ്രകാരം അഗ്നിയുടെ ജ്വലനം ശുഭസൂചകമാകുന്നു. കാന്താരെ=(അ. ന. സ. ഏ) കാട്ടിൽ. ദ്വീപിസപ്പാദിസത്വങ്ങൾ=പുലി പാമ്പു മുതലായ ജന്തുക്കൾ. (ദ്വീപിസിംഹാദിസത്വങ്ങൾ എന്നു പാഠാന്തരം) ജാതിവൈരം=സ്വാഭാവികമായ അന്യോന്യവിരോധം. പുലി—പശു; ആന—സിംഹം; കീരി—പാമ്പ്. ഇത്യാദി ജന്തുക്കളുടെ ജാതിവൈരം പ്രസിദ്ധമാണല്ലോ.

(൨൬) സൂതികാലമണഞ്ഞതറിയിപ്പാൻ
ദൂതനെപ്പോലെ നീളെ നടന്നുടൻ
പൂതിഗന്ധം കളഞ്ഞു സുഗന്ധവാ-
നായി വീശീ തദാ വായു ഗോവിന്ദ!

വ്യാ—സൂതികാലം=പ്രസവകാലം. ദൂതൻ=വാർത്തമാനം അറിയിക്കുന്നവൻ. നീളെ=എല്ലായിടത്തും. പൂതിഗന്ധം=ദുർഗ്ഗന്ധം. സുഗന്ധവാൻ=നല്ല ഗന്ധത്തോടുകൂടിയവൻ. തദാ=(അവ്യ) അപ്പോൾ. വായു, സമാഗതിയും, ഗന്ധവാഹനും, ആശുഗനും ആകകൊണ്ടു ദൂതസാധർമ്മ്യമുണ്ടല്ലോ.

(൨൭) യാതുക്കളിരുൾ നീക്കിക്കളവാനും
ലോകകൈരവബോധം വളർത്താനും,
കൌസല്യാദേവീപൂർവ്വാചലേ രാമ-
ചന്ദ്രൻ ജാതനായമ്പോടു ഗോവിന്ദ!

വ്യാ—യാതുക്കളിരുൾ=രാക്ഷസരാകുന്ന ഇരുട്ട്. ലോകകൈരവബോധം=ജനങ്ങളാകുന്ന ആമ്പൽപ്പൂക്കളുടെ വികാസം. കൌസല്യാദേവീപൂർവ്വാചലേ=(അ. പു. സ. ഏ) കൌസല്യാദേവിയാകുന്ന ഉദയപർവ്വതത്തിൽ. രാമചന്ദ്രൻ=രാമനാകുന്ന ചന്ദ്രൻ.

ത്രൻ ഭരതൻ=ഉണ്ടായ(ജനിച്ചു)വൻ. ഇവിടെ യശസ്സുകൊണ്ടും, ലോകൈകരവം, കൌസല്യാദേവീപൂർവ്വാചലം, രാമചന്ദ്രൻ. ഇങ്ങനെ അനേകവസ്തുക്കൾക്ക് അഭേദം കല്പിച്ചിരിക്കുന്നതിനാൽ രൂപകാലങ്കാരം; കൌസല്യാദേവിയെ 'അചല'മാക്കിയത് അത്ര ശരിയായി എന്നു പറവാൻ പാടില്ല.

(൩൩) രാമചന്ദ്രനെ ജനിപ്പിച്ചു കൌസല്യാ-
ദേവി, കൈകേയി പെറ്റു ഭരതനെ;
ലക്ഷ്മണനെയും ശത്രുഘ്നനാമാനം
പെറ്റു നല്ല സുമിത്രയും, ഗോവിന്ദ!

വ്യാ—രാമചന്ദ്രനെ=(ദ്വി. ഏ. വ.) ശ്രീരാമനെ. കൌസല്യാദേവി=കൌസല്യ എന്ന പട്ടമഹിഷി. 'ദേവീ കൃതാഭിഷേകായാം' എന്ന് അഭിധാനം. ശത്രുഘ്നനാമാനം=(ദ്വി. ഏ. വ.) ശത്രുഘ്നൻ എന്നു പേരോടുകൂടിയവനെ.

(൩൪) അർക്കൻ മേടത്തിൽ, വ്യാഴവും ചന്ദ്രനും
കർക്കടകത്തിലന്നേരം നിൽക്കവേ,
അർക്കപുത്രൻ തുലാത്തിലും, ഭാർഗ്ഗവ-
നത്യുച്ചസ്ഥിതനായിട്ടും, ഗോവിന്ദ!

വ്യാ—അർക്കൻ=ആദിത്യൻ. അന്നേരം=ആ സമയം. കർക്കടകത്തിൽ=കർക്കടകരാശി ഉദിച്ചിരിക്കുന്നസമയം. അർക്കപുത്രൻ=ശനി, ഭാർഗ്ഗവൻ=ശുക്രൻ. അത്യുച്ചസ്ഥിതൻ=അത്യുച്ചത്തിൽ നില്ക്കുന്നവൻ. മീനം രാശിയിൽ ഇരുപത്തേഴു തിയ്യതിയാകുമ്പോൾ ശുക്രന് അത്യുച്ചമാകുന്നു. "അജവൃഷഭമൃഗാംഗനാകുളീരാ ഝഷവണിജൗ ച ദിവാകരാദിതുംഗാഃ, ദശശിഖിമനുയുക്തിഥീന്ദ്രിയാംശൈസ്ത്രിനവകവിംശതിഭിശ്ച തേസ്തനീചാഃ." എന്ന ഹോരാശാസ്ത്രപ്രകാരം ആദിത്യനു മേടത്തിൽ പത്താമത്തേതും, ചന്ദ്രന് ഇടവത്തിൽ മൂന്നാമത്തേതും, ചൊവ്വാ മകരത്തിൽ ഇരുപത്തെട്ടാമത്തേതും, ബുധനു കന്നി

യിൽ പതിനഞ്ചാമംശത്തെയും, വ്യാഴത്തിനു കർക്കടകത്തിൽ അഞ്ചാമത്തെയും, ശുക്രനു മീനത്തിൽ ഇരുപത്തേഴാമത്തെയും, ശനിക്കു തുലാത്തിൽ ഇരുപതാമത്തെയും, ത്രിംശാംശം അത്യുച്ചങ്ങളാകുന്നു.

(ശ്ലോ) അഞ്ചുണ്ടു പോൽ ഗ്രഹങ്ങളുച്ചത്തിൽ
പിറന്നപ്പോൾ മഹാരാമനു പോൽ
ചന്ദ്രൻ വ്യാഴത്തോടൊന്നിക്കകാരണം
കേസരിയോഗമുണ്ടു പോൽ, ഗോവിന്ദ!

വ്യാ—അഞ്ചുണ്ടു.....ഉച്ചത്തിൽ=ആദിത്യൻ, കുജൻ, വ്യാഴം, ശുക്രൻ, ശനി. ഈ അഞ്ചു ഗ്രഹങ്ങൾ ഉച്ചത്തിൽ ഉണ്ട്. ചന്ദ്രൻ കർക്കടകത്തിലാകകൊണ്ട് ഉച്ചസ്ഥിതനല്ലെന്നു സ്പഷ്ടമാണല്ലോ. ബുധന്റെ ഉച്ചം കന്നിരാശിയാണല്ലോ. ബുധശുക്രന്മാർക്ക് ആദിത്യനിൽനിന്നു മുമ്പോട്ടും പിമ്പോട്ടും ഒന്നു രാശിയധികം അകന്നുപോകുവാൻ സാധിക്കയില്ല; അതിനാൽ ആദിത്യൻ മേടത്തിൽ നിൽക്കുമ്പോൾ ബുധനു് ഉച്ചസ്ഥിതി ലഭിപ്പാൻ മാർഗ്ഗമില്ല. ബുധന്റെ സ്ഥിതി ഏതു രാശിയിലായിരുന്നുവെന്നു് വാല്മീകിരാമായണത്തിലും, അദ്ധ്യാത്മരാമായണത്തിലും പറഞ്ഞുകാണാത്തതുകൊണ്ടാണു് ഈ ഗ്രന്ഥകാരനും പറയാതിരുന്നതു് എന്നു വിചാരിക്കാം. എങ്കിലും ബുധൻ, മൌഢ്യം കൂടാതെ മേടം രാശിയിൽ ആദിത്യനോടുകൂടി നിന്നു പുണ്യയോഗപ്രദനായി കർമ്മസ്ഥാനമായ പത്താമിടത്തോ അല്ലെങ്കിൽ ബന്ധുസ്ഥാനമായ ഇടവം രാശിയിൽ പതിനൊന്നാമിടത്തോ ആയിരുന്നുവെന്നു ഊഹിക്കാം. "നവഗ്രഹം ദ്വാദശരാശികളിൽ സ്ഥിതിചെയ്യുമ്പോൾ," എന്നു മുൻ ഇരുപത്തിമൂന്നാം പദ്യത്തിൽ പറഞ്ഞിട്ടുള്ളതു് ഈ ഊഹത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു.

'നവഗ്രഹങ്ങൾ' എന്നതിൽ രാഹുകേതുക്കളും കൂടി ഉൾപ്പെടുന്നുണ്ടെങ്കിലും, അവ കേവലം ഛായാഗ്രഹങ്ങളാകയാൽ പൂർവ്വാചാര്യന്മാരിൽ പ്രാചീനന്മാർ അവരെ ജാതകചിന്തയിൽ പരിഗണിക്കാറില്ല. വരാഹമിഹിരൻതന്നെ തന്റെ ഹോരാശാസ്ത്ര

ത്തിൽ "രാഹുസ്തു കേതുരന്യോ ദിവീതി കേചിൽ:" എന്ന് ഒരു ഗ്രഹങ്ങളുടെ പേരു മാത്രം പറഞ്ഞിട്ടുള്ളതല്ലാതെ മാന്ദി ഗ്രഹങ്ങളെപ്പറ്റി യോ ഫലനിർദ്ദേശത്തിലോ വല്ലതും എഴുതിക്കാണുന്നില്ല. അവർ ജ്യോതിഷചക്രത്തിലുള്ള മേഷാദിരാശികളിൽ ഒന്നിന്റേയും ആധിപത്യമോ ഉച്ചനീചാദിസ്ഥാനഭേദമോ പ്രാബല്യദൌർബ്ബല്യചിന്തയോ ഇല്ല. എന്തിനധികം? അവർ വാരാധിപക്രമം പോലുമില്ലല്ലോ. അതിനാൽ പ്രാചീനന്മാരായ ആ പാശ്ചാത്യർ രാഹുകേതുക്കളെ സ്വീകരിച്ചിട്ടില്ല. ഗുളികൻ, യാമക്രമം അനുസരിച്ചു ദിവസേന രാവും പകലും ഒരു കല്പസമയത്തിൽ മാത്രം വ്യവസ്ഥിതമായ ഒരു ദോഷമാകുന്നു. ഇതിനാൽ മൌഹൂർത്തികന്മാർ മാത്രമേ അതിനെ സ്വീകരിച്ചിരുന്നുള്ളു. പിന്നീട് കാലക്രമേണ കേരളത്തിലെ ജ്യോതിഷികൾ പ്രശ്നത്തിലും സ്വീകരിച്ചുതുടങ്ങി. പിന്നെയും വളരെക്കാലം കഴിഞ്ഞതിൽപ്പിന്നെയാണ് അവർ ജാതകത്തിൽ ഗുളികനെ സ്വീകരിച്ചുതുടങ്ങിയത്. 'പ്രശ്നമാർഗ്ഗം' 'ജാതകാദേശം' മുതലായ കേരളീയന്മാരുടെ നവീനജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിൽ മാത്രമേ ഗുളികനെക്കൊണ്ടു ഫലനിർദ്ദേശം ചെയ്യുന്ന പ്രമാണശ്ലോകങ്ങൾ കാണുന്നുള്ളു.

പിന്നെ പഞ്ചമഹായോഗങ്ങളുടെ കാര്യം. എന്നതിൽ പഞ്ചമഹായോഗം. "സ്വോച്ചസ്വക്ഷേത്രഗതൈഃ കേന്ദ്രസ്ഥൈഃ കമ്യുഃ ഭൌമാദ്യൈഃ രുചകഭദ്രഹംസമാലവ്യശശാഖ്യാഃ ക്രമാദ്യോഗാഃ" എന്ന ജാതകാദേശവചനപ്രകാരം, ചൊവ്വ, വ്യാഴം, ശനി ഈ മൂന്നു ഗ്രഹങ്ങൾക്കും സ്വോച്ചഗതന്മാരും കേന്ദ്രസ്ഥന്മാരുമാകകൊണ്ട് 'രുചകം,' 'ഹംസം,' 'ശശം' എന്ന മൂന്നു മഹായോഗങ്ങളുണ്ട്. 'പഞ്ചമഹായോഗങ്ങൾ' എന്ന് അവയുടെ സാമാന്യസംജ്ഞയായി ജ്യോതിഷികൾ പറയാറുള്ളതിനെ അനുസരിച്ചു പറഞ്ഞതല്ലാതെ ആ അഞ്ചു യോഗവും ഇവിടെ ഉണ്ടെന്ന് അർത്ഥമില്ല; അങ്ങ് അഞ്ചുംകൂടി സംഭവിക്കയുമില്ല. ഗ്രന്ഥവിസ്തരഭയം നിമിത്തം ഈ യോഗങ്ങളുടെ ഫലങ്ങളെ ഇവിടെ ഉദ്ധരിക്കുന്നില്ല.

'കേസരിയോഗം'—ഇത് ദരിദ്രയോഗങ്ങളുടെ അപവാദമാണ്. "ഹന്തി സർവ്വദുരിതാനി ചന്ദ്രകേന്ദ്രേ ബൃഹസ്പതിഃ। യഥാ ഗ

ശയഹാപ്യാണി നിധനത്യൈകോപിദകാഹ്രീ" എന്നു പ്രമാണം. "വക്രാ ക്കരാക്കുതമിസ്സകളൈപെട്ടിരിതഃ ശസ്ത്രാർക്ഷൃ ശരാഭയശു പാർ ക ധിരൈകപലംഗ." (ഹോരാ) ഇത്യാദിപ്രമാണപ്രകാരം രാമായ ണം മുതലായി ഇനിയും പല ഗ്രന്ഥങ്ങളുള്ളവയെ ഗ്രന്ഥകാരൻ വി സ്തരിക്കുന്നതു് വ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നില്ല.

(൩൨) ദൃഷ്ടിയിൽ ചൊവ്വ നിന്നതുകാരണം
കഷ്ടമത്രേ കളത്രം നിമിത്തമായ്
കണ്ടകസ്ഥാദി ഹേതുവായിട്ടുടൻ
കാട്ടപൂക്ക വസിക്കണം ഗോവിന്ദ!

വ്യാ—ദൃഷ്ടി=ഏഴാംഭാവം. കഷ്ടം=ദുഃഖം. കളത്രം=ഭാര്യ. കണ്ടകസ്ഥിതി=കേന്ദ്രത്തിൽ സ്ഥിതി; ലഗ്നം, നാല്, ഏഴ്, പത്ത്, ഈ ഭാവങ്ങൾക്കു കണ്ടകം, കേന്ദ്രം, ചതുഷ്ടയം എന്നു പേർ. "കണ്ടകകേന്ദ്രചതുഷ്ടയസംജ്ഞാഃ സപ്തമലഗ്നചതുർത്ഥഖനാനാം" എന്നു പ്രമാണം.

(൩൩) പുത്രകാരകനുച്ചസ്ഥനാകയാ_
ലുണ്ടാം നല്ലൊരു പുത്രനെടുക്കണ്ടു്.
പത്താമേടത്തു ഭാസ്കരൻ നിൽക്കയാൽ
കർമ്മശക്തിയുമുണ്ടുപോൽ, ഗോവിന്ദ!

വ്യാ—പുത്രകാരകൻ=വ്യാഴം. ഉച്ചസ്ഥൻ=ഉച്ചത്തിൽ നില്ക്കുന്നവൻ. (ഗ്രഹങ്ങളുടെ ഉച്ചരാശികളെല്ലാം മുമ്പുതന്നെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ടു്) ഭാസ്കരൻ=ആദിത്യൻ. (ഭാസ്സിനെ (വെളിച്ചത്തെ) ഉണ്ടാക്കുന്നവൻ എന്നു് അവയവാർത്ഥം) കർമ്മശക്തി=പ്രവൃത്തിസാമർത്ഥ്യം. (പുരാണപ്രകാരം. "ബലീപുത്രകാരകോ ദി നൈവകാര്യവിവർദ്ധനഃ" എന്നതുകൊണ്ടു)

"ദശമസ്ഥാനപ്രദാതാ ഭാനുഃ ഭുക്താനാമാതരശ്ച ശീഘ്ര ജ്ഞാനം ശോഭനം ച കർമ്മജ്ഞ ശ്രീവീര്യവിഖ്യാതം കർമ്മബലം [illegible]

നിർമ്മുക്തം, ഉത്കർഷ്യമധിശയ്യം ശനി, ദിഗ്ദേശാദികാലാദ്യസങ്ക്ഷ്യാദി കൊരവ" എന്ന പ്രമാണംകൊണ്ടു ശബ്ദങ്ങൾക്കു കാരകത്വം വിധിച്ചിരിക്കുന്നു. ഗന്ധമില്ലാത്തവയ്ക്ക് ഇതുപോലെ കാരകത്വം വിധിക്കുന്ന പ്രമാണങ്ങളുണ്ട്. അവ എഴുത്തിൽ വളരെ അധികമാകയാൽ ഇവിടെ ഉദ്ധരിക്കുന്നില്ല. 'ഭൂമിയിൽ ചൊല്ലുന്നിന്നു കാരണം' എന്നും മറ്റുമുള്ള പ്രയോഗം ഇതിനെ അനുസരിച്ചുള്ളതാണ്.

(൫൮) ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതി കൊടുക്കയാൽ,
ആലവട്ടം, കുട, തഴയെന്നിയേ
ശേഷിച്ചീല്ലൊന്നും ഭൂപന്നു ഗോവിന്ദ!

വ്യാ—ഉണ്ണിയുണ്ടായപ്പോൾതന്നെ. പുണ്യലോകായ(അ. പു. ഏ) നല്ല ജനങ്ങൾക്ക്. ഭൂതി=സമ്പത്ത് (ധനം) ഭൂപൻ=രാജാവ്) ആലവട്ടം, കുട, തഴ ഇവ രാജചിഹ്നങ്ങളാകകൊണ്ട് കൊടുപ്പാൻ തരമില്ലാത്തതിനാൽ മാത്രം ശേഷിച്ചതാണ്. ഇതിൽ നിന്നു രാജാവിന്റെ സന്തോഷാധിക്യവും ദാനതൽപരതയും വ്യക്തമാകുന്നു. ഇത് "ജനായ ശുദ്ധാന്തചരായ ശംസതേ കുമാരജന്മാമൃതസമ്മിതാക്ഷരം. അദേയമാസീത് ത്രയമേവ ഭൂപതേഃ ശശിപ്രഭം ഛത്രമുഭേ ച ചാമരേ." എന്ന രഘുവംശശ്ലോകത്തിന്റെ ഒരു പരാവർത്തനമാണെങ്കിലും, വ്യുൽപന്നനും സഹൃദയനുമായ നമ്മുടെ കവി, കവിശ്രേഷ്ഠന്റെ ആശയത്തെ തന്റെ ധിഷണാശാണോല്ലേഖനംകൊണ്ട് ഒന്നു പട്ടം തെളിയിച്ചപ്പോൾ അതിനു മുമ്പിലത്തേക്കാൾ ശോഭയും വിലയും കൂടിയതല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ലെന്നു നോക്കുന്നവർക്കറിയാം. അന്തഃപുരത്തിൽ ചരിക്കുന്നവരും ഉണ്ണിയുണ്ടായി എന്നു രാജാവിനെ അറിയിച്ചവരും ആയ ജനങ്ങളെ മാത്രമേ കാളിദാസൻ ദിലീപന്റെ സമ്മാനത്തിനു പാത്രമാക്കുന്നുള്ളൂ. നമ്മുടെ കവി അങ്ങനെയല്ല. ഉണ്ണിയുണ്ടായ സന്തോഷാവസരത്തിൽ ദശരഥചക്രവർത്തിയുടെ കണ്ണിൽ പെട്ടവരെല്ലാം അപരിമിതമാ

ന്റെ ഐശ്വര്യങ്ങളെക്കൊണ്ടു പുണ്യവാന്മാരാക്കിത്തീർക്കുന്നു. സകലാർഥി ജനങ്ങളെല്ലാരും ചോദിക്കുന്ന സർവസ്വവും ദാനം ചെയ്യുന്നതിനാൽ രാജാവിന്ന് നൈർധന്യമെന്ന ദോഷം വരാതിരിപ്പാൻ മൂലകാരൻ പ്രയോഗിച്ചിട്ടുള്ള 'ഭൂപാലഃ' എന്ന പദത്തെ നമ്മുടെ കവിയും വിട്ടിട്ടില്ല. ആശയം വരത്തക്കവിധം 'ഭൂപൻ' എന്നാക്കീട്ടുമുണ്ടു. ഭൂമിയിൽ നിന്നുണ്ടാവുന്ന ധനം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയും അതിൽനിന്നു രാജഭാഗം കിട്ടുകയും ചെയ്യുമല്ലോ. ഇവിടെ 'ഭൂപൻ' എന്ന വിശേഷ്യപദം സാഭിപ്രായമായി പ്രയോഗിച്ചിരിക്കകൊണ്ടു 'പരികരാങ്കുര'വും, ആവശ്യം കണ്ടറിഞ്ഞിട്ട് മനം ശോധിക്കാതെ സർവസ്വവും കൊടുക്കും എന്നു വർണിച്ചിരിക്കകൊണ്ട് 'അതിശയോക്തി'യും അലങ്കാരങ്ങൾ.

(ശ്ലോ. ൫) നാലു കയ്യുള്ള വിഷ്ണുവിനെപ്പോലെ
നാലുപുത്രന്മാരെക്കൊണ്ടു രാജാവും,
നാലു ദന്തങ്ങളുള്ള മഹേന്ദ്രമാം
വാരണംപോലെ ശോഭിച്ചു ഗോവിന്ദ!

വ്യാ—ദന്തങ്ങൾ—കൊമ്പുകൾ. മാഹേന്ദ്രം—ഇന്ദ്രനെസ്സംബന്ധിച്ചുള്ള് (ദേവേന്ദ്രന്റെ വാഹനമായിട്ടുള്ളത്) വാരണം—ആന. (ഐരാവതം) ഈ പദ്യം—

"സുരഗജ ഇവ ദന്തൈർഭഗ്നദൈത്യാസിധാരൈ-
ർന്നയ ഇവ പണബന്ധവ്യക്തയോഗൈരുപായൈഃ
ഹരിരിവ യുഗദീർഘൈർദോർഭിരംശൈസ്തദീയൈഃ
പതിരവനിപതീനാം തൈശ്ചകാശേ ചതുർഭിഃ"

എന്ന രഘുവംശശ്ലോകത്തിന്റെ ഒരു സാമാന്യപരിഭാഷയാണ്. എന്നാൽ മൂലത്തിലെ രണ്ടാംപാദത്തെ കവി തന്റെ പരി

ഭാഷയിൽ വിട്ടുകളഞ്ഞതുകൊണ്ടു്, ശാസ്ത്രപണ്ഡിതന്മാരല്ലാത്ത സാധാരണ ജനങ്ങൾക്ക് അതിന്റെ സാരസ്യസാരം ഉൾഗ്രഹിക്കുവാൻ കഴിഞ്ഞി ല്ലായിരിക്കാം. ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന നാലു പുരുഷാർത്ഥ ങ്ങളുടെ ദാതാവായ വിഷ്ണുഭഗവാൻ, നാലു ഭുജങ്ങളെക്കൊ ണ്ടു് എപ്രകാരം ശോഭിക്കുന്നുവോ, തന്റെ ശത്രുക്കളോടു പോരാടു കയും, രക്ഷണസാധനങ്ങളായ ശംഖചക്രഗദാദികളെ കൈയിൽ ധരി ക്കുകയും ചെയ്യുന്ന മഹാവിഷ്ണു, നാലു കൈകൾകൊണ്ടു് എ പ്രകാരം ശോഭിക്കുന്നുവോ അപ്രകാരം തന്റെ ഹിതകാരികളും സ ർവ്വകർമ്മകുശലന്മാരുമായ നാലു പുത്രന്മാരെക്കൊണ്ടു ദശരഥമഹാരാജാ വു ശോഭിച്ചു എന്നു വർണ്ണിച്ചിരിക്കുന്നതിനാൽ, സൽപുത്രന്മാരെ ക്കൊണ്ടു് ഒരു പിതാവിനുണ്ടാകാവുന്ന സൌഭാഗ്യാതിശയവും ചരി താർത്ഥതയും സമ്പൂർണ്ണമായിരിക്കുന്നു. അലങ്കാരം ഉപമ.

പരമഭക്തനായ കവി, തന്റെ പതിവുപോലെ വൃത്താവസാന ത്തിൽ അഭീഷ്ടപ്രാർത്ഥനാരൂപമായ മംഗളം ചെയ്യുന്നു.

(൨൩) ഗോവിന്ദ! ഹരി ഗോവിന്ദ! ഗോവിന്ദ!
ഗോവിന്ദ! ഹരി മാധവ! പാഹിമാം
ജാനകീനയനാമൃതമാകുന-
രൂപം കാണുമാറാകണം, ഗോവിന്ദ!

വ്യാ—മാധവ—(അ. പു. സം. ഏ) ലക്ഷ്മീദേവിയുടെ ഭർത്താവ്. (വിഷ്ണു) പാഹി—(ക്രി. ലോട്ട്. പരസ്മൈപദം. മ. പു. ഏ) രക്ഷി ക്കേണമേ. മാം—(അസ്മത്. ദ്വി. ഏ) എന്നെ. ജാനകീ...രൂപം—സീ താദേവിയുടെ കണ്ണുകൾക്ക് അമൃതിന്റെ പാത്രമായിട്ടുള്ള ആകൃതി. ശ്രീരാമസ്വരൂപം, എന്നു താൽപര്യം.

ഈ വൃത്തത്തിലെ പാദങ്ങളുടെ ശീൽ, പാനപ്പാട്ടുകളുടെ ശീൽ തന്നെ. "വൃത്തമഞ്ജരി"കാരൻ 'സർപ്പിണി' എന്നൊരു പുതിയവൃ ത്തം കല്പിച്ചു് ഒരു രണ്ടാംവൃത്തത്തിനെയും, മറ്റൊരു വൃത്തത്തി

ണ്ടായെങ്കിൽ അതാണെന്നു പറയുന്നു. എന്നാൽ കഥകളിയുടെ രണ്ടു പാദങ്ങളിലും അന്ത്യാക്ഷരത്തിൽ മാത്രം വർണ്ണം കൂട്ടി 'ഭൂതകളി' എന്നൊരു നൃത്തവൃത്തം സൃഷ്ടിച്ച പാനപ്പാട്ടുകളെ ഇതിൽ ചേർത്തു് ഉദാഹരിക്കുകയുംചെയ്യുന്നു. "കേരളകൌമുദി" കർത്താവായ കോവുണ്ണിനെടുങ്ങാടി, 'സന്താനഗോപാലം' 'ജ്ഞാനപ്പാന' 'സ്വർഗ്ഗവംശപിറന്ന ഗോപാലനാം' എന്നിത്യാദി ഇതപ്പറഞ്ഞനാലു വൃത്തത്തിലെ രണ്ടാംവൃത്തം, ഇവയെല്ലാം ഒരുവൃത്തംതന്നെ എന്നും പറയുന്നു. അതിനാൽ ഈ അഭിപ്രായങ്ങളുടെ സൂക്ഷ്മമായ വ്യത്യാസം വൃത്തത്തിൽ ചാതുര്യമുള്ളവരുടെ പരിശോധന വിഷയമായിട്ടുള്ളതാണ്.

രണ്ടാം വൃത്തം കഴിഞ്ഞു.

മൂന്നാം വൃത്തം.

(൧) കമലദളലോചനവൃ-
മമലകരപാദതല-
മസകലകലാക്ഷരമൊ-
ടയില്ലിനൊരു ഗീതകളും,
അതിവിശദമന്ദരുചി-
മൃദുഹസിതമാനനവു-
മകതളിരിലാക മമ
രമേ! മഹ്യനാഥദയേ!

വൃത്ത—ലക്ഷണം:—ഗണം—ഗണകൾപ്പുവിന്റെ ഇതിൻ്റെ പാദവൃത്തി കണ്ടുകൾ. അക.....യലച്ചെതളിവുള്ള ഉള്ളതെങ്കിലും ഉള്ളതാവുകളും. അസംഗീതങ്ങൾ അനുസാരങ്ങൾ മുഴുവൻ തെളിയാതെ മധുര

മായി പറയുന്ന വാക്കുകൾ; അതി.....ഹസിതം=വളരെ വെളുത്ത വള്ളിന്റെ ശോഭയോടും പുഞ്ചിരിയോടും കൂടിയതു്. ആനനം=മുഖം; മമ (അസ്മദ് ഷ. ഏ.) എന്റെ; രഘുനായക (അ. പു. സം. ഏ) =രഘുകുലത്തിലെ നായകൻ; ജയ (ലോട്. പര. മ. പു. ഏ)=ജയിപ്പൂതാക;

(ഫ) ത്രിഭിരവരജൈരഖില-
ജനനയനമോദകര-
നമലയശസാ ച സഹ
വിപുലഗുണദാശരഥി,
പ്രതിപദുഡുനാഥ ഇവ
സപദി വവൃധേ തദനു
സകലജനവന്ദ്യതനു-
രമരസുനാഥജയ!

വ്യാ.—ത്രിഭിഃ (ഇ. പു. തൃ. ബ)=മൂന്നു്; അവരജൈഃ (അ. പു. തൃ. ബ)=അനുജന്മാരോടുകൂടി; അഖില.....കരൻ=സർവ്വജനങ്ങളുടെയും കണ്ണുകൾക്കു സന്തോഷമുണ്ടാക്കുന്നവൻ; അമലയശസാ (സ. ന. തൃ. ഏ) നല്ല കീർത്തിയോടു്; ച. സഹ (അവ്യ)=ഉം. കൂടി; വിപുല.....രഥി—വളരെ ഗുണങ്ങളുള്ള ദശരഥന്റെ പുത്രൻ; പ്രതിപദുഡുനാഥഃ (അ. പു. പ്ര. ഏ)=പ്രതിപദ (അതായത് ശുക്ലപ്രതിപദ)ത്തിൽ നാളുള്ള ചന്ദ്രൻ; ഇവ (അവ്യ)=എന്നപോലെ; സപദി=(അവ്യ) വേഗത്തിൽ; വവൃധേ=(ലിട്. ആ. പ്ര. പു. ഏ)=വളർന്നു; തദനു(അവ്യ)=അതിനുശേഷം; സകല.....തനു=സർവ്വജനങ്ങളാലും വന്ദിക്കപ്പെടുവാൻ യോഗ്യമായ ശരീരത്തോടുകൂടിയവൻ.

(ബ) നാവു നിജ ചെറിയ ചില
ബാലകരിലിയലിനൊരു
ലീലകളിൽ മുദിതനര-
പാലമണി നിജ യുവതി-

ജാലമുല പൂണ്ടിരുന്ന
കാലമഥ കൗശികസുത-
നാലയത്തിലടുത്തു വന്നു
രാമരഘുനാഥജയ!

വ്യാ— നാലു......ഥിപകളിൽ=തന്റെ ചെറിയ കുട്ടികളുടെ കളികളിൽ; മുദിത.....മണി=സന്തുഷ്ടനായ രാജാവു്; നിജ.....കാലം=തന്റെ മക്കളോടുകൂടി സുഖിച്ചിരിക്കുന്ന കാലത്തു്; അഥ (അവ്യ=കാച്ചകാലം കഴിഞ്ഞശേഷം; കൗശികസുതൻ=വിശ്വാമിത്രമഹർഷി; ഇതിലുള്ള 'അഥ' എന്ന അവ്യയത്തിന്റെ സാമർത്ഥ്യംകൊണ്ടു് പുത്രന്മാരുടെ ചൌളോപനയനാദിക്രിയകളും, ശസ്ത്രശാസ്ത്രാദിവിദ്യാഭ്യാസങ്ങളും മറ്റും കഴിഞ്ഞു യൌവനാരംഭമായിരിക്കുന്നു എന്നുള്ള അർത്ഥം സിദ്ധിക്കുന്നു. ഈ വൃത്തത്തിൽ പല പദ്യങ്ങളിലും, ഭാഷാസംസ്കൃതപദങ്ങളെ ഇടകലർത്തി മിശ്രസമാസങ്ങൾ ചെയ്തിരിക്കുന്നതിലും, ഇതുകൂടാതെ വിന്യാസക്രമംകൊണ്ടു് ഉച്ചാരണവൈഷമ്യം വരുത്തിയിരിക്കുന്നതിലും, കവി, നിരങ്കുശമായ സ്വാതന്ത്ര്യം പ്രകടിപ്പിച്ചിരിക്കുന്നു. അതെല്ലാം വായനക്കാർ യുക്തിയോടുകൂടി ക്ഷമാപൂർവ്വം പരിചയിക്കയല്ലാതെ ഗത്യന്തരമില്ല.

(ഠ) “നാലു ജലധി വസനായക-
ഭൂപതികൾമണിമകുട-
മാലകൊണ്ടു പരിലസിത-
പാദകമലയുഗള! തവ
ബാലകനെത്തരികയിന്നു
യാഗക്രിയ കഴിച്ചുകൊൾവാ-
നാലംബനമൊരുവരില്ല
രാമരഘുനാഥജയ!”

വ്യാ—നരപതി......മാലകൊണ്ട് = നല്ല സമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഭൂമിയിലുള്ള രാജാക്കന്മാരുടെ കിരീടങ്ങളെക്കൊണ്ട്. പതി......യുഗള!(അം. പു. സം. ഏ.) = ശോഭിച്ച പാദങ്ങളോടുകൂടിയ മഹാരാജാവേ! (ചക്രവർത്തി എന്ന സിദ്ധാന്തം.) തവ = അങ്ങയുടെ; ആലംബനം = ആശ്രയം. ഇവിടെ 'ഉദധിവസനയാകും' എന്ന പദം, 'ഭൂപതികൾ' എന്ന സമസ്തപദത്തിൽ ഉൾപ്പെട്ട 'ഭൂ' എന്നതിന്റെ വിശേഷണമാണ്. ഇങ്ങനെയുള്ള പ്രയോഗം ഇപ്പോഴത്തെ വൈയാകരണന്മാർക്ക് സമ്മതമല്ല; എഴുത്തച്ഛൻ മുതലായ പൂർവ്വകവികൾ ധാരാളം പ്രയോഗിക്കാറുണ്ട്. 'രാക്ഷസേശ്വരനായ രാവണഗിരി താൻ' എന്നും മറ്റും രാമായണാദിഗ്രന്ഥങ്ങളിൽ സുലഭമാണ്. 'മാലകൊണ്ട്'—'പതിലസിതപാദകമലയുഗള!' എന്നതും അങ്ങനെതന്നെയുള്ള ഒരു പ്രയോഗമാകുന്നു.

(ഖ) "മുനിപ്രവര! കൗശികസുത!
ചെറുപ്പമത്രേ മമ മകനു
നമുക്കിവനെപ്പിരിഞ്ഞിരുന്നാ-
ലരക്ഷണവും പൊറുക്കയില്ല
സമസ്തകർമ്മപ്രതിപക്ഷികൾ-
കഴുത്തറുത്തു സവനരക്ഷ
വരുത്തുവനിന്നു വയമപി ച
രാമരഘുനാമധേയ!"

വ്യാ—സമസ്ത......കഴുത്ത് = എല്ലാ യാഗവിരോധികളുടെയും കഴുത്ത്; സവനരക്ഷ = യാഗരക്ഷ; വയം (അസ്മദ്. പ്ര. ബ) ഞങ്ങൾ; താൻ എന്ന സാരം. അപി. ച = (അവ്യയം) തന്നെ.

(ന) "ചെറുപ്പമല്ല തവ മകനു
ജഗത്ത്രിതയപരമഗുരു
വലിപ്പവുമിന്നിവനെത്രയെ-
ന്നറിഞ്ഞതില്ലയൊരുപുരുഷൻ

വലിപ്പമെഴുമസൃക്പകാനന-
മഹൽപ്പാവകനിവനതിന്നു
വികല്പമില്ല നൃപതിവര!
രാമരഘുനാഥജയ!"

വ്യാ—ഭുവനതലേ. ജഗൽ.....ഭൂതലമാകുന്ന ലോകത്തിൽവച്ച് ഏറ്റവും വലിയവൻ. വലിപ്പം = മാഹാത്മ്യം. അസൃക്പ......പാവകൻ = രാക്ഷസന്മാരാകുന്ന വനത്തിനു അഗ്നിയായിട്ടുള്ളവൻ. വികല്പം = സംശയം. നൃപവര = രാജശ്രേഷ്ഠ.

(൭) നമുക്കിവനെ നൃപതിമണി
തരികയില്ലെന്നരച്ച മുനി
മനക്കാമ്പിൽ കുപിതനായി-
ട്ടുറത്തു പുറപ്പെട്ടളവിൽ
കൊടുക്കയത്രെ ഉചിതമെന്നു
വസിഷ്ഠമുനിവചനം കേട്ടു
കൊടുത്തുവിട്ടു നിജമകനെ
രാമരഘുനാഥജയ!

വ്യാ—നൃപതിമണി = രാജാവ്; കുപിതൻ = കോപിച്ചവൻ; ഉചിതം = യോഗ്യം. വസിഷ്ഠ.....വചനം = വസിഷ്ഠമഹർഷിയുടെ വാക്ക്. രാമനെ വിശ്വാമിത്രനോടുകൂടി അയച്ചാൽ ആ ഗമനത്തിൽ നിന്നു പല ഗുണങ്ങളും സിദ്ധിപ്പാനുണ്ട് എന്നു വസിഷ്ഠനുപദേശിച്ചു.

(൮) ലോകത്രയകൃതസുകൃത-
പൂരമൊക്കെ തരുണതയി-
ലേവംവിധം ചമഞ്ഞുകൊണ്ടു
ചാലെപ്പുറപ്പെട്ടളവിൽ

താപത്രയനികരങ്ങളും
വഴിപോലെ ശമിപ്പതിന്നു—
ആരംഭിക്കത്തുടങ്ങി ഹരി
രാമരഘുനാഥ ജയ!

വ്യാ— ലോക......പൂരം മൂന്നു ലോകങ്ങളിലുള്ളവർ ചെയ്ത പുണ്യങ്ങളുടെ. തങ്ങളാൽ = ഭൈരവനായക(?) പുണ്യഫലങ്ങൾ ആകൃതി; ഏവംവിധം = ഇപ്രകാരം. (ശ്രീരാമരൂപത്തിൽ) താപത്രയനികരം = ആദ്ധ്യാത്മികങ്ങളും, ആധിഭൌതികങ്ങളും, ആധിദൈവികങ്ങളുമായി മൂന്നുവിധത്തിലുള്ള താപങ്ങളുടെ കൂട്ടം. ആദ്ധ്യാത്മികങ്ങൾ = മനശ്ശരീരാദികളെ അധികരിച്ചുണ്ടാകുന്ന രോഗകാമക്രോധാദികൾ; ആധിദൈവികങ്ങൾ = ദേവന്മാരായ ഇന്ദ്രാഗ്നിവായ്വാദികളെ അധികരിച്ചുണ്ടാകുന്ന അതിവൃഷ്ടി, അനാവൃഷ്ടി, കൊടുങ്കാറ്റ്, അഗ്നിഭയം മുതലായവ; ആധിഭൌതികങ്ങൾ = ഭൂതങ്ങളായ സിംഹം, വ്യാഘ്രം, സർപ്പം മുതലായ ജന്തുക്കളിൽ നിന്നുണ്ടാകുന്നവ.

(൯) ഉത്തമോദം ദശരഥന്റെ
കാൽത്തളിരിൽ വണങ്ങി വീണു
കൂർത്തശരം കലചിലയും
ചേർത്തു നിജകരതളിരിൽ
വാർത്ത മുനി പറയുന്നതും
കേട്ടു സുഖിച്ചു മിതധൃതി
പോയ്ത്തുടങ്ങി നൃപതനയർ
രാമരഘുനാഥ ജയ!

വ്യാ— ഉത്തമോദം (ക്രി. വി) = സന്തോഷത്തോടുകൂടി, കലചിലം = കലവില്ല്; വാർത്ത = ഓരോ കഥ, മുനി = വിശ്വാമിത്രൻ; മിതധൃതി (ക്രി. വി) = ധൈര്യത്തോടുകൂടി; നൃപതനയർ = രാമലക്ഷ്മണന്മാർ.

(൧൦) 'ബല'യു'മതിബല'യുമിതി
മന്ത്രയുഗളമുപദേശിച്ചു
വിശപ്പു ദാഹം കളയിപ്പിച്ചു
സരയൂനദി കടന്നുടനേ
വലിയ വനമകം പുകുമ്പോൾ
വലിയ ചില നിനദം കേട്ടി-
ട്ടുള്ളുക്കള്ളുക്ക പിടിച്ചു മുനി
രാമരഘുനാഥജയ!

വ്യാ—ഇതി(അവ്യ)=എന്നിങ്ങനെ; മന്ത്രയുഗളം=രണ്ടുമന്ത്രങ്ങൾ; വലിയ......പുകുമ്പോൾ=വലിയ കാട്ടിൽ കടന്നപ്പോൾ; നിനദം=ശബ്ദം; ഉള്ളുക്കള്ളുക്ക്=വിറയൽ. (ഉള്ളുക്ക്=പേടികൊണ്ടു കരളിൽ ഉള്ള ഞെട്ടൽ; കള്ളുക്ക്=വിറയൽ; ഉള്ളുക്കിനെത്തുടർന്നുണ്ടാകുന്ന പോലെയുള്ള കള്ളുക്ക് എന്നു അവയവാർത്ഥം) പേടിച്ചു വിറച്ചു എന്നു സാരം.

(൧൧) പെരിയ മല കരചരണ-
യുഗളങ്ങളെയിളിച്ചുകൊണ്ടു
വരുന്നപോലെ രജനീചരി-
വരവുകണ്ടു പറഞ്ഞു മുനി;
"നരഭോജിനിയിതു താടക
വരുന്നു ദശരഥതനയ!
ശരം തൊടുക്ക വിരവിനൊടു
രാമരഘുനാഥ ജയ!

വ്യാ—കര......യുഗളങ്ങളെ=ഇരണ്ടു ദീർഘകൈകാലുകളെ; രജനീ......വരവു=രാക്ഷസിയുടെ വരവു; നരഭോജിനി=മനുഷ്യരെ തിന്നുന്നവൾ; വിരവിനോടു=വേഗത്തിൽ.

(൫൨) അതിചുവന്ന തലമുടിയും
വലിയ ഗൂഢ കണ്ണുകൾ വായും
ചുവന്ന വട്ടപ്പരിചപോലെ
ചുവന്ന കണ്ണിൻമിഴികൾ രണ്ടും
പെരിയ വല്ലംകണക്കെ വയ-
റരിയപരാക്രമണംകൊണ്ടു
ധരണിതലം കലുക്കിവന്ന
രാമരഘുനാഥ ജയ!

വ്യം...വല്ലം=എന്നല്ല കുതലായ ശബ്ദങ്ങൾ നിരർത്ഥകങ്ങളെന്നു കൂടാ. അല്ലെങ്കിൽ കൊട്ട; പരാക്രമണം=കലുകൾ എന്നുള്ളവഞ്ഞകു; ധരണീതലം=ഭൂമി.

(൫൩) വീണ്ടടിത്തുമ്പലകൾകൊണ്ടു-
മാഞ്ഞടിക്കമടികൾകൊണ്ടു
പാഞ്ഞു മൃഗപടലി ഭിശി
ചാഞ്ഞു തരുനികരങ്ങളും,
പാഞ്ഞുവന്നു പിടിച്ചു തന്റെ
പ്രാണങ്ങളെക്കളയും മുമ്പെ
ബാണംകൊണ്ടു കൊടുക്കരസി
രാമരഘുനാഥജയ!

വ്യാ—മൃഗപടലി=മൃഗങ്ങളുടെ കൂട്ടം; ഭിശി(ശ. സ്ത്രീ. സ. ഏ)=ഭാരരാശിക്കിൽ; തരുനികരങ്ങൾ=മരക്കൂട്ടങ്ങൾ; രക്ഷസി(സ. ന. സ. ഏ)=രാക്ഷസത്തിൽ; ബാണം കൊണ്ടു കൊടുക്ക=ബാണം പ്രയോഗിക്ക. ഇതു ലോകകാര്യത്തെ അനുകരിച്ചുള്ള പ്രയോഗമാണ്. ഇതു പോലെ അടുത്ത പദ്യത്തിലും കാണാം.

(൫൪) കരുത്തിയെന്നു നിനച്ചു നീയും
വധിപ്പതിനു മടിക്കവേണ്ടാ
പെരുത്ത ദുഷ്ടവധം നിനക്കു
വിധിച്ച വിധിയിതെന്നറിക
തടിച്ചി വന്നു പിടിച്ചു നമ്മെ—
കടിച്ചു തിന്നുന്നതിനുമുമ്പെ
കൊട്ടക്കരസി വിശിഖംകൊണ്ടു
രാമരഘുനാഥ ജയ!

വ്യാ— കരുത്തിയെന്ന്=സ്ത്രീവധം നിന്ദ്യമാണെങ്കിലും എന്നു വിചാരിച്ച്; ദുഷ്ടവധം=ദുഷ്ടന്മാരെ കൊല്ലുക; വിധി=കർത്തവ്യം; കരസി=(സ. നാ. സ. ഏ) ചെയ്യുക; വിശിഖം=അമ്പ്.

(൫൫) ഭൂമണ്ഡലം വിഴുങ്ങുവാനായ്
വാ പൊളിക്കുമസുരസുത
ദീർഘജിഹ്വാ വിജിതയായി
വാസവനാലൊരുദിവസം
ലോകം മൂന്നുമനിന്ദ്രമാവാൻ
സേവിക്കുന്ന ഭൃഗുപത്നിയെ
വാസുദേവൻ കഴിച്ചു പണ്ടു
രാമരഘുനാഥ ജയ!

വ്യാ—ഭൂമണ്ഡലം=ഭൂമി; അസുരസുത=വിരോചനനെന്ന അസുരന്റെ പുത്രി; വിജിത=ജയിക്കപ്പെട്ടവൾ. (വധിക്കപ്പെട്ടവൾ എന്നു സാരം) വാസവൻ=ഇന്ദ്രൻ; അനിന്ദ്രം=ഇന്ദ്രനില്ലാത്തത്. (നാല് ബഹുവ്രീഹി) ഭൃഗുപത്നി=ഭൃഗുമഹർഷിയുടെ ഭാര്യ. ശുക്രന്റെ അമ്മ. വാസുദേവൻ=വിഷ്ണു; കഴിച്ചു=വധിച്ചു.

(൩൯) മൂത്ത വരപരശുകൊണ്ടു
ഭാർഗ്ഗവനും മുറിച്ച നിജ-
ധാത്രിയുടെ കഴുത്തു പണ്ടി-
രോക്ക ഹൃദി രഘുതിലക!
പാർക്കരുതു പറയുന്നു വില്ലു,
ചേർക്ക നല്ല പകഴിതന്നിൽ
രാക്ഷസിയെക്കഴിക്ക ശിവ
ശർമ്മരഘുനാഥജയ!

വ്യാ—മൂത്ത=മൂപ്പേറിയ; വരപരശു=നല്ല വെണ്മഴു; ഭാർഗ്ഗവൻ=പരശുരാമൻ; നിജധാത്രി=തന്റെ അമ്മ; ഇഹ്=ഇങ്ങനെ. പല വീരന്മാരും ധർമ്മശാസ്ത്രവിധി സ്ത്രീവധം ചെയ്തുകൾ; ഹൃദി(ഭ. സ. സം. ഏ)=മനസ്സിൽ; പാർക്ക=താമസിക്ക; പകഴി=അമ്പ്; പ്രാചീനമലയാളം, 'രാമചരിതം' മുതലായ പഴയ കൃതികളിൽ പാട്ടുകൾ നോക്കുക) കഴിക്ക=അവസാനിപ്പിക്ക. വധിക്ക എന്നു സാരം;

(൪൦) പിടിച്ചുകൊണ്ടു കടിച്ചുതിന്നു-
ന്നവർകളുടെ കടയനിണ-
മുടലിലണിഞ്ഞിതാ വരുന്നു
തടിച്ചുയർന്ന ജനിചരി
തൊടുക്ക ശരം ചെവികളിലെ
വലിച്ചുനോക്കിട്ടടനയരുതു
മടിക്കരുതു മനുതിലക!
രാമരഘുനാഥ ജയ!"

വ്യാ—കടയനിണം=കടലും ചോരയും; ജനിചരി=രാക്ഷസി; മനുതിലകൻ=മനുവിന്റെ കുലത്തിൽ ശ്രേഷ്ഠൻ;

(൫൭) ഇത്ഥം മുനിവചനം കേട്ടു
പെൺകൊലയിലൊഴിച്ചു കൃപ
തൻശരത്തിന്നുനമേൽ വച്ചി-
ട്ടമ്പിനോടേ വലിച്ചൊരൊത്തു
അമ്പുകൊണ്ടു രജനീചരി
മുമ്പിൽത്തന്നെ മരിച്ചുവീണു
വമ്പിച്ചൊരു മലകണക്കെ
രാമരഘുനാഥ ജയ!

വ്യാ—ഇത്ഥം(അവ്യ)=ഇങ്ങനെ; മുനിവചനം=വിശ്വാമിത്ര മഹർഷിയുടെ വാക്ക്; കൃപ=ദയ; ഇതു് "ഉദ്യതൈകഭുജയഷ്ടിം" എന്ന രഘുവംശശ്ലോകത്തിലെ "വനിതാവധഘൃണാം പത്രിണാ സഹ മുമോച രാഘവഃ" എന്ന വാക്യത്തിന്റെ ഒരു പരാവർത്തനമാണ്. സ്ത്രീവധത്തിലുള്ള ദയയേയും അമ്പിനേയും കൂടി വിട്ടു എന്ന വസ്തുസ്ഥിതികൊണ്ടു സഹോക്ത്യലങ്കാരം.

(൫൮) ബുദ്ധിമതി രഘുവരനിൽ-
സ്സിദ്ധമാക്കി ധനുർവ്വേദത്തെ
സിദ്ധാശ്രമം ഗമിച്ചു മുനി
ശുദ്ധകർമ്മം തുടങ്ങുന്നപ്പോൾ
ഉദ്ധതരാം നിശിചരരും
വിഘ്നങ്ങളെത്തുടങ്ങുംനേരം
യുദ്ധം ചെയ്തു രഘുതിലകൻ
രാമരഘുനാഥജയ!

വ്യാ—ബുദ്ധിമതി (സ. പു. സ. ഏ)=ബുദ്ധിമാനായ. 'രഘുവരനിൽ' എന്നതിന്റെ വിശേഷണം. സിദ്ധം=സാധിച്ചതു്, വശപ്പെ

ഋക്ക് - ശരവർഷം=വില്ലുകൊണ്ടു പ്രയോഗിപ്പാനുള്ള വേദം. പ്രയോഗം, ഉപസംഹാരം ഇവയോടുകൂടി മന്ത്രപൂർവ്വം ദിവ്യാസ്ത്രങ്ങളെ പ്രയോഗിപ്പാനുള്ള വിദ്യ എന്നു സിദ്ധാന്തം. ഋക്ക് എല്ലാ വില്ലാളികൾക്കും സിദ്ധമല്ല; ശ്രീരാമൻ, അർജ്ജുനൻ, ഭീഷ്മർ, ദ്രോണർ, അശ്വത്ഥാമാവ്, കർണ്ണൻ മുതലായവർക്കുള്ള വിശേഷം ഈ ദിവ്യാസ്ത്രസിദ്ധിയാണ്. സിദ്ധാശ്രമം=വിശ്വാമിത്രന്റെ തപോവനം. ഇവിടെ പണ്ടു മഹാവിഷ്ണു, വാമനാവതാരത്തിൽ തപസ്സുചെയ്തു സിദ്ധിവരുത്തിയതിനാൽ 'സിദ്ധാശ്രമം' എന്നു പേരുണ്ടായി എന്നു രാമായണത്തിൽ പറയുന്നു. ശുഭകർമ്മം=യാഗം; ഉദ്ധതർ=ക്രൂരന്മാർ; വിഘ്നങ്ങൾ=തടസ്സങ്ങൾ;

(൧൦) യാഗം മുനി തുടങ്ങുന്നതിൻ
മീതെ ചെന്നു നിറയും ചില
നീലജലധരപടലി
പോലെ നിശിചരനിവഹം
രാമശരനികരങ്ങളും
മാറിലുടനുടൻ തറച്ചു
നാലു ദിശി പറന്നുപോയി
രാമരഘുനാഥ ജയ!

വ്യാ—നീല......പടലി=കാർമേഘക്കൂട്ടം; നിശി.....നിവഹം=രാക്ഷസക്കൂട്ടം; രാമ.....നികരങ്ങൾ=രാമബാണങ്ങൾ; ദിശി(സ. സ്ത്രീ. സ. ഏ)=ദിക്കിൽ; പേടിച്ചു നാലു ദിക്കിലേക്കും പറന്നുപോയി എന്നു സാരം.

(൧൧) ബാഹുബലം പെരുകിയ സു-
ബാഹു ഉടൻ മരിച്ചു വീണു
രാമശരദലിതഗള-
നാളനവരുധിരതനു

ജീവിച്ചുടനിരിക്കെത്തന്നെ
മാരീചന്റെ മരണമെത്തു-
മാറു നിജശരമെയ്ച്ചു
രാമരഘുനാഥ ജയ!

വ്യാ—ബാഹുബലംകൊണ്ടു്; ഉവി (ഉ. ശ്രീ. സം. ഏ) ഭൂമിയിൽ; രാമ.....തന്ന—(സുബാഹുവിനെക്കാളം) രാമന്റെ അമ്പു കൊണ്ടു മുറിഞ്ഞതായ ശരീരത്തിലെ പുതിയ ദ്വാരങ്ങളോടുകൂടിയ ഉടലോടുകൂടിയവൻ; ജീവിച്ചു.....മരണമെത്തുമാറ്—മാരീചൻ ജീവിച്ചിരുന്നാലും ഇനി മേൽ യാതൊരു ദുഷ്കർമ്മവും ചെയ്യാതെ എപ്പോഴും രാമനിൽ ഭയത്തോടുകൂടിയിരിക്കത്തക്കവണ്ണം; നിജശരം—തന്റെ അമ്പ്; നോക്കുക:—

"രാമബാണ സന്താപ വിദാരിതോ ഭീതഭീത ഇവ സാഗരശീതാ രാക്ഷസാനാരണ്യ ഭയാർതം ദൃഷ്ട്വാ ഭയാർത്തി ഗതം ഭയം ഭവാൻ. രാമ ആഗത ഇത്യേവ ശങ്കയാ ബാഹ്യകാര്യം പരിസന്ത്യജ്യ. നിദ്രാം പരിത്യജ്യ ഭയാത് സദാ രാമം സ്മരാമ്യഹം."

(അദ്ധ്യാത്മരാമായണം. ആരണ്യകാണ്ഡം. ഷഷ്ഠസർഗ്ഗം. പദ്യം ൧൦, ൧൧.)

(൨൨) ശാപംകൊണ്ടൊരഹല്യ പണ്ടു
പാറയായികിടക്കുന്നതിൻ-
മീതേ ചെന്നു ചവിട്ടുന്നേരം
ശാപമകന്നവളുടൻ
ചാരുസ്മിതമധുരമുഖി
നാരിയായിച്ചമഞ്ഞരിയ
ഗൌതമന്റെയരികിലായി
രാമരഘുനാഥ ജയ!

വ്യാ— ശാപം...[illegible]...അഹല്യ = അഹല്യയുടെ ശാപകാരണവും, അതിന്റെ പ്രകാരങ്ങളും രാമായണം ബാലകാണ്ഡത്തിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. [illegible]...[illegible] = [illegible]യുള്ള [illegible] കൊണ്ട് തെളിഞ്ഞ മുഖത്തോടുകൂടിയവൾ; അറിവ് = യോഗ്യനായ; ഗൗതമൻ = അഹല്യയുടെ ഭർത്താവായ മഹർഷി:

(൨൩) ആശ്ചര്യമധികതരം
വാച്ചു മുനിപടലികളും
കാഴ്ച കണ്ടു സുഖിച്ചധികം
കൂപ്പിത്തൊഴുതമരുവുപരി
അത്തരമോരോ പെരുമ്പറകൾ
താക്കിസ്സുരപടലികളും
വാഴ്ത്തുന്നതും ചെവിക്കൊണ്ടൊരു
രാമരഘുനാഥ ജയ!

വ്യാ— ആശ്ചര്യം = അത്ഭുതം (അദ്ഭുതം) അധികതരം = വളരെ അധികം; മുനിപടലികൾ = മുനികളുടെ കൂട്ടങ്ങൾ; [illegible]മം (ക്രി. വി) = സന്തോഷത്തോടുകൂടി; താക്കി = അടിച്ചുമുഴക്കി; ഉപരി (അവ്യ) = മേൽഭാഗത്ത്; സുരപടലികൾ = ദേവന്മാർ; ചെവിക്കൊണ്ടു = ചെവിയിൽ കൊണ്ടു. (കേട്ടു) അഹല്യാശാപമോക്ഷത്തിൽ സാക്ഷികളായിരുന്ന മഹർഷിമാർ രാമന്റെ അമാനുഷമായ മഹിമാതിശയം കണ്ടിട്ടാണ് വിസ്മയമുണ്ടായത്. ദേവന്മാരുടെ സന്തോഷകാരണവും അതുതന്നെ.

(൨൪) മിഥിലയിലങ്ങകത്തു പുക്ക
സകലവരനൃപസമക്ഷം
പുരഹരന്റെ പെരിയ വില്ലു-
മൊടിച്ചരിയ ജനകനൃപ-

ദുഹിതൃകാപരിഗ്രഹണം
കഴിച്ചു ദശരഥനുമായ-
പ്പുരിയിൽനിന്നു വിനിർഗ്ഗമിച്ചു
രാമരാഘവനാഥജയ!

വ്യാ—മിഥില...ജനകരാജധാനി; സകല.....സമക്ഷമെല്ലാരാജാക്കന്മാരുടെ മുമ്പിൽ വച്ച്; പുരഹരൻ=ശിവൻ (ത്രിപുരന്മാരെ സംഹരിച്ചവൻ എന്ന് അവയവാർത്ഥം) ജനക.....പരിഗ്രഹണം=ജനകരാജാവിന്റെ മകളുടെ പാണിഗ്രഹണം; വിനിർഗ്ഗമിക്ക=പുറപ്പെടുക;

(വര) പാരിച്ചൊരു മഴുവെടുത്തു
ഘോരഘോരസമരങ്ങളിൽ
പാരിലുള്ള മുടിക്ഷത്രിയ-
വീരരുടെ കഴുത്തറുത്തു
ചോരവെള്ളപ്പെരുമ്പുഴയിൽ
നീരാടിയ മുനിപ്പെരുമാൾ
നേരെ വന്നു വഴി തടുത്തു
രാമരാഘവനാഥ ജയ!

വ്യാ—പാരിച്ച=വലിയ; ഘോരഘോരസമരങ്ങൾ=ഭയങ്കരങ്ങളായ മഹായുദ്ധങ്ങൾ; മുടിക്ഷത്രിയവീരർ=കിരീടം ധരിച്ച രാജാക്കന്മാർ. നീരാടുക=കുളിക്കുക. മുനിപ്പെരുമാൾ=മഹർഷിശ്രേഷ്ഠൻ. (പരശുരാമനെന്നു താൽപര്യം)

(ഉന്ന) “പുരത്രയത്തെപ്പൊരിച്ച മമ
പരമഗുരു പുരഹരന്റെ
കലവില്ലിനെയൊടിച്ച നിന്റെ
കരമൊടിപ്പ”നിതി പ്രശമം

പറഞ്ഞുടനെ മുനിവരന്റെ
കനൽക്കണ്ണുകൾ മിഴിച്ചുകണ്ട്
ഭയപ്പെട്ടോടി പടജനങ്ങൾ
രാമരഘുനാഥജയ!

വ്യാ—പുരത്രയം=ത്രിപുരന്മാർ. ചൊരിക്ക=ചൊരിപ്പിക്ക. പരമ പുരുഷപ്രധാനാചാര്യൻ. പുരഹരൻ=ശിവൻ. ഇതി=(അവ്യ) എന്ന്. പ്രശഭം=(ക്രി. വി) പ്രൗഢമായി. കനൽക്കണ്ണുകൾ=കനൽപോലെയുള്ള കണ്ണുകൾ. (കണ്ണുകൾ ജ്വലിക്കുന്നു കോപവികാരമാണ്)

(൨൭) ജഗൽപവിത്രതരപുരുഷ-
രെതിർപ്പതിന്നു മുതിർന്നളവിൽ
രവിപ്രകരകളുടലിൽ ജന-
നയനങ്ങളെയടപ്പിച്ചുടൻ
പതുപ്പിൽ വിളിച്ചനുസരിച്ചു
സമർപ്പിച്ചു തൻകലചിലയും
മുനിപ്രവരൻ നടന്നതല്ലേ
രാമരഘുനാഥ ജയ.

വ്യാ—ജഗൽ.....പുരുഷർ=ലോകത്തിൽ വച്ച് ഏറ്റവും ശുദ്ധന്മാരായ പുരുഷന്മാർ. (അവതാരപുരുഷന്മാർ എന്ന സാരം) രവിപ്രകരം=സൂര്യന്റെ തേജസ്സുപോലെയുള്ള തേജസ്സ്. ജനനയനങ്ങൾ=മനുഷ്യരുടെ കണ്ണുകൾ. (പരശുരാമനും ശ്രീരാമനും തമ്മിൽ എതിരിട്ടപ്പോൾ അവരുടെ ശരീരങ്ങളിൽനിന്ന് സൂര്യപ്രഭപോലെ ജ്വലിച്ച ദിവ്യതേജസ്സുകൊണ്ട് ജനങ്ങൾക്ക് കണ്ണു തുറക്കാൻ വയ്യാതെയായി എന്ന സാരം) "ഇതി ബ്രുവതി വൈദേഹീ ... താദൃശം. അന്ധകാരാവൃതാ സർവ്വാ ... " എ

ന്ന് (അ. രാ. മൂലം) പത്മപ്പിൽ—ഭാസത്യമായിട്ട് അനുസരിക്കു—ന്നതിൽ ശയമിക്കു. കചപിലം—വില്ല്; മുനിപ്രവരൻ—പരശുരാമൻ.

പരശുരാമൻ തന്റെ വൈഷ്ണവചാപം ശ്രീരാമനെ സമർപ്പിച്ചതോടുകൂടി അദ്ദേഹത്തിലുണ്ടായിരുന്ന വിഷ്ണുചൈതന്യവും ശ്രീരാമനിൽ സംക്രമിക്കയും, പിന്നെ അദ്ദേഹം ശാന്തനായ ഒരു മഹർഷിയായിത്തീൎന്നു മഹേന്ദ്രപൎവ്വതത്തിൽ ചെന്നു തപസ്സുചെയ്തുകൊണ്ട്, "അശ്വത്ഥാമാ ബലിർവ്യാസോ ഹനൂമാംശ്ച വിഭീഷണഃ കൃപഃ പരശുരാമശ്ച സപ്തൈതേ ചിരജീവിനഃ" എന്ന ശ്ലോകത്തിൽ പറയുന്ന ചിരജീവികളിൽ ഒരാളായി ഇന്നും ജീവിക്കുകയും ചെയ്യുന്നു എന്ന കഥ രാമായണത്തിൽനിന്നറിയേണ്ടതാകുന്നു.

(പ-ല്ല) മിഴിച്ചുനിന്ന സമസ്തജനം,
ജയിച്ചുവെന്നറിഞ്ഞുമോദമാൎന്നു
കഴിച്ചുയുദ്ധമവിടെനിന്നു
മതിച്ചു പടജനവുമായി
പിടിച്ചു കുതിയ കുമ്പടികളും,
നടത്തിക്കുട തഴപിടിപ്പി-
ച്ചുരിച്ചു രുചി പുരിയിൽ പുക്ക
രാമരഘുനാഥ ജയ.

വ്യാ—ഉരിച്ചു രുചി(ശ്രീ. വി.) ശോഭയോടുകൂടി. ശ്രീരാമപരശുരാമന്മാരുടെ സമാഗമത്തിന്റെ അവസാനം എങ്ങനെവരുമോ എന്നറിയാതെ ഭയവിസ്മയാകുലന്മാരായിട്ടു കണ്ണു മിഴിച്ചു നിന്നിരുന്ന സകലജനങ്ങളും ശ്രീരാമൻ ജയിച്ചുവെന്നറിഞ്ഞപ്പോൾ സന്തോഷംകൊണ്ടു മതിമറന്നവരായിട്ട് അവർ തമ്മിൽത്തന്നെ പിടിച്ചു കളിയായി യുദ്ധം നടത്തിക്കൊണ്ടു അകമ്പടി നടക്കയും, കട, തഴ, കൊടി, ആലവട്ടം, വെഞ്ചാമരം മുതലായുള്ള രാജചിഹ്നങ്ങൾ ഉയൎത്തിപ്പിടിക്കയും ചെയ്തുകൊണ്ട് അയോദ്ധ്യാപുരിയിൽ ചെന്നുചേൎന്നുവെന്നു സാരം.

൩) രാമരഘുനാഥ ജയ
രാമരഘുനാഥ ജയ
രാമ രഘുനാഥ ജയ
രാമരഘുനാഥ ജയ
രാമ തവ പാദങ്ങളിൽ
വീണുതൊഴുമെങ്ങളുടെ
പാപമകററീട്ട ശിവ-
രാമരഘുനാഥ ജയ.

വ്യാ—ഇതു കവിയുടെ ആശീഃപ്രാർത്ഥനാരൂപമായ മംഗളം. അർത്ഥം സ്പഷ്ടം. വൃത്തം 'കരകന്ദുവദന' "ഇരുപതുവർണ്ണമാവൃത്തമാത്രയെല്ലാം ഉരുവാക്കുന്നവയെ മുന്നിലുള്ളതധസ്ഥാനം ചെയ്തിട്ടു ഇതാവിധ. ഒടുവിൽ രണ്ടാമതാംവൃത്തം കരകന്ദുവദനാഭിധം" എന്നു ലക്ഷണം (വൃത്തമഞ്ജരി)

മൂന്നാം വൃത്തം കഴിഞ്ഞു.

നാലാം വൃത്തം

(൪) സുരപുരിയോടു സമമാകും നിജ-
പുരിയിൽ പുക്കുടൻ രഘുനാഥൻ
തരുണിമാർമണി മകുടി സീതയോ-
ടൊരുമിച്ചു വാണു ഹരിനമോ.

വ്യാ—സുരപുരി=സ്വർഗ്ഗം. നിജപുരി=തന്റെ നഗരി. (അയോദ്ധ്യ) തരുണിമാർമണിമകുടി=സ്ത്രീകളുടെ ശിരസ്സിലണിയുന്ന രത്നം. (അതിസുന്ദരി) ഹരിനമോ—ഇതിൽ 'നമഃ' എന്ന സംസ്കൃതപദത്തെ 'മ'കാരത്തിനു ലോപവും, വിസർഗ്ഗത്തിനു ഓകാ

ഡുംകൊണ്ടുള്ള വൃത്തത്തിനു വഴങ്ങിച്ചിരിക്കുന്നു. ഇയ്യിടെ അച്ചടിച്ച ചില പുസ്തകങ്ങളിൽ 'നാംബോ' എന്നു കാണുന്നതിന്നു വേറെ വല്ല ഗതിയും കല്പിക്കാനുണ്ടോ എന്നു ഞാൻ ആലോചിച്ചിട്ടില്ല. ഇവിടെ ഞാൻ കൊടുത്തിട്ടുള്ള പാഠം, പഴയ പല കയ്യെഴുത്തു താളിയോലഗ്രന്ഥങ്ങളിലും കണ്ടിട്ടുള്ളതാണ്. ഗുണ്ടർട്ട് സായ്പിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടുവിൽ ([illegible]) ഈ പാഠം എടുത്തുകാണിച്ചിട്ടുണ്ട്.

(൬) ഭരതൻ മാണ്ഡവീപതിയൂർമ്മിളാ-
പതി ലക്ഷ്മണനുമന്നിനം
ശ്രുതകീർത്തിപതിയിതു ശത്രുഘ്നനു-
മൊരുമിച്ചു പുക്കു ഹരി നാമമോ.

വ്യാ — മാണ്ഡവീപതി = മാണ്ഡവിയുടെ ഭർത്താവ്. ഊർമ്മിളാപതി = ഊർമ്മിളയുടെ ഭർത്താവ്. അന്നിനം = (അന്ന്) ദിവസേന. ശ്രുതകീർത്തിപതി = ശ്രുതകീർത്തിയുടെ ഭർത്താവ്.

(൭) ഭരതലക്ഷ്മണാനുജന്മാരെയും രാജാ-
വയച്ചു മാതുലഭവനത്തിൽ
ഇരിക്കും കാലത്തു നിനച്ചിതോരോരോ.
ഏറിയകൌതുകം ഹരിനാമമോ.

വ്യാ — ഭരതലക്ഷ്മണാനുജന്മാർ = ഭരതനും ലക്ഷ്മണന്റെ അനുജനും (ശത്രുഘ്നനും) രാജാവ് = ദശരഥൻ. മാതുലഭവനം = മാതുലന്റെ ഭവനം. മാതുലൻ = അമ്മാമൻ. കേകയരാജാവായ യുധാജിത്ത്. ഏറിയ കൌതുകം = മനസ്സിനു സന്തോഷകരമായ വിചാരം. നിനച്ചിതു = വിചാരിച്ചു.

ആ വിചാരങ്ങളെ താഴെ പറയുന്നു:—

(൮) മകനിലേറിയ കനിവു ലോകർക്ക്
പൈതലെന്ന പോലെയന്നിനം

യുവരാജാവാക്കു ഇവനെ നാമെന്നു
മനസി കല്പിച്ചു ഹരിനമോ.

വ്യാ—മകൻ=പുത്രൻ (രാമൻ) കനിവ്=സ്നേഹം. ലോകർ=പ്രജകൾ. പൊതു്=വർദ്ധിപ്പിരിക്കുന്നു. എന്നപോലെ=അതിനൊക്കവണ്ണം. (അവരുടെ ഇഷ്ടംപോലെ എന്നു സാരം) യുവരാജാവ്=ഇളയരാജാവ്. ആക്കു=ആക്കണം. നാം ഇവനെ യുവരാജാവാക്കണം എന്ന്. മനസി=(സം. ന. സ. ഏ) മനസ്സിൽ. കല്പിക്കുക=നിശ്ചയിക്കുക.

ദശരഥൻ പ്രജകളുടെ ഇഷ്ടത്തെ അനുസരിച്ചു ശ്രീരാമനെ യുവരാജാവാക്കുവാൻ നിശ്ചയിച്ചു എന്നു താല്പര്യം.

(൭) ദശരഥാത്മജവരനഭിഷേക-
മുടനതെന്നുപോലൊരു വാർത്താ
ദിശി ദിശി നിറഞ്ഞുപുകൾ പൊങ്ങി ലോകേ
ജയഘോഷങ്ങളും ഹരിനമോ.

വ്യാ—ദശരഥാത്മജവരൻ=ദശരഥന്റെ പുത്രന്മാരിൽ ശ്രേഷ്ഠൻ(ശ്രീരാമൻ) അഭിഷേകം=തീർത്ഥജലം കലശങ്ങളിൽ നിറച്ചു മന്ത്രം ജപിച്ചു പൂജിച്ചു ശിരസ്സിലൊഴുക. (പട്ടം കെട്ടുക എന്നു സാരം) ഉടൻ=താമസിയാതെ. പോൽ=(ലോകോക്തിസൂചകമായ ഒരു നിപാതം) വാർത്താ=ജനശ്രുതി. ദിശി. ദിശി=(ശ. സ്ത്രീ. സ. ഏ) എല്ലാ ദിക്കുകളിലും. വിസ്തൃതിയിൽ ചിതറി. പുകൾ പൊങ്ങി=പരന്നു നിറഞ്ഞു. ലോകേ=(അ. പു. സ. ഏ) നാട്ടിൽ. ജയഘോഷങ്ങൾ='ജയിക്കട്ടെ; ജയിക്കട്ടെ' എന്നു ജനങ്ങൾ ആർത്തുവിളിക്കുന്ന ശബ്ദങ്ങൾ.

(൮) വസിഷ്ഠമാമുനി സവൃഷ്ടവമായി
വിശിഷ്ടകർമ്മങ്ങൾ തുടങ്ങുമ്പോൾ
അധിഷ്ഠാനമിട്ടു മുടങ്ങി രാമന്റെ
കനിഷ്ഠമാതാവു ഹരിനമോ.

വ്യാ—വസിഷ്ഠമാമുനി=വസിഷ്ഠമഹർഷി. സത്യസ്വരൂപമായി. തേജസ്സ്വരൂപമായി=തെളിപ്പായി. വിശിഷ്ടകർമ്മങ്ങൾ=വിശിഷ്ടങ്ങൾ (=ഉത്തമങ്ങൾ) ആയ കർമ്മങ്ങൾ. 'അഭിഷേകത്തിനുള്ള ബലി, ഹോമം, ദേവപൂജ മുതലായ ക്രിയകൾ) അധിഷ്ഠാനം=അടിസ്ഥാനം. പുറപ്പാട്. കനിഷ്ഠമാതാവ്=ഇളയമ്മ (കൈകേയി)

രാമാഭിഷേകം മുടക്കുവാനായി കൈകേയി അധിഷ്ഠാനമിട്ടത് എങ്ങനെയെന്നു താഴെ പറയുന്നു:—

(൭) "അഭിഷേകമെന്റെ മകനു ചെയ്യേണം
വിപിനേ രാമനെ അയക്കേണം
ഇവ പണ്ടു തന്ന വരമിനു രണ്ടും
തരിക കാന്ത! നീ" ഹരിനമ്മോ.

വ്യാ—വിപിനേ=(സം. ന. സ. ഏ) കാട്ടിൽ. പണ്ടു ദേവാസുരയുദ്ധത്തിൽ ഇന്ദ്രനു സഹായിയായിരുന്ന ദശരഥനു യുദ്ധാരംഭത്തിൽ നേരിട്ട ഒരു അപകടത്തിൽനിന്നു പ്രാണവല്ലഭയായ കൈകേയി അദ്ദേഹത്തെ രക്ഷിക്കയും, അത്യന്തസന്തോഷംകൊണ്ടു് അദ്ദേഹം അവൾ എപ്പോൾ ചോദിക്കുന്നുവോ അപ്പോൾ അവൾക്കിഷ്ടമുള്ള രണ്ടു കാര്യങ്ങൾ സാധിപ്പിക്കുമാറാകുന്ന രണ്ടു വരങ്ങൾ കൊടുക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. എന്നാൽ അതിൽ ഒന്നു തന്റെ പുത്രനായ ഭരതനെ അഭിഷേകം ചെയ്യണം എന്നും, മറ്റേതു രാമനെ പതിനാലു സംവത്സരം വനവാസം ചെയ്യിക്കണം എന്നും ഉള്ള രീതിയിൽ അപേക്ഷിക്കണം എന്നാക്കിയതു മന്ഥരയുടെ ദുരുപദേശത്താലാണെന്നു രാമായണത്തിൽനിന്നു സിദ്ധമാകുന്നു.

(൮) അസുരശസ്ത്രങ്ങളുടലിലേറ്റതും
പരമിത്രയില്ലാ പരിതാപം
മണിവാശസ്ത്ര മുടലിലേറ്റപ്പോൾ
മുറി വീണു മോഹിച്ചതിനമ്മോ.

വ്യാ—അന്യൂനശല്യങ്ങൾ=അന്യൂനങ്ങളായ ശല്യങ്ങൾ. പരം=അധികം. പരിതാപം=സങ്കടം (വേദന) രമണീവാഗ്ശല്യം=പ്രിയയുടെ വാക്കാകുന്ന ശല്യം. ഉർവ്വി=(ഉ. സ്ത്രീ. സ. ഏ) ഭൂമിയിൽ. മോഹിക്കുക=തന്റേതല്ലാതെയാവുക. ഇപ്പോകാലത്തോളം.

(൯) കൊടുംക്രൂരേ പാപേ! മമ കൈകേയി! നിൻ
കൊടുവചനത്താലുടനേ ഞാൻ
യമപുരി പുക്കീട്ടിരിക്കുമെന്നതു-
മറിക ദൈതേ! നീ" ഹരിനാമം.

വ്യാ—കൊടുംക്രൂരേ:=കഠോരഹൃദയേ! പാപേ:=(ആ. സ്ത്രീ. സം. ഏ) പാപാചരണം ചെയ്യുന്നവളേ! മമ=എന്റെ. കൊടുവചനം=ക്രൂരമായ വാക്ക്. യമപുരി=അന്തകന്റെ രാജധാനി. ദൈതേ=(ദയിതേ: എന്ന സംസ്കൃതശബ്ദത്തിന്റെ തത്ഭവരൂപം) വല്ലഭേ!

(൧൦) വിരവിലിങ്ങനെ കലുഷതാ പൂണ്ടു
പരമതാതന്റെ വചനത്താൽ
പരമാനന്ദിച്ചു പറഞ്ഞു ശ്രീരാമൻ
ചരണം കമ്പിട്ടു ഹരിനാമം.

വ്യാ—കലുഷത=വ്യസനപാരവശ്യം. പരം=അധികം. താതൻ=അച്ഛൻ. പരമാനന്ദിക്കുക=വളരെ സന്തോഷിക്കുക. ചരണം=കാൽ. കമ്പിടുക=വന്ദിക്കുക.

(൧൧) "ഭരതമൂർദ്ധാവിലവനീപാലന-
ഘനഭാരത്തെ വിന്യസിക്കയാൽ,
തിരുവുള്ളമെന്നിൽ പെരുത്തു താതനെ-
ന്നതുമന്യേ ഞാനും" ഹരിനാമം.

വ്യാ—ഭരതമൂർദ്ധാവിൽ=ഭരതന്റെ തലയിൽ. അവനീ......ഭാരത്തെ=രാജ്യപരിപാലനമാകുന്ന വലിയ ചുമടിനെ. വിന്യസിക്കുക

=സമ്പാദിക്ക. തിരുവുള്ളം=തിരുമനസ്സ്. (ഏറ്റ) പെരുള്ള്=വലിയത്. അനന്തരന്റെ(ഭട്ട്. അന്താനപദം ഉത്തമപുരുഷൻ. ഏ) അനുമാനം ചെയ്യുന്നു. (ഉദ്ധരിന്നതു)

ഇനി അടുത്തു വരുന്ന ശ്ലോകം ദശരഥൻ ശ്രീരാമനോടു പറയുന്നതായിട്ടോ, ശ്രീരാമൻ ദശരഥനോടു പറയുന്നതായിട്ടോ വിചാരിക്കണമെന്നു വളരെ സംശയമുണ്ട്. എങ്കിലും സത്യഭംഗത്തിലുള്ള ഭയംകൊണ്ടും, പുത്രവിരഹത്തിലുള്ള ദുസ്സഹമായ ശോകം കൊണ്ടും ഇതികർത്തവ്യതാമൂഢനായ പിതാവിനെ സമാശ്വസിപ്പിപ്പാനായിക്കൊണ്ടു ധീരോദാത്തതകൊണ്ടും കർത്തവ്യബോധംകൊണ്ടും സ്ഥിരചിത്തനായ ശ്രീരാമൻ പറയുന്നതാണെന്നു വിചാരിപ്പതാണു ന്യായം എന്നു ഞാൻ വിചാരിക്കുന്നു.

(൮൨) സുഖദുഃഖങ്ങൾ വന്നുഭവിക്കുമ്പോൾ
ഇളകാതെ ചിത്തമലരിങ്കൽ
പരചിൽക്കാതലേ ശരണമായിട്ടു
കരുതിക്കൊൾക നീ ഹരിനമോ.

വ്യാ=സുഖദുഃഖങ്ങൾ=സുഖവും ദുഃഖവും. ചിത്തമലർ=മനസ്സാകുന്ന പുഷ്പം. (മനസ്സ്) പരചിൽക്കാതൽ=കേവലജ്ഞാനസ്വരൂപനായ ഈശ്വരൻ. ശരണം=ആശ്രയം. (അവലംബം)

കേവലം അസ്വതന്ത്രനായ മനുഷ്യനു സുഖദുഃഖങ്ങൾ വരുന്നതെല്ലാം ഈശ്വരേച്ഛയനുസരിച്ചാകുന്നു. അതു നിവാരിപ്പാൻ മനുഷ്യനാൽ സാധിക്കുന്നതല്ലെന്നു സാരം.

(൮൩) വനവാസത്തോളം സുഖമില്ലൊന്നുമേ
നമുക്കെന്നു കല്പിച്ചുറച്ചുടൻ
വനിതാലക്ഷ്മണ സഹിതനായ് മെല്ലെ-
പ്പുറപ്പെട്ടു രാമൻ ഹരിനമോ.

വ്യാ—കല്പിച്ച്=നിശ്ചയിച്ച്. വനിതാലക്ഷ്മണസഹിതൻ=(വനിത=സ്ത്രീ) സീതയോടും ലക്ഷ്മണനോടും കൂടിയവൻ.

രാമനോടുകൂടി സീതാലക്ഷ്മണന്മാർ വനവാസത്തിനു പോയതു കൈകേയിയുടെ ആവശ്യപ്രകാരമല്ല. അവരുടെ ഭർത്തൃപ്രേമവും, സഹോദരസ്നേഹവും നിമിത്തം അവർ സ്വമനസ്സാലെ പുറപ്പെട്ടുപോയതാണ് എന്നു രാമായണത്തിൽ സ്പഷ്ടം.

ഇനിയത്തെ രണ്ടു ശ്ലോകങ്ങൾ, എല്ലാ വൃത്തങ്ങളുടെയും അവസാനത്തിൽ പതിവുപോലെയുള്ള കവിയുടെ പ്രാർത്ഥനയാകുന്നു.

(൧൪) മണികിരീടവും, മകരകുണ്ഡലം,
വനമാലാ, പാദകമലവും,
മലർമാതു ചേരും തിരുമാറുമെന്റെ
മനസി തോന്നേണം ഹരിനമോ

വ്യാ—മണികിരീടം=രത്നകിരീടം. മകരകുണ്ഡലം=മകരം എന്ന മത്സ്യത്തിന്റെ ആകൃതിയിലുള്ള കുണ്ഡലം. വനമാല="ആജാനലംബിനീമാലാ സർവ്വർത്തുകുസുമോജ്ജ്വലാ. മദ്ധ്യേ സ്ഥൂലകദംബാഢ്യാ വനമാലേതി കീർത്തിതാ" എന്ന പദ്യപ്രകാരം കാലിന്റെ മുട്ടോളം തൂക്കിക്കിടക്കുന്നതും, എല്ലാ ഋതുക്കളിലും ഉള്ള പൂക്കളെക്കൊണ്ടു കെട്ടിയുണ്ടാക്കുന്നതും, നടുവിൽ ഒരു വലിയ കുലയോടുകൂടിയതുമായ മാല. പാദകമലം=താമരപ്പൂവുപോലെയുള്ള പാദം. മലർമാതു്=മലരിലെ മാതു്. (താമരപ്പൂവിലുണ്ടായ ശ്രീ-ലക്ഷ്മീദേവി) ചേരും=എപ്പോഴും വസിക്കുന്ന. തിരുമാറു്=വിശേഷമായ മാറിടം. മനസി=(സ. ന. സ. ഏ) മനസ്സിൽ.

(൧൫) മരതകക്കല്ലിൻ നിറമൊത്ത നിന്റെ
തിരുമേനി യെന്റെ മനക്കാമ്പിൽ
കരുതിടുമാറു വരമരുളേണം
കരുണാവാരിധേ! ഹരിനമോ.

വ്യാ—മരതകക്കല്ലു്=മരതകപ്പച്ച എന്ന രത്നം. തിരുമേനി=വിശേഷമായ ശരീരം (ആകൃതിയെന്നു സാരം) മനക്കാമ്പു്=മനസ്സു്.

(അന്തഃകരണത്തിന്നു സാരം) കതിളമാവ്=മറിക്കലും വിദ്വേഷാക
ന്മാ സ്പൃഹിപ്പുവക്കതക്കവണ്ണം. വരം=അനുഗ്രഹം. കരുണാവാരി
ധി=വളരെ കൃപയുള്ളവൻ. കേതവാർ എന്നു പ്രാർത്ഥിച്ചാലും അവയെ
ത്തെ കൊടുക്കുന്നവൻ എന്നു സാരം. "സമാസമം" വൃത്തം. "വിഷ
മത്തിൽ സമാസമം. സമത്തിൽ സമസംഖ്യയ. എന്നുള്ളതു സമംവൃത്തം
'സമാസമസമാഖ്യം" എന്നു ലക്ഷണം. (വൃത്തമഞ്ജരി)

നാലാം വൃത്തം കഴിഞ്ഞു.

അഞ്ചാം വൃത്തം.

(൧) കല്യാണരൂപി വനത്തിന്നു പോവാൻ
വില്ലും ശരം കൈപ്പിടിച്ചോരു നേരം
മെല്ലെപ്പുറപ്പെട്ടു പിന്നാലെ സീതാ
കല്യാണിനീ ദേവി ശ്രീരാമരാമ.

വ്യാ—കല്യാണരൂപി=മംഗളസ്വരൂപൻ. (വിശേഷണം 'രാ
കൻ' എന്നു വിശേഷ്യം പ്രകരണബലത്താൽ ഉണ്ടാക്കണം) കൈപ്പി
ടിക്കുക=കയ്യിൽ പിടിക്കുക. കല്യാണിനീ=മംഗളസ്വരൂപിണി,

(൨) മോദേന കൂടെപ്പുറപ്പെട്ട സീതാം
കോദണ്ഡധാരീ സമാലോക്യ രാമൻ
വൈദഗ്ദ്ധ്യശാലീ രമേശൻ പറഞ്ഞു
വൈദേഹിതന്നോടു ശ്രീരാമരാമ.

വ്യാ—മോദേന=(അ. പു. തൃ. ഏ) സന്തോഷത്തോടുകൂടി. സീ
താം=(ആ. സ്ത്രീ. ദ്വി. ഏ) സീതയെ. കോദണ്ഡധാരീ=(ന. പു. പ്ര.
ഏ) (വിശേഷണം) വില്ലെടുത്തവൻ. സമാലോക്യ=(ല്യബന്തം. അ

വ്യൂഹം) കണ്ടിട്ട്. ഐശ്വര്യശാലീ=(നാ. പു. പ്ര. ഏ) സമ്പത്തുള്ളവൻ. രാമൻ=രമയുടെ ഈശൻ. രമാ=മഹാലക്ഷ്മി. ഈശൻ=ഭർത്താവ്. ശ്രീരാമൻ മഹാവിഷ്ണുവിന്റേയും സീത ലക്ഷ്മീദേവിയുടേയും അവതാരമാണെന്ന പ്രസിദ്ധമാണല്ലോ. വൈദേഹി=വിദേഹരാജാവിന്റെ പുത്രി.

ഈ ശ്ലോകത്തിന്റെ അന്വയം അല്പം ക്ലിഷ്ടമാണ്. 'ശരാസനധാരിയായി ഐശ്വര്യശാലിയായി രമേശനായിരിക്കുന്ന രാമൻ, സഹോദരനോടെ (തന്റെ) കൂടെ പുറപ്പെട്ട സീതയെ കണ്ടിട്ട് വൈദേഹിയോട് പറഞ്ഞു' എന്നാണ് അന്വയം. ഇതിൽ സീതയെ കണ്ടിട്ട് വൈദേഹി താനോട് പറഞ്ഞു. എന്നു കേൾക്കുമ്പോൾ സീതയും വൈദേഹിയും രണ്ടാളായിരിക്കുമോ എന്നൊരു ശങ്ക തോന്നും. അതിനെ സഹിക്കയല്ലാതെ ഗത്യന്തരമില്ല.

(ഡ) "കാന്താരവിന്ദായതാക്ഷി! മനോരമേ!
കാന്താരവാസം നിനക്കാവതല്ലേ
ശാന്തേ! കുടുംബപ്രിയേ! താതപാദം
കാന്തേ! ഭജിച്ചീട ശ്രീരാമരാമേ."

വ്യാ—കാന്താരവിന്ദായതാക്ഷി=കാന്തം (മനോഹരം) ആയ അരവിന്ദം (താമരപ്പൂവ്) പോലെ ആയതങ്ങൾ (നീണ്ടവ) ആയ അക്ഷികൾ (കണ്ണുകൾ) ഉള്ളവളേ. മനോരമേ=(അ. സ്ത്രീ. സം. ഏ) സുന്ദരി! കാന്താരവാസം=വനവാസം. ശാന്തേ. കുടുംബപ്രിയേ. കാന്തേ. ഇവ (അ. സ്ത്രീ. സം. ഏ) ശാന്താ=മനസ്സിന് അടക്കമുള്ളവൾ. (ഇഷ്ടവിയോഗം കൊണ്ടുള്ള വികാരങ്ങളെ അടക്കുവാൻ ശക്തിയുള്ളവൾ) കുടുംബപ്രിയാ=കുടുംബത്തെ (ഗൃഹത്തിൽ താൻ ഉപചരിക്കേണ്ടവരായ അച്ഛൻ, അമ്മ, സഹോദരീസഹോദരാദികൾ) സ്നേഹിക്കുന്നവൾ. താതപാദം=(നാ. പു. ദ്വി. ഏ) അച്ഛനെ. കാന്താ=പ്രിയാ. ഭജിക്കുക=സേവിക്കുക.

ഇവിടെ സീതയ്ക്കു കാന്താരവാസം അരുചിയും, ഗൃഹവാസം രുചിയുമാണെന്നുള്ളതിലേക്ക് വിശേഷണപദങ്ങളെല്ലാം സാഭിപ്രായങ്ങളായി പ്രയോഗിച്ചിരിക്കുന്നതിനാൽ 'പരികരം' അലങ്കാരം. "അലങ്കാരഃ പരികരഃ സാഭിപ്രായേ വിശേഷണേ" എന്ന ലക്ഷണം.

(ജ) "വൈദേഹി! പോരേണ്ട, പോരേണ്ട, ബാലേ!
പൈദാഹശാന്തിക്കുപായങ്ങളില്ല
മോദവതി! കല്ലുണ്ട് മുള്ളുണ്ട് കാട്ടിൽ
പാരവ്യഥകളുണ്ട് ശ്രീരാമ രാമ."

വ്യാ—വൈദേഹി=(മു. സ്ത്രീ. സം. ഏ) വിദേഹരാജപുത്രി! ബാലേ=(ഐ. സ്ത്രീ. സം. ഏ) ചെറുപ്പക്കാരത്തി. പൈദാഹശാന്തി=വിശപ്പും ദാഹവും ശമിപ്പിക്കുക. ഉപായങ്ങൾ=സാധനങ്ങൾ. മോദവതി=(മു. സ്ത്രീ. സം. ഏ) മോദമുള്ളവളേ. പാരവ്യഥ=കഠിനങ്ങളായ വേദന. ഇതിലും അലങ്കാരം 'പരികരം' തന്നെ.

(ഝ) "വ്യാളങ്ങൾ സാലവൃകദ്വീപിവൃന്ദം
വ്യാളീതരക്ഷുക്കൾ കാട്ടാനയുണ്ട്
കാളുന്ന തീയുണ്ട് പോരേണ്ട ബാലേ!
നീലാരവിന്ദാക്ഷി! ശ്രീരാമരാമ".

വ്യാ—വ്യാളങ്ങൾ=സർപ്പങ്ങൾ. സാലാവൃകദ്വീപിവൃന്ദം=ചെന്നായ്ക്കൂട്ടവും പുലിക്കൂട്ടവും കൂട്ടം. വ്യാളീതരക്ഷുക്കൾ=വ്യാളികളും തരക്ഷുക്കളും. വ്യാളികൾ=പെൺസിംഹങ്ങൾ. തരക്ഷുക്കൾ=ഹിംസിക്കുന്ന ജന്തുക്കൾ. കാളുന്ന=കത്തിജ്വലിക്കുന്ന. നീലാരവിന്ദാക്ഷി=കരിങ്കൂവളപ്പൂവ് പോലെയുള്ള കണ്ണുകളോടുകൂടിയവൾ.

(ഞ) "എന്നാത്മപുത്രൻ വനത്തിനു പോയാൽ
പിന്നെപ്പുരീവാസമെന്തിനു വേണ്ടി
നിന്നോടുകൂടീട്ടു പോരുന്നു ഞാനും"
എന്നാൾ മനോജ്ഞാംഗി ശ്രീരാമരാമ.

വ്യാ—എന്നാത്മപുത്രൻ=എന്റെ ഭർത്താവ്. പുരീവാസം=പട്ടണത്തിൽ വാസം. എന്നാൾ=എന്നു പറഞ്ഞു. മനോജ്ഞാംഗി=സുന്ദരി. (സീതാ)

(൧) സൌഭ്രാത്രമുൾക്കൊണ്ടു പോവാൻ മുതിരും
സൌമിത്രി കൈകൂപ്പി നിന്നോരുനേരം
സൌമിത്രിമാതാവു ചൊന്നാളിവണ്ണം
സൌമിത്രിതന്നോടു ശ്രീരാമരാമ.

വ്യാ—സൌഭ്രാത്രം=സഹോദരസ്നേഹം. ഉൾക്കൊണ്ടു=വിചാരിച്ച്. മുതിരുക=സന്നദ്ധനാവുക. സൌമിത്രി=സുമിത്രയുടെ പുത്രൻ. (ലക്ഷ്മണൻ) സൌമിത്രിമാതാവു=സുമിത്ര.

(൨) "അച്ഛൻ നിനക്കിന്നു ശ്രീരാമചന്ദ്രൻ
അച്ഛാ വരാ സീത മാതാവുതാൻ കേൾ
ഇച്ഛിച്ച കാന്താരമിന്നിങ്ങയോദ്ധ്യം
കല്പിച്ചു പൊയ്ക്കൊൾക" ശ്രീരാമരാമ.

വ്യാ—അച്ഛാ=(സന്തോഷാധിക്യത്തെ കാണിക്കുന്ന ഒരു നിപാതം) വരാ=ശ്രേഷ്ഠാ (ഉത്തമ) അച്ഛൻ, അമ്മ, ഗൃഹം ഇവയിൽനിന്നു സിദ്ധിക്കുന്ന രക്ഷയും സുഖവുമെല്ലാം ജ്യേഷ്ഠൻ, ജ്യേഷ്ഠത്തി, വനപ്രദേശം ഇവയിൽനിന്നു നിനക്കു സിദ്ധിക്കുമെന്നു മനസ്സിൽ നല്ലവണ്ണം ഉറച്ചുകൊണ്ടു പൊയ്ക്കൊൾക എന്നാണ് ആ ഉത്തമമാതാവു പറഞ്ഞതിന്റെ സാരം. പുത്രവിരഹദുഃഖത്തെപ്പറ്റിയും മറ്റും ആ വീരമാതാവിന്റെ മനസ്സിൽ യാതൊരു വിചാരവും വികാരവും ഉണ്ടായതേയില്ല.

"രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം.
അയോദ്ധ്യാമടവീം വിദ്ധി ഗച്ഛ താത യഥാസുഖം."

എന്ന പ്രസിദ്ധമായ രാമായണത്തിലെ ശ്ലോകത്തിന്റെ ഒരു പരിഭാഷയാണ് ഈ ശ്ലോകം.

(൩) ഗാഢം വളർന്നോരു ദുഃഖേന ലോകർ
ചാടിച്ചു കണ്ണീരമാബാലവൃദ്ധം

ചാടിപ്പുറപ്പെട്ടു തീരേ സരയ്വാഃ
കൂടിത്തുടങ്ങീതു ശ്രീരാമരാമ.

വ്യാ.ഗാഢം=(ക്രി. വി) അധികം, ഖേദേന=(അ. ന. തൃ. ഏ) ഖേദംകൊണ്ടു്. ആബാലവൃദ്ധം=(അവ്യ) ബാലന്മാർ മുതൽ വൃദ്ധന്മാർ വരെയുള്ളവരെല്ലാം (അവ്യയീഭാവസമാസം) തീരേ=(അ. ന. സ. ഏ) തീരത്തിൽ (വക്കത്തു്) സരയ്വാഃ=(ഉ. ന. സ്ത്രീ ഷ. ഏ) സരയു എന്ന നദിയുടെ തീരത്തിൽ (തടിച്ചുകൂടി എന്നു് അന്വയം) അങ്ങനെ വന്നുകൂടിയ ജനങ്ങളുടെ വിലാപപ്രകാരത്തെ താഴെ മൂന്നു ശ്ലോകങ്ങളെക്കൊണ്ടു പറയുന്നു:.

(൭൦) "നാരീശിരോമാലകൈകേയിചിത്തം
പാരിൽത്തകം കാരിരുമ്പിനു തുല്യം
രാമാനനം കാൺകിലേവർക്കു ചിത്തം
ശൈഥില്യമാകാത്തു ശ്രീരാമരാമ".

വ്യാ—നാരീശിരോമാലകൈകേയിചിത്തം=സ്ത്രീയായ കൈകേയിയുടെ മനസ്സു്. പാരിൽ=ലോകത്തിൽ. തകം=തക്കതായ (കഠിനമായ) പാരിൽത്തകം=ലോകത്തിലുള്ള. എന്നും പറയാം. കാരിരുമ്പു്=കറുത്ത ഇരുമ്പു്. (കാരിരുമ്പിനു കാഠിന്യമേറുമെന്നു പ്രസിദ്ധം) രാമാനനം=രാമന്റെ മുഖം. ചിത്തം=മനസ്സു്. ശൈഥില്യം=അഴിവു്. (സ്നേഹംകൊണ്ടു മനസ്സിനു് അഴിവും, അലിവും ഉണ്ടാകുന്നതു പ്രസിദ്ധമാണല്ലോ) രാമന്റെ മുഖം കണ്ടാൽ അന്യന്മാരുടെ മനസ്സുപോലും അലിഞ്ഞുപോകുന്നു. അങ്ങനെയിരിക്കെ എളിയവളായ കൈകേയിയുടെ മനസ്സിനു് ആ രാമനെ കാട്ടിലേക്കയപ്പാൻ തോന്നിയതുകൊണ്ടു് അതു കാരിരുമ്പിനു തുല്യം തന്നെ എന്നു സമർത്ഥിതമായിരിക്കുന്നു.

(൭൧) "ക്ഷുനീശീലം കേട്ടു കൈകേയിമാതാ
മാനിച്ചു ചൊല്ലുന്ന വാചാ മഹാത്മാ

ദീനതപൂണ്ടുകൊണ്ട താതാജ്ഞയെ രാമൻ
മാനിക്ക വേണ്ടീല ശ്രീരാമ രാമ.”

വ്യാ— കുനിശിരം=(രേഫാന്തം സ്ത്രീ. ഷ. ഏ.) കുനിയുടെ. (മന്ഥര കുനിയാണെന്നു രാമായണത്തിൽ പറയുന്നു) ഗിരിനെ (വാക്കിനെ). കൈകേയിമാതാ=മാതാവായ കൈകേയി. എല്ലാവരും മായാവിനോദപ്പാവയോ പോലെ. മാനിച്ച്=താല്പര്യം (ഗർവ്വ്) നടിച്ച്. വശഗം=(പ. സ്ത്രീ. ദ്വി. ഏ.) വശംവദരായിട്ട്. മഹാത്മാ=(ന. പു. പ്ര. ഏ.) (രാമന്റെ വിശേഷണം). ദീനതപം=പരവശത. താതാജ്ഞ=അച്ഛന്റെ കല്പന. മാനിക്കവേണ്ടീല=വകവെക്കേണ്ടതില്ല. “മഹാ ദുർഗ്ഗയായ മന്ഥരദാസിയുടെ ഏഷണി വാക്കു കേട്ടു ഗർവ്വിച്ചു പുറപ്പെട്ട കൈകേയിയുടെ നിർബ്ബന്ധവാക്കിൻ പ്രകാരം സ്ത്രീജിതനും, വൃദ്ധനും ആയ ദശരഥമഹാരാജാവു കല്പിച്ച കല്പനയെ മഹാത്മാവായ രാമൻ, അച്ഛന്റെ കല്പനയാണെന്നു വിചാരിച്ചു ബഹുമാനിക്കേണ്ടതില്ല” എന്നായിരുന്നു അവിടെ കൂടിയിരുന്നവരിൽ ചിലരുടെ അഭിപ്രായം.

(൫.) “കാണിക്കണം നിന്നെ വേർവിട്ടിരുന്നാൽ
ദീനതപൂണ്ടുകൊണ്ടു ഖേദിക്കുമസ്മാൻ
കാണാതെ വേർപിട്ടു നീ പോകിലിപ്പോൾ
പ്രാണങ്ങൾ പോകുന്നു ശ്രീരാമരാമ.”

വ്യാ— കാണിക്കണം=അല്പസമയം. അസ്മാൻ=(അസ്മച്ഛബ്ദം. ദ്വി. ബ.) ഞങ്ങളെ. പ്രാണങ്ങൾ=ജീവൻ. ഇതു് സംസ്കൃതഭാഷാനിയമപ്രകാരമുള്ള ബഹുവചനപ്രയോഗമാണ്. “പുംസി ഭൂമ്ന്യസവഃ പ്രാണാശ്ചൈവം” എന്ന അഭിധാനപ്രകാരം പ്രാണശബ്ദം പുല്ലിംഗവും നിത്യബഹുവചനവുമാണ്. രാമൻ ഞങ്ങളെ വിട്ടുപോകുന്നതു പ്രാണൻ പോകുന്നതുപോലെയാണെന്നു സാരം.

൬.) പാരിച്ച കണ്ണീരൊലിപ്പിച്ചു തത്തെൻ
ചാരത്തു വന്നങ്ങു നിൽക്കുന്ന നേരം

ചാരുസ്മിതം തൂകി വന്ദിച്ചുപോയി
ശ്രീരാമചന്ദ്രോപി ശ്രീരാമരാമ.

വ്യാ— ചാരിച്ചു=ൽയികമായ. ചാരുസ്മിതം=ഭംഗിയുള്ള പുഞ്ചിരി. ശ്രീരാമചന്ദ്രോപി=ശ്രീരാമചന്ദ്രഃ. (അ. പു. പ്ര. ഏ.) അപി=(അവ്യ) ശ്രീരാമചന്ദ്രനും. പോയി. എന്ന ക്രിയയോടു ചേർത്തന്വയിക്കണം.

ഫര്. "ഇന്നെത്രദൂരം നടക്കേണമാര്യ"!
എന്നാര്യ ഭൂയോപി ഭൂയോപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ച കണ്ണീർ
പ്രാഥമ്യമായെന്ന ശ്രീരാമ രാമ.

വ്യാ— ആര്യ!=(അ. പു. സം. ഏ.) ആര്യപുത്ര!=ഭർത്താവേ! ഭൂയോപി=ഭൂയഃ. അപി=(രണ്ടും അവ്യയം) പിന്നെയും പിന്നെയും. വാമാക്ഷി=വാമ(മനോഹരം) ആയ അക്ഷിയോടുകൂടിയവൾ (സുന്ദരി). പ്രാഥമ്യം=പ്രഥമം (ആദ്യം) എന്ന അവസ്ഥ. ധീരോദാത്തനായ രാമന് ദുഃഖാതിരേകങ്ങളിൽ മററുള്ളവരെപ്പോലെ കണ്ണുനീരൊഴിപ്പിക്ക മുതലായ ചാപല്യങ്ങളുണ്ടാവാത്തതിനാൽ ഇതിനുമുമ്പിൽ അതുണ്ടായിട്ടില്ല. എന്നാൽ പ്രകൃതി ഇതിനുവരെ അതിമനോഹരമായ രാജധാനിയിൽ കണ്ണാടിപോലെ മിനുക്കിയിട്ടും, പട്ടു, പരവധാനി മുതലായവ വിരിച്ചിട്ടും ഉള്ള അന്തഃപുരത്തിൽ അല്പദൂരം മന്ദംമന്ദം സഞ്ചരിക്കുക മാത്രം ശീലിച്ചിട്ടുള്ള ബാലയായ സീത, യാത്ര പുറപ്പെട്ടു അല്പം നടന്നപ്പോഴേയ്ക്കു "ഇനിയെത്ര ദൂരം നടക്കണം" എന്ന പല പ്രാവശ്യം ചോദിച്ചുകഴിഞ്ഞു. ഇപ്പോൾ രാജധാനിയുടെ മുററം മാത്രമേ ആയിട്ടുള്ളു. ഈ സ്ഥിതിക്ക്, ഇനി പതിനാലു സംവത്സരം, 'ശർക്കരകണ്ടകനിമ്നോന്നതയുത'ങ്ങളായി ദുർഗ്ഗമങ്ങളായ ദുർഗ്ഗമാരണ്യങ്ങളിൽ ഇസ്സാധുവിനെ എങ്ങനെ കൊണ്ടു നടക്കേണ്ടു എന്നു വിചാരിച്ച് 'പരദുഃഖം നിമിത്തം ദുഃഖിത'നായ ആ മഹാപുരുഷനെ ആദ്യമായി കണ്ണീരിന്റെ രസം അനുഭവിപ്പി

പ്പാൻ സന്ദർഭം കണ്ടുപിടിച്ചതിൽ രസികനായ കവിയുടെ രസജ്ഞതാവൈശിഷ്ട്യം സ്പഷ്ടമായിരിക്കുന്നു. എന്നാൽ ഇതു താഴെ എഴുതുന്ന മഹാനാടകശ്ലോകത്തിൻ്റെ ഒരു പരിഭാഷയാണ്.

"സദ്യഃ പുരീപരിസരേഷു ശിരീഷമൃദ്വീ
സീതാ ജവാത് ത്രിചതുരാണി പദാനി ഗത്വാ
ഗന്തവ്യമദ്യ കിയദിത്യസകൃദ്ബ്രുവാണാ
രാമാശ്രുണഃ കൃതവതീ പ്രഥമാവതാരം."

൫൮. രാമാംഘ്രിതട്ടുന്ന പാഷാണവും പോയ്
സ്ത്രീരൂപമാർന്നു വെന്നോർത്തു തന്നോ
സീതാ ന സസ്മാര പാദവ്യഥാം താം
സഞ്ചാരഖിന്നാപി ശ്രീരാമദാരാ.

വ്യാ— രാമാംഘ്രി=രാമൻ്റെ കാൽ. പാഷാണം=പാറ. സ്ത്രീരൂപം=സ്ത്രീയുടെ രൂപം. കല്ലായി കിടന്നിരുന്ന അഹല്യ ശ്രീരാമൻ്റെ പാദസ്പർശമാത്രംകൊണ്ട് മുമ്പിലത്തെപ്പോലെ സാക്ഷാൽ അഹല്യയുടെ രൂപം ധരിച്ചുവെന്നുള്ള കഥ ഇവിടെ സ്മരണീയമാകുന്നു. സീതാ=(ആ. സ്ത്രീ. പ്ര. ഏ). ന=(അവ്യ). സസ്മാര=(ലിട്. പരസ്മൈപദം. പ്ര. പു. ഏ). ന. സസ്മാര=സ്മരിച്ചില്ല (ഓർത്തില്ല.) പാദവ്യഥാം=(ആ. സ്ത്രീ. ദ്വി. ഏ.) കാലുകളുടെ വേദനയെ. താം=(തച്ഛബ്ദം. സ്ത്രീ. ദ്വി. ഏ.) പാദവ്യഥാം എന്നതിൻ്റെ വിശേഷണം. സഞ്ചാരഖിന്നാ=(ആ. സ്ത്രീ. പ്ര. ഏ.) സീതാ എന്നതിൻ്റെ വിശേഷണം.) നടന്നു ക്ഷീണിച്ചവൾ. അപി=(അവ്യ). എന്നിട്ടും. (സീതാ. സഞ്ചാരഖിന്നാ. അപി. താം. പാദവ്യഥാം. ന. സസ്മാര. എന്ന് അന്വയം) സീത വഴി നടന്നു ക്ഷീണിച്ചവൾ ആയിരുന്നിട്ടും ആ കാൽ വേദനയെത്തന്നെ ഓർത്തില്ല. തൻ്റെ പ്രിയവല്ലഭൻ്റെ പാദസ്പർശം ഏററ പാറക്കല്ലുകൂടി സ്ത്രീരൂപം ധരിച്ചുവെന്നുള്ള ഭർത്തൃമാഹാത്മ്യത്തെ സ്മരിച്ചുകൊണ്ട് ആഹ്ലാദത്തെ അനുഭവിക്കുന്ന സഹധർമ്മചാരിണിയായ ആ സതീരത്നം, തൻ്റെ പാദവ്യഥയെ ഓർത്തതേയില്ല എന്നു താല്പര്യം.

(൫൩) സംഗം മുഴക്കും ഗുഹനോടു സഖ്യം
ഭംഗ്യാ കഴിച്ചിംഗുദീശാഖിമൂലേ
മംഗല്യമായ് തീർത്ത പർണ്ണാലയത്തിൽ
കല്യാണമായ് പുക്ക ശ്രീരാമരാമ.

വ്യാ:— സംഗം=സമ്പർക്കം. ഗുഹൻ=ഗുഹനെന്നു പേരായ നിഷാദരാജാവ്. സഖ്യം=വേഴ്ച. ഭംഗ്യാ=(ഭ. സ്ത്രീ. തൃ. ഏ.) ഭംഗിയായി (നല്ലവണ്ണം). ഇംഗുദീശാഖിമൂലേ=(അ. ന. സ. ഏ.) 'ഓടകം' എന്ന മരത്തിന്റെ ചുവട്ടിൽ. ഇംഗുദി താപസന്മാർക്കു വളരെ ഇഷ്ടമായിട്ടുള്ള മരമാണ്. താപസന്മാർ ഇതിന്റെ എണ്ണയെടുത്തു തലയിൽ തേയ്ക്കുകയും, വിളക്കു കത്തിക്കുകയും ചെയ്യും. 'ഇംഗുദീതാപസതരുഃ' എന്ന അമരകോശത്തിൽ കായിന്റെ പര്യായങ്ങളിൽ പറയുന്നതിനു പുറമെ 'പ്രസ്നിഗ്ദ്ധാഃ ക്വചിദിംഗുദീഫലഭിദഃ സൂച്യന്ത ഏവോപലാഃ' എന്ന ശാകുന്തളത്തിലും, "താ ഇംഗുദീസ്നേഹകൃതപ്രദീപമാസ്തീർണ്ണമേധ്യാജിനതല്പമന്തഃ തസ്യൈ സപര്യാനുപദം ദിനാന്തേ നിവാസയോഗ്യമുടജം വിതേനുഃ" എന്നു രഘുവംശത്തിലും പറയുന്നു. ഇതു് ഈ ദിക്കിൽ ഒരു വള്ളിയായിട്ടാണ് കാണപ്പെടുന്നതു്. മംഗല്യം=ശോഭനം. പർണ്ണാലയം=പർണ്ണശാല. (പർണ്ണം=ഇലകൾ. ആലയം=ഗൃഹം). കല്യാണമായി=സുഖമായിട്ടു്. 'ഇംഗുദീപാദപഃ സോയം ശൃംഗവേരപുരേ പുരാ. നിഷാദപതിനാ യത്ര സ്നിഗ്ദ്ധേനാസീത് സമാഗമഃ' എന്നു് 'ഉത്തരരാമചരിത'ത്തിലുമുണ്ടു്.

(൫൪) അംഗാരനേത്രനൊടുത്തതുഷ്ടം
ശൃംഗാരമാലാം മഹാരശോഭീരാമൻ
ഭംഗ്യാജടാബന്ധനത്തെ ധരിച്ചു
ഗംഗാം കടന്നു ഹരേ! രാമരാമ.

വ്യാ— അംഗാരനേത്രൻ—അംഗാരം (തീക്കനൽ) നേത്രത്തിൽ (കണ്ണിൽ) ഉള്ളവൻ (ശിവൻ). മൂർദ്ധ്നി—തലയിലണിയുന്ന. ശൃംഗാരമാലാം—(ആ. ശ്രീ. പി. എ.) ശൃംഗിക്കുള്ള മാലയായ. (ശൃംഗാരം എന്നതിന്റെ വിശേഷണം) കലാപശാലീ—വലുതായ ശോഭയോടുകൂടിയവൻ. സംഗ്രാമശീലിയായിട്ട്. ജടാബന്ധനം—ജടകെട്ട്. അവിടെവച്ചാണ് രാമലക്ഷ്മണന്മാർ പേരാലിന്റെ പാൽ പുരട്ടി ജടാബന്ധനം ചെയ്തതു് എന്നു രാമായണത്തിൽ പറയുന്നു. ‘വടക്ഷീരം സമാനായ്യ ജടാമകുടകാരതൽ ബദ്ധ്വാ ലക്ഷ്മണേന സഹിതോ രാഘവഃ’ എന്നു് അദ്ധ്യാത്മരാമായണം. ഗംഗാം—(ആ. ശ്രീ. പി. എ.) ഗംഗയെ. മഹാതപസ്വിയായ രാമൻ മലയിൽ ജടാബന്ധനത്തെ ധരിച്ച് അംഗാരനേത്രൻ എടുത്തു ചൂടുന്ന ശൃംഗാരമാലയായ ഗംഗയെ കണ്ടു എന്ന് അന്വയക്രമം. ശൃംഗാരരസികന്മാരായ യുവാക്കന്മാർ പുഷ്പം മുതലായവയുംകൊണ്ടുള്ള മാല ധരിക്കുന്നതുപോലെ ഗംഗയെ ശിരസ്സിൽ ധരിക്കുന്നതുകൊണ്ട്, അംഗാരനേത്രത്വം മുതലായ ഉഗ്രലക്ഷണങ്ങൾ ഉണ്ടെങ്കിലും, ശിവനിൽ ശൃംഗാരിയായ ഒരു കാമുകന്റെ അവസ്ഥയും, സാക്ഷാൽ ശിവൻ ഒരു ശൃംഗാരമാലയായിട്ട് ശിരസ്സിൽ ചൂടുന്നതാണെന്നു പറയുന്നതുകൊണ്ട്, ഗംഗയിൽ പാവനത്വാതിശയവും, വിശേഷണസാമർത്ഥ്യത്താൽ സിദ്ധമായിരിക്കുന്നു. ‘ജടാവല്ക്കലങ്ങളെ’ എന്ന അച്ചടിപ്പുസ്തകപാഠത്തെക്കാൾ ‘ജടാബന്ധനത്തെ’ എന്ന പ്രാചീനഗ്രന്ഥപാഠത്തിന് ഔചിത്യം കൂടുമെന്നു തോന്നിയതിനാലാണ് ആ പാഠത്തെ എടുത്തതു്. വല്ക്കലധാരണം അയോദ്ധ്യയിൽനിന്നുതന്നെ കഴിഞ്ഞിരിക്കുന്നു.

(൭൮) മിത്രപ്രഭാവൻ, ഭരതോജ്ജ്വലചാ
ചിത്രാചലേ പർണ്ണശാലാകുടീരേ
മിത്രപ്രിയത്തെസ്സുഖിപ്പിച്ചിരുന്നു
ഭദ്രായ ഹാ ചാരു ശ്രീരാമഭദ്ര.

* (ഭദ്രായേ) പാഠാന്തരം.

വ്യാ-- മിത്രപ്രഭാവൻ=സൂര്യനെപ്പോലെയുള്ള തേജസ്സോടുകൂടിയവൻ. ഭരദ്വാജവാചാ=(ച. സ്ത്രീ. ഏ. ഏ.) ഭരദ്വാജമഹർഷിയുടെ വാക്കിൻപ്രകാരം. ചിത്രാചലേ=(അ. പു. സ. ഏ.) ചിത്രകൂടം എന്ന പർവ്വതത്തിൽ. പർണ്ണശാലാകുടീരേ=(അ. പു. സ. ഏ.) ഇലകൊണ്ടുണ്ടാക്കിയ വാസഗൃഹത്തിൽ. മിത്രമൈഥിലരെ=സീതാലക്ഷ്മണന്മാരായ ബന്ധുക്കളും ഭൃത്യപരരും. 'മിത്രമയനെ' എന്നാണ് അച്ചടിപ്പുസ്തകത്തിലെ പാഠം. അപ്പോൾ രാമനെക്കൂടാതെ മൂന്നാമതൊരാളെ കാണുന്നില്ല. രാമനെക്കൂടി ചേർന്നതായാൽ 'സുഖിപ്പിച്ചിതന്നു' എന്ന ക്രിയയുടെ കർത്താവാരാണെന്ന് പറവാൻ തരമില്ല. അതിനാൽ ആ പാഠത്തെ സ്വീകരിച്ചില്ല. ശുഭായ=(അ. ന. ച. ഏ.) ശുഭത്തിനായിക്കൊണ്ട്. ഹാ!=(വിസ്മയ. സന്തോഷസൂചകനിപാതം.) ഭദ്രം=(ക്രി. വി. അവ്യ.) നല്ലവണ്ണം.

ഇവിടെ അല്പം പോരായ്മയുണ്ട്. യമുനാനദിയുടെ വടക്കേക്കരയിലാണ ഭരദ്വാജാശ്രമം. രാമാദികൾ ഭരദ്വാജമഹർഷിയോടുകൂടി അവിടെ ഒരു രാത്രി താമസിച്ച് പിറ്റേന്നാൾ കാലത്തു യമുന കടന്നു ആ മഹർഷി പറഞ്ഞുകൊടുത്ത വഴിയേ പോയി വാല്മീകിയുടെ ആശ്രമത്തിൽ ചെന്ന് അദ്ദേഹത്തോടുകൂടി സല്ലാപം ചെയ്തു സൽക്കാരവും സ്വീകരിച്ച് അവിടന്നു പോയിട്ടാണ ചിത്രകൂടപർവ്വതത്തിൽ പർണ്ണശാല കെട്ടി അവിടെ താമസിച്ചതു്, എന്നു രാമായണത്തിൽ പറയുന്നു. ഈ ഗ്രന്ഥത്തിൽ വാല്മീകിസന്ദർശനാദികഥകളെപ്പറ്റി യാതൊന്നും പറയുന്നില്ല. എന്നാൽ വാല്മീകിരാമായണത്തിൽ ഈ ഭാഗം മൂന്നാല ശ്ലോകംകൊണ്ടു സംഗ്രഹിച്ചിരിക്കുന്നു, എങ്കിലും അദ്ധ്യാത്മരാമായണത്തിൽ അമ്പതിലധികം ശ്ലോകങ്ങളെക്കൊണ്ടു വിസ്തരിച്ചിട്ടുണ്ട്.

(ഗ്രൻ) ശ്രീരാമചന്ദ്രേ ഗതേ ചിത്രകൂടം
വാരാന്ന സൌമിത്രിസീതാസമേതേ
പാരിച്ച ദുഃഖം മനക്കാമ്പിലപ്പോൾ
ശ്രീരാമതാതന്നു ശ്രീരാമരാമ.

വ്യാ— ശ്രീരാമചന്ദ്രഗതേ സൌമിത്രിസീതാസമേതേ, ന—ം, (അ. പു. സ. ഏ.) ചിത്രകൂടം, (അ. പു, ദ്വി. ഏ.) സൌമിത്രി സീതാസമേതേ—ശ്രീരാമചന്ദ്രേ. ചിത്രകൂടം. ഗതേ = സൌമിത്രിസീതാസമേതനായ ശ്രീരാമചന്ദ്രൻ ചിത്രകൂടത്തെ ഗതനായ സമയത്തിൽ എന്നു വാക്യയോജന. വാൎദ്ധനനം. നൂന്നം=ഉള്ള (രാമചന്ദ്രന്റെ വിശേഷണം). സൌമിത്രിസീതാസമേതൻ=സൌമിത്രി(ലക്ഷ്മണൻ)യോടും സീതയോടുംകൂടിയവൻ. പാലിച്ചു=വൎദ്ധിച്ചു. ശ്രീരാമതാതൻ=ദശരഥൻ. അപ്പോഴേക്കു രാമനെപ്പിരിഞ്ഞിട്ടു രണ്ടുമൂന്നു ദിവസം കഴിഞ്ഞുവല്ലോ. സുമന്ത്രർ മടങ്ങിച്ചെന്നു വിവരം രാജാവിനെ അറിയിച്ചുവെന്നുള്ള സംഗതിയും മറ്റും ഊഹ്യമാണല്ലോ.

(൨൦) പുത്രാൎത്തി കൈക്കൊണ്ടു ദുഃഖിച്ചു താതൻ
സ്വൎഗ്ഗത്തിലുൾപ്പൂക്കവെന്നുള്ള വൃത്തം
ശുശ്രാവ രാമാനുജൻ മാതുലഗേഹേ
ശത്രുഘ്നനാമാപി ശ്രീരാമരാമ.

വ്യാ—പുത്രാൎത്തി=പുത്രവിരഹംകൊണ്ടുള്ള സങ്കടം. വൃത്തം=വൎത്തമാനം. ശുശ്രാവ=(ലിട്. പ. പ്ര. പു. ഏ.) കേട്ടു. രാമാനുജൻ=ഭരതൻ. മാതുലഗേഹേ=(അ. ന. സ. ഏ.) അമ്മാവന്റെ ഗൃഹത്തിൽ കേകയരാജധാനിയിൽ. ഭരതശത്രുഘ്നന്മാർ കേകയരാജ്യത്തേക്കു പോയിരിക്കയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ശത്രുഘ്നനാമാ അപി=ശത്രുഘ്നനും. ശുശ്രാവ എന്ന ക്രിയയോടു ചേൎത്തന്വയിക്കണം. ദശരഥന്റെ സ്വൎഗ്ഗാരോഹണം ദൂതമുഖേന അറിഞ്ഞുവെന്നു താൽപൎയ്യം.

(൨൧) ശത്രുഘ്നസംയുക്തനായുഗ്രധന്വാ
വ്യഗ്രിച്ചയോദ്ധ്യാസമീപേ വരുമ്പോൾ
മന്ത്രീശ്വരാൽ കേട്ടു കൈകേയിവൃത്തം
സംക്രുദ്ധവാനായി ശ്രീരാമരാമ.

വ്യാ— ശത്രുഘ്നസംയുക്തൻ=ശത്രുഘ്നനോടുകൂടിയവൻ. ഉഗ്രധന്വാ=(ന. പു. പ്ര. ഏ). ഉഗ്രധന്വാവ്=വലിയ വില്ലാളി. ഭരത

ന്റെ വിശേഷണം. വൃശ്ചികാക — അച്ഛന്റെ മരണം കേട്ടു വിവശനായിട്ട്. അയോദ്ധ്യാസമീപേ=(അ. ന. സ. ഏ) അയോദ്ധ്യയുടെ അടുക്കൽ. മന്ത്രിശാലാൽ=(അ. പു. പ. ഏ) മന്ത്രിയിൽനിന്ന്. കൈകേയിവൃത്തം=കൈകേയി അഭിഷേകം മുടക്കി രാമനെ കാട്ടിലേക്കയപ്പിച്ചുവെന്നു, ആ വൃത്താന്തം നിമിത്തമാണ് ദശരഥൻ മരിച്ചതെന്നും ഉള്ള വിവരം. സംക്രുദ്ധവാൻ — വളരെ കോപിച്ചവൻ.

(൫൫) "താതം മദീയം മരിപ്പിപ്പതിന്നും
രാമംവനത്തിന്നു യാത്രാക്കുവാനും
മംഗല്യസൂത്രം പറിപ്പാനുമാളാ—
യേഷാ മഹാപാപി" ശ്രീരാമരാമ.

വ്യാ — മദീയം താതം=(ദ്വി. ഏ. അ. പു. ഏ) എന്റെ അച്ഛനെ. രാമം=(അ. പു. ദ്വി. ഏ) രാമനെ. യാത്രയാക്കുവാനും എന്ന ശബ്ദത്തിനു പകരം 'യാത്രാക്കുവാനും' എന്നു പ്രയോഗിച്ചിരിക്കുന്നതിൽ സന്ധിദോഷം സ്പഷ്ടം. മംഗല്യസൂത്രം=താലിച്ചരട്. (കുലസ്ത്രീകൾക്കു, ഭർത്താവു മരിച്ചാൽ മംഗല്യസൂത്രം ഛേദിക്കണമെന്നു നിർബ്ബന്ധമായ ഒരാചാരമുണ്ട്). ആളായി=കാരണക്കാരിയായി. ഏഷാ=(ഏതച്ഛബ്ദം. സ്ത്രീ. പ്ര. ഏ) ഈ മഹാപാപിനി. ഇതു കൈകേയിയെക്കുറിച്ചു ഭരതൻ പറയുന്നതാണെന്നു പ്രകരണബലത്താൽ സിദ്ധിക്കുമല്ലോ.

(൫൬) "രാജ്യത്തിൽ വാഴ്കെ"ന്നു ചൊല്ലും വസിഷ്ഠ—
ന്നാജ്ഞാം വെടിഞ്ഞങ്ങു രാമാനുജന്മാർ
ത്യാജ്യം നമുക്കെന്നു കല്പിച്ചുപോയീ
രാമശ്രേയത്തിന്നു ശ്രീരാമരാമ.

വ്യാ — ആജ്ഞാം=(ആ. സ്ത്രീ. ദ്വി. ഏ) ആജ്ഞയെ. രാമാനുജന്മാർ=രാമന്റെ അനുജന്മാർ (ഭരതശത്രുഘ്നന്മാർ). ത്യാജ്യം=ഉപേക്ഷിക്കേണ്ടത്. (രാജ്യം എന്ന വിശേഷ്യം ചേർത്തു നമുക്കു രാജ്യം

ത്യാജ്യമാകുന്നു എന്നു വാക്യം യോജിപ്പിക്കണം.) രാമാശ്രയത്തിന്നു് ഓർമ്മകൾ ആശ്രയിപ്പാനായിട്ടു്.

(൫൪) അച്ഛൻ മരിച്ചുള്ളവസ്ഥാപ്രസംഗേ
സച്ഛക്ഷുരശ്രുപ്രവാഹങ്ങൾ വാർത്തും
ദിക്ചക്രമേകം വലഞ്ഞിട്ടുമാറും
ചിന്തിച്ചു രോദിച്ചു ശ്രീരാമരാമ.

വ്യാ — അച്ഛൻ...പ്രസംഗേ=(അ. പു. സ. ഏ) അച്ഛന്റെ മരണസംഗതിയെക്കുറിച്ചുള്ള പ്രസ്താവത്തിൽ. സച്ഛക്ഷു.......പ്രവാഹങ്ങൾ=കണ്ണീരൊഴുക്കുകളെ കണ്ണുകളിൽനിന്നു ധാരയായിട്ടൊഴുകുന്ന കണ്ണുനീർ. വാർത്തു്=ഒഴുക്കിച്ചു്. ദിക്ചക്രമേകം=നാലുഭാഗങ്ങളും നില്ക്കുന്നവരൊക്കെ ദുഃഖം. (ദിക്ചക്രം എന്ന പദത്തിനു്, ലക്ഷണയാ നാലുഭാഗങ്ങളും നില്ക്കുന്ന ജനങ്ങൾ എന്നർത്ഥം ഗ്രഹിക്കണം). ചിന്തിച്ചു്=വിചാരിച്ചു്. വീണ്ടും വീണ്ടും ഓർത്തോർത്തു് എന്ന സാരം. അച്ഛന്റെ ഗുണങ്ങളെയും, അദ്ദേഹത്തിന്, സപുത്ര്യനസങ്ങളിൽ നാശം, സ്ത്രീലമ്പടത്വം എന്ന ദോഷങ്ങൾ നിമിത്തം വന്നുകൂടിയ ആപത്തുകളെയും, പിതൃവിരഹദുഃഖിതന്മാരായ നാലു പുത്രന്മാരുണ്ടായിരുന്നിട്ടും, അന്ത്യകാലത്തു് ഒരു പുത്രനെപ്പോലും കാണാനിടയായിരിക്കാത്തവണ്ണമുള്ള വിധിവൈപരീത്യവും മറ്റും ആലോചിക്കാനവകാശമുള്ളതാണല്ലോ.

(൫൫) കൃത്യം പിതുര്യൽ പാരത്ര്യം കൃത്വാ
നിത്യാനുരക്തൻ മഹാത്മാവു രാമൻ
സത്യപ്രതിജ്ഞനയോദ്ധ്യക്കയച്ചു
നീത്യം കവീന്ദ്രനെ ശ്രീരാമരാമ.

വ്യാ — കൃത്യം=(അ. ന. പ്ര. ഏ). പിതുഃ=(ഋ. പു. ഷ. ഏ) യൽ=(യച്ഛബ്ദം ന. പ്ര. ഏ). പാരത്ര്യം=(അ. പു. ഷ. ഏ). കൃത്വാ=(ക്ത്വാ പ്രത്യയാന്തം അവ്യയം). പാരത്ര്യം=മരിച്ചവനായ.

പിത്രേ = പിതാവിന്. യൽ = യാതൊന്ന്. കൃത്യം = ചെയ്യപ്പെടേണ്ടതായിട്ടു; (വിധി = വിധിക്കുന്നു). (തൽ = അതിനെ). കൃത്വാ = ചെയ്തിട്ട്; മരിച്ച അച്ഛനെ ഉദ്ദേശിച്ചു ചെയ്യേണ്ടതായ സ്നാനം, ഉദകദാനം, പിണ്ഡസമർപ്പണം മുതലായ കർമ്മങ്ങളെല്ലാം ചെയ്തിട്ട് എന്നു സാരം. നിത്യാനന്ദൻ = നിത്യസന്തോഷസ്വരൂപൻ. മഹാത്മാവ് = മഹാശയൻ. സത്യപ്രതിജ്ഞൻ = സത്യമായ പ്രതിജ്ഞയോടുകൂടിയവൻ; പ്രതിജ്ഞ തെറ്റിക്കാത്തവൻ. (ഇവ മൂന്നും കർത്താവായ 'രാമൻ' എന്നതിന്റെ വിശേഷണങ്ങളും, പ്രത്യേകം അഭിപ്രായങ്ങളോടുകൂടിയവയും ആണെന്നു ഗ്രഹിച്ചിരിക്കണം. നീത്യാ = (ഇ. സ്ത്രീ. തൃ. ഏ) നീതികൊണ്ട്; ശ്രീരാമൻ വനവാസം കൈവിട്ട് രാജാവായി വാഴണം എന്നുള്ള ഭരതന്റെ നിശ്ചയത്തെ ന്യായം കൊണ്ടു ഖണ്ഡിച്ച് അവനെ സമാധാനപ്പെടുത്തി എന്നു സാരം. കനീയാൻ = അനുജൻ (ഭരതൻ).

(൨൩) രാമാജ്ഞ കൈക്കൊണ്ടു രാമാനുജൻ താൻ
തൽപാദുകേ മൂർദ്ധ്നി വിന്യസ്യ നന്ദി-
ഗ്രാമേകരോദ്രാജ്യ മാശാന്തചേതാ
രാമാഗമാകാങ്ക്ഷി ശ്രീരാമരാമ.

വ്യാ— രാമാജ്ഞ കൈക്കൊണ്ട് = രാമന്റെ കല്പന സ്വീകരിച്ച്. രാമാനുജൻതാൻ = ഭരതൻ. തൽപാദുകേ = (ഉ. സ്ത്രീ. ദ്വി. ദ്വി) അവന്റെ = (രാമന്റെ) മെതിയടികളെ. മൂർദ്ധ്നി = (ന. പു. സ. ഏ) ശിരസ്സിൽ. വിന്യസ്യ = (ല്യബന്തം അവ്യ) വച്ചിട്ട്. നന്ദിഗ്രാമേ = (അ. പു. സ. ഏ) നന്ദിഗ്രാമത്തിൽ. അയോദ്ധ്യയിൽ രാജധാനിയുടെ പുറത്തുള്ള ഒരു ഗ്രാമത്തിൽ. അകരോൽ = (ലങ്ങ്. പ. പ്ര. പു. ഏ) ചെയ്തു. രാജ്യം = (അ. ന. ദ്വി. ഏ) രാജ്യത്തെ (രാജാവിന്റെ കർമ്മത്തെ, അതായത് രാജ്യപരിപാലനത്തെ) ആശാന്തചേതാഃ = (സ. പു. പ്ര. ഏ) ആശാന്തചേതസ്സായിട്ട്. (ആശാന്തചേതസ്സ് = അല്പം ശാന്തമായ ചിത്തത്തോടുകൂടിയവൻ). രാമാഗമാകാങ്ക്ഷി = രാമന്റെ വരവിനെ കാത്തിരിക്കുന്നവൻ. ഇ

രണ്ടു പകുതിയും രാമാനുജൻ എന്നതിന്റെ തല്പുരുഷവിശേഷണം. ഇതിൽ 'സമിദ്ഗ്രാഗ' എന്ന ഭാഗത്തെ, ശ്ലോകത്തിന്റെ പൂർവ്വോത്തരാർദ്ധങ്ങൾ രണ്ടിലുംകൂടി ഒന്നായി പ്രയോഗിച്ച്, ശ്ലോകങ്ങൾക്കു സാമാന്യമായി അർദ്ധത്തിൽ അവശ്യം വേണ്ടതായ വിരാമത്തെ വകവെയ്ക്കാതെയിരുന്നതു, കവിയുടെ നിരങ്കുശത്വപ്രകാശനമോ, വൃത്തപരിധിയിൽ ദോഷം വരാതെ കഴിപ്പാൻ തക്കവണ്ണമുള്ള പരിചയം കാണായിരുന്നോ, അതോ സമാനമാത്രാപ്രയോഗികളായ ഈവിധവൃത്തങ്ങളിൽ സംസ്കൃതമര്യാദാനിയമങ്ങളെ അനാദരിച്ചാൽ, "അപിമാഷം മഷം കുർയ്യാൽ ഛന്ദോഭംഗം നകാരയേത്" എന്നുള്ള സംസ്കൃതകാവ്യശാസനപ്രകാരം അപ്രതിവിധേയമായ യാതൊരു ദോഷവും വരുവാനില്ലെന്നു കാണിപ്പാനായിരിക്കാം എന്ന് അഭിജ്ഞന്മാർ തീർച്ചപ്പെടുത്തേണ്ടതാകുന്നു.

(൮൧) സച്ചിൽസ്വരൂപിൻ! ജഗന്നാഥ! വിഷ്ണോ!
സച്ചക്ഷുരാദിത്യ! വന്ദേഹി നിത്യം
വച്ചീടനിൻ ചേവടിത്താരിലെന്നും
മച്ചിത്തഭൃംഗം ഹരേ! രാമ രാമ.

വ്യാ— സച്ചിൽസ്വരൂപിൻ=(ന. പു. സം. ഏ). ജഗന്നാഥ=(അ. പു. സം. ഏ). വിഷ്ണോ=(ഉ. പു. സം. ഏ). സച്ചക്ഷുരാദിത്യ=(അ. പു. സം. ഏ). വന്ദേ=(ലട്. ആ. പ. ഉ. ഏ). ഹി=(അവ്യ). നിത്യം=(അ. പു. ദ്വി. ഏ). സച്ചിൽസ്വരൂപിൻ ജഗന്നാഥ സച്ചക്ഷുരാദിത്യ വിഷ്ണോ നിത്യം (ത്വാം) (അഹം) വന്ദേ ഹി. എന്നന്വയം. സച്ചിൽസ്വരൂപിയായി ജഗന്നാഥനായി സച്ചക്ഷുരാദിത്യനായിരിക്കുന്ന വിഷ്ണോ നിത്യനായ അങ്ങയെ ഞാൻ വന്ദിക്കുന്നു എന്ന് അന്വയാർത്ഥം. സച്ചിൽസ്വരൂപി=സത്താമാത്രജ്ഞാനസ്വരൂപനായിട്ടുള്ളവൻ. ജഗന്നാഥൻ=ലോകത്തിന്റെ നാഥൻ. സച്ചക്ഷുരാദിത്യൻ=സജ്ജനങ്ങളുടെ കണ്ണിന് ആദിത്യനായിട്ടുള്ളവൻ. നിത്യൻ=സത്താമാത്രൻ. വിഷ്ണു=(സർവ്വത്തിലും വ്യാപിച്ചവൻ എന്ന്. അവയവാർത്ഥം). ചേവടിത്താര്=ചുവന്ന പാദ

പത്മം. ഇദാനീം=(അവ്യ) ഇപ്പോൾ. മച്ചിത്താംഭോജേ=(ത. ന. സ. ഏ) എൻ്റെ ചിത്താംഭോജത്തിൽ (മനസ്സിൽ) വസിച്ചീടു=വസിക്കണേ. നിൻ്റെ തൃപ്പാദങ്ങൾ എൻ്റെ മനസ്സിൽ തോന്നണം. എന്നു കവിയുടെ പ്രാർത്ഥന. വൃത്തം 'കല്യാണി'; "കല്യാണി തഗണം മൂന്നു ഗുരു രണ്ടൊടു ചേരുകിൽ" എന്നു ലക്ഷണം. (വൃത്തമഞ്ജരി)

അഞ്ചാംവൃത്തം കഴിഞ്ഞു.

ആറാംവൃത്തം.

---

൧. മിത്രബാന്ധവലോകരൊക്കെയുമത്ര
പോന്നു വന്നു ദുഃഖം
ഭദ്രമല്ലിനിയത്ര വാസമിതെന്നു-
റച്ചു രഘൂത്തമൻ
ഭദ്രലക്ഷ്മണസീതമാരോടൊരുമിച്ചു
ചിത്രതരാലയം
ചിത്രകൂടമതിക്രമിച്ചു നടന്നു
രാമ ഹരേ ഹരേ.

വ്യാ — മിത്ര... ലോകർ=സ്നേഹിതന്മാരും ബന്ധുക്കളുമായ ജനങ്ങൾ. അത്ര=(അവ്യ) ഇവിടെ. ഭദ്രം=ശോഭനം. ചിത്രതരാലയം=ഏറ്റവും മനോഹരമായ പർണ്ണശാലയോടുകൂടിയത്. (ചിത്രകൂടത്തിൻ്റെ വിശേഷണം). അതിക്രമിച്ചു=വിട്ടു. നടന്നു=പോയി.

൨. ബന്ധനാര്യ ധരാധിപരഥമിയാറി
ക്ഷേമിനാ മദവറിന്നാം

പുണ്ഡരീകവിലോചനൻ മദനാന്ത-
കാന്തകസന്നിഭൻ
ഖണ്ഡകാവനമിന്ദുമണ്ഡലദീപ്തി
തുല്യ മണ്ഡിതം
[illegible]മണ്ഡലമാപ
രാമ ഹരേ ഹരേ.

വ്യാ— ഖണ്ഡനായ = (അ. ന. പ. ഏ) വധത്തിനായിക്കൊണ്ട്. [illegible] മദനാന്തകാന്തകസന്നിഭൻ [illegible] പുണ്ഡരീകവിലോചനൻ [illegible] ഖണ്ഡകാവനം [illegible] എന്നു താല്പര്യം. മദനാന്തകാന്തകസന്നിഭനായി, പുണ്ഡരീകവിലോചനനായിരിക്കുന്ന (രാമൻ) [illegible] ഖണ്ഡനത്തിനായിക്കൊണ്ട് ഇന്ദുമണ്ഡലദീപ്തിതുല്യം മണ്ഡിതമായ ഖണ്ഡകാവനത്തെ, [illegible] എന്നപോലെ, പ്രാപിച്ചു. എന്നു താല്പര്യം. ഉപമാലങ്കാരം.

ൻ. പുഷ്പിതഗാത്ര രാജീവവിലോചനനേ
രഘുനായകേ

പുഷ്പസായകദേവതാമപഹൃത്യ
കോപി നിശാചരൻ
ദർപ്പശാലി വിരാധനംബരമുൽപ-
പാത തദൈവ താ-
മുഗ്രരാമശരാഗമേ വിസസർജ്ജ
രാമ ഹരേ ഹരേ.

വ്യാ— പുഷ്ടികളുമായിരുന്ന വിരാധനം=(ദ്വി. പു. സ. ഏ) പുഷ്ടിയുള്ള മനസ്സുള്ളവനെ നോക്കിക്കൊണ്ടു നില്ക്കുന്നവൻ.(രഘുനായകവിശേഷണം). രഘുനായകം=(ദ്വി. പു. സ. ഏ) ശ്രീരാമൻ. പുഷ്പസായകദേവതാം=(ദ്വി. സ്ത്രീ. ഏ. ഏ). സീതയെ. അപഹൃത്യ=(ല്യബന്തം അവ്യ) അപഹരിച്ചിട്ട്. കോപി=കഃ. അപി കഃ=(കിം ശബ്ദം. പു. പ്ര. ഏ). അപി=(അവ്യ). കഃ അപി=ഒരു. നിശാചരൻ=രാക്ഷസൻ. ദർപ്പശാലി=ഗർവ്വമുള്ളവൻ, വിരാധൻ. അംബരം=(ദ്വി. ന. ഏ. ഏ) ആകാശത്തെ. ഉൽപപാത=(ക്രി. ലിട്. പ. പ. പ്ര. പു. ഏ) ഉൽപതിച്ചു (ഉയർന്നു). തദൈവ=തദാ, ഏവ (അവ്യ) അപ്പോൾതന്നെ. താം=(തച്ഛബ്ദം. സ്ത്രീ. ഏ. ഏ) അവളെ. ഉഗ്രരാമശരാഗമേ=(സ. ന. സ. ഏ) ഉഗ്രമായ രാമബാണം ഏറ്റപ്പോൾ. വിസസർജ്ജ=(ക്രി. ലിട്. പ. പ. പ്ര. പു. ഏ) വിസർജ്ജിച്ചു. വി. രഘുനായകം. പുഷ്ടികളുമായിരുന്ന വിരാധനം. ദർപ്പശാലി. വിരാധൻ. കഃ അപി. നിശാചരൻ. പുഷ്പസായകദേവതാം. അപഹൃത്യ. അംബരം. ഉൽപപാത. തദാ. ഏവ. ഉഗ്രരാമശരാഗമേ. താം. വിസസർജ്ജ എന്ന് അന്വയം, രഘുനായകൻ പുഷ്ടികളുമായിരുന്ന വിരാധനായിരിക്കുന്ന സമയത്തിൽ ദർപ്പശാലിയായിരിക്കുന്ന വിരാധൻ എന്നൊരു നിശാചരൻ പുഷ്പസായകദേവതയായ (സീതയെ) അപഹരിച്ചിട്ട് അംബരത്തെ ഉൽപതിച്ചു. അപ്പോൾതന്നെ ഉഗ്രരാമശരാഗമത്തിൽ അവളെ വിസർജ്ജിക്കയും ചെയ്തു. എന്നർത്ഥം.

൪. ഭസ്മസൂത്രത്തെയും ധരിച്ചോരു
വിന്ധ്യപർവ്വതസന്നിഭൻ

വീരലക്ഷ്മണരാഘവൌ നിജ
തോളിൽ വച്ചുയരും വിരാധം
വാളുകൊണ്ടു മുറിച്ചു തൽകര-
ക്കുഴിയിൽ പതിപ്പിച്ചുടൻ
വാനിലാക്കിയവനെയും ശ്രീരാമ
രാമ ഹരേ ഹരേ.

വ്യാ— ദണ്ഡകാരണ്യത്തിൽ പ്രവേശനം കഴിഞ്ഞു. വിന്ധ്യപർവ്വതസന്നിഭൻ = വിന്ധ്യപർവ്വതത്തിനു തുല്യൻ. വീരലക്ഷ്മണരാഘവൌ = (ദ്വി. ദ്വി. വ.) വീരന്മാരായ ലക്ഷ്മണനെയും രാമനെയും. വിധേയം (ദ്വി. ഏ. ന. ഏ) സമയത്തിൽ. തൽകരം = അവന്റെ കരം. കുഴി = കുഴി. വാന് = സ്വർഗ്ഗം. രാമലക്ഷ്മണന്മാരെ തോളിലെടുത്ത് ഉയരുന്ന വിരാധനെ ഇരുവരുംകൂടി വാളുകൊണ്ട് കൈകൾ മുറിച്ച് ഉയർന്നിരുന്ന വിന്ധ്യപർവ്വതംപോലെ എന്നു വർണ്ണിച്ചിരിക്കുന്നതിനാൽ ഉപമാലങ്കാരം.

൫. പ്രാണധാരണമാത്രവാൻ ശരഭംഗ
മാമുനി ദക്ഷിണി-
പ്രാണനാഥസമാഗമേ പരലോക-
മാപ സുമാരഥം
പ്രീണനായി നടന്നു ദണ്ഡക-
വാസിനാം യമിനാം ധന-
ത്രാണപാണിരശേഷ്യവാനാ-
മവാപ രാമ ഹരേ ഹരേ.

വ്യാ— പ്രാണധാരണമാത്രവാൻ = പ്രാണനെ ധരിക്കുക എന്നതുമാത്രം ഉള്ളവൻ. (ശരീരത്തിലുള്ള ശരീരവ്യാപാരങ്ങളെല്ലാം വെടിഞ്ഞിരിക്കുന്നവൻ എന്നർത്ഥം.) ശരഭംഗമാമുനി = ശരഭംഗനെന്ന മഹർഷി. ദക്ഷിണിപ്രാണനാഥസമാഗമം (ദ്വി. ഏ. ന. ഏ) ദക്ഷ

ഥിലി (സീത)യുടെ പ്രാണനാഥ (ഭർത്താവ്)ന്റെ സമാഗമത്തിൽ. പാദപങ്കജം=(അ. പു. ദ്വി. ഏ) പാദാരവിന്ദത്തെ. ആപ=(ശ്രീ. ലിട്. പ. പ. പ്ര. പു. ഏ) പ്രാപിച്ചു. സ്വധാമാഖ്യം=സ്വധാമത്തെ ഉത്തമമായതായ (പരമപദം എന്നതിന്റെ വിശേഷണം). അതായത്—നിത്യാനന്ദമയമായ ലോകം. പ്രീണനായ=(അ. ന. ച. ഏ) സന്തോഷം നല്കുന്നതിനായിക്കൊണ്ട്; ദണ്ഡകവാസിനാം. യമിനാം=(യമിൻ. ന. പു. ഷ. ബ) ദണ്ഡകവാസികളായ തപസ്വികളുടെ. ധനുർബ്ബാണപാണിഃ=(ഇ. പു. പ്ര. ഏ) വില്ലും അമ്പും കയ്യിലെടുത്തവനായിട്ട്. (രാമവിശേഷണം). അഗസ്ത്യവാസം (അ. പു. ദ്വി. ഏ) അഗസ്ത്യമഹർഷിയുടെ ആശ്രമത്തെ. അവാപ=(ശ്രീ. ലിട്. പ. പ. പ്ര. പു. ഏ) പ്രാപിച്ചു. പ്രാണയാത്രാമാത്രമായ ശരീരമുള്ള ശരഭംഗമുനി. മൈഥിലിപ്രാണനാഥസമാഗമത്തിൽ സ്വധാമാഖ്യമായ പരമപദത്തെ പ്രാപിച്ചു. ദണ്ഡകവാസികളായ യമികളുടെ പ്രീണനത്തിനായിക്കൊണ്ട് ധനുർബ്ബാണപാണിയായിട്ട് രാമൻ അഗസ്ത്യവാസത്തെ പ്രാപിച്ചു. എന്ന് അന്വയഭാഷ.

൯. രാമലക്ഷ്മണദർശനോത്സവ—
കൌതുകമാർന്നിതു മുനികുലം
കാണ്മതിന്നടുത്തടുത്തു വന്നു നിരന്നു
നിന്നു നിരന്തരം
ലോചനങ്ങളും തുറന്നു കമ
നീയ രാമവിലോകനേ
മാനസങ്ങളലിഞ്ഞുപോയ് ശിവ
രാമ രാമ ഹരേ ഹരേ.

വ്യാ— രാമ.....കൌതുകമാർന്നു=(അ. ന. പ്ര. ഏ) രാമലക്ഷ്മണന്മാരെ കാണ്മാനുള്ള ആഗ്രഹത്തോടുകൂടിയവരായി. മുനികുലം=മഹർഷിസമൂഹം. നിരന്തരം=ഇടവിടാതെ. ലോചനങ്ങൾ=കണ്ണുകൾ. കമ...വിലോകനേ=(അ. ന. സ. ഏ) കമനീയനായ രാമനെ കണ്ടപ്പോൾ. മാനസങ്ങൾ=മനസ്സുകൾ. കാര്യങ്ങളുടെ ബഹുത്വത്തെ പ്രകാശിപ്പിച്ചു ബഹുവചനം.

മഹർഷിമാരുടെ ക്ഷേമനിവേദനത്തെ അടുത്ത പദ്യം കൊണ്ടു പറയുന്നു

൧. "വിക്രമാംബുനിധേ! രഘൂത്തമ!
ലക്ഷ്മണാഗ്രജ! രക്ഷസാം
വിക്രമങ്ങളൊരോന്നു വെവ്വേറെ
കേൾക്ക നീ കരുണാകര!
ദുഷ്കൃതങ്ങളുമദീയമെന്നതു തന്നെ
നീ നിനക്കൊല്ല ഭൂ-
ചക്രലോകമിതൊക്കെയിങ്ങനെ
രാമ രാമ പദേ പദേ."

വ്യാ— വിക്രമാംബുനിധേ=(ഷ. ഏ. സം. വി) പരാക്രമത്തിന്റെ സമുദ്രമായുള്ളവനേ. രഘൂത്തമ=(സം. ഏ. സം. വി) രഘുവംശത്തിൽ വച്ചു ശ്രേഷ്ഠനായുള്ളവനേ! ലക്ഷ്മണാഗ്രജ=(സം. ഏ. സം. വി) ലക്ഷ്മണന്റെ ജ്യേഷ്ഠ! രക്ഷസാം=(ഷ. ബ. ബ. വ) രാക്ഷസന്മാരുടെ. വിക്രമങ്ങൾ= പരാക്രമങ്ങൾ. കരുണാകര=(സം. ഏ. സം. വി) ദയാനിധിയായുള്ളവനേ! ദുഷ്കൃതങ്ങൾ=പാപങ്ങൾ. ഉം=(അവ്യ). മദീയം=എന്റേതു്. (എന്റെ പാപം നിമിത്തമാണ് എനിക്കിങ്ങനെ വന്നതു് എന്നു നീ വിചാരിക്കരുതേ എന്നു സാരം). ഭൂചക്രലോകം=ഭൂമണ്ഡലത്തിലുള്ള സകല ജനവും. ഇങ്ങനെതന്നെ തുടരുന്നു. എനിക്കു സംഭവിച്ചതുപോലെതന്നെ രാക്ഷസന്മാരുടെ ഉപദ്രവം അനുഭവിക്കുന്നവരാണ് എന്നു സിദ്ധാന്തം.

ഭൂദേവ കന്യകമാരും അവരെപ്പോലെ സംഭവിച്ച ഉപദ്രവങ്ങളെ ഓരോരുത്തർ പറയുന്ന വിധങ്ങളെ താഴെ വിവരിക്കുന്നു:—

൨. "ഉണ്ണി! രാഘവ! നീയടുത്തതിന്റെ
പോറ്റിക ബാലക!
കണ്ണൊലിപ്പതുമിന്നു കാണ്മു,
വയസ്സനേകമതീതമായ്

എണ്ണുകിൽ ശ്ലൂതമല്ല രാമ! പിടിച്ച
രാക്ഷസമക്ഷിയം
ഉണ്ണി മണ്ണുഖിനാമി കാണിച്ചു
രാമ രാമ ഹരേ ഹരേ."

വ്യാ— ഉണ്ണീ! ബാലക! എന്ന് അതിവൃദ്ധനായ മുനി [illegible] വ്യാധികൃതമായി [illegible]. [illegible] കണ്ണുകാണില്ല. [illegible] എന്ന പ്രയോഗിക്കേണ്ടതാണ്. [illegible]. [illegible] ഉണ്ണിമുണ്ണുഖിനാമി = ഉണ്ണിയുടെ മുണ്ട്, (വടി) [illegible] (ദയാൽ) [illegible]. [illegible] ഉണ്ണി [illegible] പിടിച്ചുണ്ടാക്കി [illegible]. [illegible] ഉണ്ണിയുടെ [illegible] കാണിച്ചുകൊടുക്കുന്നതു്.

൯. "ഹന്ത! രാക്ഷസകന്തമേറു മരിയ-
ന്തെ മടന്തപോയ്
ചിന്തനീയമിതെന്തു രാമ! മരിയ-
വേദന മെന്നിയേ
മന്ഥരാഗമിയായി മാമക-
ഗാത്രമൊക്കനൊടിക്കുകാ-
ലന്തരാളസമാഗമേ ഹരി രാമ
രാമ ഹരേ ഹരേ."

വ്യാ— ഹന്ത! = (അയ്യോ) കഷ്ടം. [illegible] കന്തം. മരിയമന്തം = എന്റെ [illegible]. ചിന്തനീയം = [illegible] ചിക്കേണ്ടതു്. [illegible] ([illegible] ന. പ്ര. ഏ) [illegible]

വ്യ) മരിയാദയോടെ=എന്റെ അറിയിപ്പുകൾ (ആവലാധി). മന്ദഗാമി=പതുക്കെപ്പതുക്കെ നടക്കുന്നവൻ. ('മന്ദഗാമിയായി' എന്നാണു വേണ്ടതു്) (ഞാൻ എന്ന വിശേഷ്യം ചേർത്തന്വയിക്കണം) മാമകഗാത്രം=എന്റെ ശരീരം. ഏകൻ=ഒരു രാക്ഷസൻ. അന്തരാളസമാഗമേ=(ന. പു. സ. ഏ) ഒരു തിരക്കിനിടയിൽ ചെന്നപ്പോൾ. രാക്ഷസന്മാരുടെ കന്തം ഏറ്റ് എന്റെ പല്ലു പോയി. ഇതു ഞാൻ പറഞ്ഞു മനസ്സിലാക്കാതെതന്നെ ആലോചിച്ചാലറിയാമല്ലോ. മടിക്കൽ രാക്ഷസന്മാരുടെ ഇടയിൽ അകപ്പെട്ടപ്പോൾ മത്തൻ എന്റെ ദേഹം മടിച്ചുകളഞ്ഞതിനാൽ എനിക്കിപ്പോൾ നേരെ നടക്കാൻ വയ്യാതെ കൂനിക്കൂനി നടക്കേണ്ടതായി വന്നിരിക്കുന്നു: എന്നാണ് ഒരു മഹർഷിയുടെ ആവലാധി.

൫൦. "ദണ്ഡപാണിരിവാത്ര വന്നൊരു
രാക്ഷസൻ മടിയാതുടൻ
ദണ്ഡുകൊണ്ടു കമച്ചു നമ്മുടെ കണ്ണു
കൊണ്ടു പൊടിഞ്ഞുപോയ്
ചണ്ഡഭാനുകുലാവതംസ! മരിയ-
ണ്ണമിതിൽപ്പരം
ദണ്ഡതാഡനമെത്ര? ദൈവമേ!
രാമ രാമ ഹരേ ഹരേ."

വ്യാ— ദണ്ഡപാണി=(ഇ. പു. പ്ര. ഏ) കാലൻ. ഇവ=(അവ്യ) എന്നപോലെ. അത്ര=(അവ്യ) ഇവിടെ. ദണ്ഡ്=വടി. കമച്ച്=അടിച്ച്. ചണ്ഡഭാനുകുലാവതംസ!=(അ. പു. സം. ഏ) സൂര്യവംശത്തിന് അലങ്കാരമായിട്ടുള്ളവനേ! ദണ്ഡതാഡനം=വടികൊണ്ടുള്ള അടി. കണ്ണു പൊട്ടിയതു മാത്രമല്ല എനിക്കുള്ള കൂനും. വടികൊണ്ടുള്ള അടിയും ഞാൻ വളരെ അനുഭവിക്കേണ്ടി വന്നു. എന്നായിരുന്നു മറ്റൊരു മുനിയുടെ സങ്കടം.

൫൫. "ഈശ്വരനാകിയ രാവണൻ പുന-
ശ്ശക്രനുടെ മുടക്കിനാൻ
പാരു കേൾക്കിലതിപ്പോഴും മമ
മൃത്യുപാതമുടൻ വരും
സാക്ഷി ദൈവമൊഴിഞ്ഞു മറ്റൊരു
ഭൂതരില്ല നമുക്കു കേൾ
തീർക്ക നമ്മുടെ സങ്കടങ്ങളെ
രാമ രാമ ഹരേ ഹരേ."

വ്യാ- ഉഗ്രൻ [illegible] (ക്രി. [illegible]) എന്നിങ്ങ്. [illegible] സാക്ഷി = എല്ലാം സൂക്ഷ്മമായി അറിഞ്ഞവൻ. [illegible] [illegible] [illegible] ഉ[illegible] [illegible] വരുന്നതിലാണ് എന്ന [illegible].

൫൬. ഗർവ്വഹീനമിവണ്ണമഗ്നിസമാന-
മാമുനിവാക്കിനാൽ
ശർവ്വഹരലവിലോചനാമല-
ലോചനൻ രഘുനായകൻ
സർവ്വരാക്ഷസവീരവംശവധ-
പ്രതിജ്ഞയുമാണ്ടു ചെ-
ന്നുർവ്വരാജ്ഞതമേകിനാൻ ഹരി
രാമ രാമ ഹരേ ഹരേ.

വ്യാ- ഗർവ്വഹീനം = അഭിമാനംകൂടാതെ (ക്രി. വി). മാനി-നമാമുനിവാക്കിനാൽ = [illegible] (ഭൂതസ്സ്', [illegible]

നിഗ്രഹാനുഗ്രഹശക്തി മുതലായ ഗുണങ്ങളെക്കൊണ്ട് അതിശയ കൃത്യമുള്ള മഹർഷിമാരുടെ വാക്കുനിമിത്തം. ശപ്ത്വ.....ലോചനൻ= ശിവന്റെ നെറ്റിയിലുള്ള കണ്ണുപോലെയുള്ള കണ്ണുകളോടുകൂടിയവൻ. ഇതു രൗദ്രരസത്തിന്റെ അനുഭാവമായ 'ഉഗ്രത'യുടെ ചിഹ്നമാകുന്നു. സപ്ത്വ.....പ്രതിജ്ഞം= സകല രാക്ഷസവീരന്മാരെയും സംഹരിക്കാമെന്നുകൂടി ചെയ്തിട്ടുള്ള ശപഥം. ഇതു=(കാവ്യ) രംഗത്തിൽ. ഉദ്ധതാത്മക്കളിൽ യാചിക്കാത്തതായ ഒരു ഗുണം. "അദ്ഭുതം സ്യാദയാചിതം" എന്നു മനു. രാവണവധം യാചിതമാണെങ്കിലും സർവരാക്ഷസവീരവധം അയാചിതം തന്നെ.

൧൨. ശാർങ്ഗ ചാപമഗസ്ത്യമാമുനി-
വാക്കിനാലിഷുധിയുതം
വാളുമങ്ങരിരക്ഷയായ് നിജപക്കൽ
വാങ്ങി രഘൂത്തമൻ
മാർഗ്ഗണങ്ങളെടുത്തുടൻ മുനി-
മാർഗ്ഗണീയപദാംബുജൻ
മാർഗ്ഗമേനടകൊണ്ടു രാക്ഷസ-
നാശനായ ഹരേ ഹരേ.

വ്യാ. ശാർങ്ഗ്ഗചാപം=വൈഷ്ണവമായ വില്ല്. (ശൃംഗം=(കൊമ്പ്)കൊണ്ടുണ്ടാക്കിയത് എന്ന് അവയവാർത്ഥം) അഗസ്ത്യമാമുനിവാക്കിനാൽ=അഗസ്ത്യമഹർഷിയുടെ വാക്കിൻപ്രകാരം. ഇഷുധിയുതം=ആവനാഴിയോടുകൂടിയത്. (ശാർങ്ഗ്ഗചാപവിശേഷണം) അമ്പ് ഒഴിയാത്ത ആവനാഴിയാണെന്ന് രാമായണത്തിൽ പറയുന്നു. അരിരക്ഷ=ശത്രുക്കളിൽനിന്നുള്ള രക്ഷ. നിജപക്കൽ=തന്റെ കൈവശത്തിൽ. മാർഗ്ഗണങ്ങൾ=അമ്പുകൾ. മുനിമാർഗ്ഗണീയപദാംബുജൻ=മുനിമാരാൽ അന്വേഷിക്കപ്പെടുവാൻ യോഗ്യമായ പാദാംബുജങ്ങളോടുകൂടിയവൻ. മാർഗ്ഗമേ=വഴിയെ. രാക്ഷസനാശനായ=(സ. വി. ച. ഏ) രാക്ഷസന്മാരെ നശിപ്പിക്കാനായിക്കൊണ്ട്.

൫൭ തീൎത്ഥപൂതജലപ്രവാഹ മഹാ-
നദീനികടേ ചിരം
ചിത്രപഞ്ചവടീവനേ വരപൎണ്ണ-
സത്മനി മെത്തമേൽ
തീൎത്ഥമാടി മനഃപ്രസാദമൊടും
വതൎത്തി നിജപ്രിയയാം
പാൎത്തുവക്ത്രമണച്ചു പുൽകി
രമിച്ചു രാമ ഹരേ ഹരേ.

വ്യാ- തീൎത്ഥ.....നികടേ=(അ. ന. സ. ഏ) തീൎത്ഥപൂതം(പരിശുദ്ധം) ആയ ജലപ്രവാഹ(നീരൊഴുക്ക്)മുള്ള മഹാനദി(ഗോദാവരി)യുടെ നികടേ(സമീപത്തിൽ) ചിരം=വളരെക്കാലം. ചിത്രപഞ്ചവടീവനേ=(അ. ന. സ. ഏ) മനോഹരമായ പഞ്ചവടി എന്ന വനത്തിൽ. വരപൎണ്ണസത്മനി=(ന. ന. സ. ഏ) നല്ല പൎണ്ണശാലയിൽ. മനഃപ്രസാദം=മനസ്സിന്റെ തെളിവ്. [illegible]. നിജപ്രിയയാം=(ആ. സ്ത്രീ. ദ്വി. ഏ) തന്റെ ഭാൎയ്യയെ. പാൎത്ത്=കണ്ട്. വക്ത്രം=മുഖം. അണച്ചു=പുൽകി. രമിച്ചു=ഭാൎയ്യയോടുകൂടി സുഖമായി വസിച്ചു എന്ന താല്പൎയ്യം. രാമായണത്തിൽ വിസ്തരമായി വൎണ്ണിച്ചിട്ടുള്ള പഞ്ചവടീവാസത്തെ ഇവിടെ ചുരുക്കിയിരിക്കുന്നു.

൫൮. സീതയായൊരു കല്പവല്ലി പടൎന്ന
രാമസുരദ്രുമ-
ച്ഛായതന്നിൽ വസിച്ചു മാമുനി-
പക്ഷിമണ്ഡലമാദരാൽ
രാവണാൎക്കമഹാതപത്തിനൊരാത-
പത്രമൊരമവാ-
ങ്മാധുരീഫലമാസ്വദിച്ചു രമിച്ചു
രാമ ഹരേ ഹരേ.

വ്യാ— കല്പവല്ലി=യാചിക്കുന്നവർക്ക് അഭീഷ്ടം നൽകുന്നതായി ദേവലോകത്തു ചില വൃക്ഷങ്ങളും, വല്ലികളുമുണ്ടെന്നു പുരാണാദികളിൽ പ്രസിദ്ധമാകുന്നു. സീതയാകുന്ന കല്പവല്ലി എന്നു രൂപകം. രാമസ്വരൂപമഹാരാജാവാകുന്ന കല്പവൃക്ഷത്തിന്റെ തണൽ. മാമുനി പാദമണ്ഡലം=മഹർഷിമാരാകുന്ന പക്ഷികളുടെ കൂട്ടം. മുദമോടെ= പ്രീതിയോടുകൂടി. രാവണാർക്കമഹാതാപം=രാവണനാകുന്നസൂര്യന്റെ വലുതായ വെയിൽ. തട്ടാതുണ്ടാകുന്ന. ഉദാരവാണീമാധുരീപാകം= ഉൽകൃഷ്ടമായ വാക്കുകളുടെ മാധുര്യമാകുന്ന പഴം. ആസ്വദിക്കുക= അനുഭവിക്കുക. മഥിക്കുക=മഥിച്ചു രസിക്കുക. മത്സ്യാദ്യവതാരങ്ങളുടെ ദുഃഖമായ വെയിലേറ്റു ഏറിയ പാരിസരം അനുഭവിച്ചിരുന്ന പക്ഷികൾ, മാധുര്യമുള്ള പഴങ്ങൾ നിറഞ്ഞ്, കണ്ണാടിയമായ വല്ലി പടർന്നു തഴച്ചു നില്ക്കുന്ന ഒരു മഹാവൃക്ഷത്തിലെത്തിയാൽ അതിന്റെ തണലിലിരുന്നു മധുരഫലങ്ങളെ ആസ്വദിച്ചു മദിക്കുന്നതുപോലെ ദുഷ്ടനായ രാവണന്റെ ദുസ്സഹമായ ഉപദ്രവങ്ങളാൽ വലഞ്ഞ വഴി കാണാതെ വലഞ്ഞിരുന്ന മഹർഷിവൃന്ദം, രാമൻ പഞ്ചവടിയിലെത്തിയപ്പോൾ അവിടത്തെ ആശ്രയിച്ച് രാമന്റെ സന്താപനാശകങ്ങളായ മാധുര്യം ആസ്വദിച്ച്, ഇനി രാവണന്റെ ഉപദ്രവം നമുക്കേൽക്കയില്ലെന്നാശ്വസിച്ചു എന്നു താല്പര്യം. അലങ്കാരരൂപകം.

൧൬. രാമ രാമ ഹരേ ഹരേ രഘുനാഥ

നാഥ ദയാനിധേ

ജാനകീരമണാരവിന്ദവിലോചനാ!

ഹരി പാഹിമാം

രാമനീലഘനാഭിരാമ മനോ_

ഭിരാമ രമാപതേ

രാമചന്ദ്ര ജയിക്ക നീ ശിവരാമ

രാമ ഹരേ ഹരേ.

ദ്രുതവൃത്താന്തത്തിൽ പതിവുപോലെയുള്ള കവിയുടെ മംഗള പ്രാർത്ഥന. വരിച്ചവിഷ്ണു. ജാനകീരമണൻ=സീതാവല്ലഭൻ. ഗാദി ഖരാദി=(ക്രീ. ഖരാദ്യ്. പ. പ. മ. ഏ) പാലിക്കണം. പ്രാർത്ഥനയിൽ). മാം=(അസ്മദ്. ദ്വി. ഏ) എന്നെ. നീലഘനാഭിരാമൻ=കാർമേഘംപോലെ മനോഹരൻ. രമാപതി=ലക്ഷ്മീവല്ലഭൻ (വിഷ്ണു) 'മല്ലികാ' വൃത്തം. "രം [illegible] ഗുരു ലഘു മല്ലിക" എന്നു ലക്ഷണം.

ആറാംവൃത്തം കഴിഞ്ഞു.

ശ്രീരാമവർമ്മഗ്രന്ഥാവലി.

കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തീട്ടുള്ള പുസ്തകങ്ങൾ:—

	വില ക.	ണ.	പ.
1. ജപ്പാൻ (ജപ്പാൻരാജ്യത്തെ സകല വിവരങ്ങളും അടങ്ങിയതു്)	0	10	0
2. ചന്ദ്രഹാസൻ (ഒരു സരസനാടകം)	0	10	0
3. കിമ്മീരവധം ആട്ടക്കഥ (വ്യാഖ്യാനസഹിതം)	0	5	0
4. ഉത്തരാസ്വയംവരം ആട്ടക്കഥ ,,	0	4	6
5. ഭാഗവതം ഇരുപത്തുനാലുവൃത്തം (വ്യാഖ്യാനത്തോടും അവതാരികയോടും കൂടിയതു്)	0	12	0
6. ശൌരിചരിതം—ഭാഷാപ്രബന്ധം (സവ്യാഖ്യാനം)	0	8	0
7. ചാണക്യസൂത്രം കിളിപ്പാട്ടു് (വ്യാഖ്യാനത്തോടും പ്രസ്താവനയോടും കൂടിയതു്)	0	12	0
8. കാലകേയവധം തുള്ളൽ (വ്യാഖ്യാനവും പ്രസ്താവനയുമുള്ളതു്)	0	6	0
9. തോരണയുദ്ധം പാന, ഇയ്യിടെ കണ്ടുകിട്ടിയ ഒരു പഴയ സരസഗ്രന്ഥം (അവതാരികയോടും വ്യാഖ്യാനത്തോടും കൂടിയതു്)	0	10	0
10. രാമായണം ഇരുപത്തുനാലുവൃത്തം (സവിസ്തരമായ വ്യാഖ്യാനത്തോടും അവതാരികയോടും കൂടിയതു്)	0	8	